കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കോടോം ബേളൂർ ഗ്രാമ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2018-19

## ജില്ലാ ഓഡിറ്റ് കാര്യാലയം, കാസർഗോഡ്

**e-mail:** doksd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.എസ്.ഡി10/115/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
പിൻ -671123, ഫോൺ നം.04994256690
ഇ.മെയിൽ – doksd.ksad@kerala.gov.in
തീയതി. 05-02-2020.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം , കാസറഗോഡ്.

പ്രസിഡന്റ് ,(സെക്രട്ടറി മുഖേന)

കോടോം ബേളൂർ ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം : കോടോം ബേളൂർ ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോടോം ബേളൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.ഈ റിപ്പോർട്ടിലെ 1, ,3 എന്നീ ഭാഗങ്ങളിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു

റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് **ഓൺലൈനായി** അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക) .

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

<u>പകർപ്പ്:</u>

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഇ-മെയിൽ)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.
3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.കെ.എസ്.ഡി10 /115/2020. തിയ്യതി: 05.02.2020.

# കാസർഗോഡ് ജില്ലയിലെ കോടോം ബേളൂർ ഗ്രാമ പഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

*****

കാസർഗോഡ് ജില്ലയിലെ കോടോം ബേളൂർ ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 27-10-2018 മുതൽ 31-03-2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 03 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. ഉണ്ണി.പി.കെ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 23-12-2019മുതൽ 31-12-2019വരെ |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ**

| | |
|---|---|
| ശ്രീ.ഗോപാലകൃഷ്ണ നായിക്.പി | ഓഡിറ്റ് ഓഫീസർ |
| ശ്രീ.വിനോദ് കുമാർ.വി | അസി.ഓഡിറ്റ് ഓഫീസർ |
| ശ്രീ.തോമസ്.കെ | അസി.ഓഡിറ്റ് ഓഫീസർ |
| ശ്രീ.രഘുനാഥൻ.കെ | അസി.ഓഡിറ്റ് ഓഫീസർ |
| ശ്രീ.കുഞ്ഞികൃഷ്ണൻ.കെ.സി | സീനിയർ ഗ്രേഡ് ഓഡിറ്റർ |

**നിർവഹണാധികാരികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | സി കുഞ്ഞിക്കണ്ണൻ | 01/04/2018 മുതൽ - 31/03/2019 വരെ |
| സെക്രട്ടറി | ജോസ് അബ്രഹാം | 01/04/2018മുതൽ -09/04/2018 വരെ (In Charge) |
| | കെ ബാലകൃഷ്ണൻ | 10/04/2018 മുതൽ – 07/05/2018 വരെ (Addl. Charge) |
| | എം കെ രാധാകൃഷ്ണൻ | 08/05/2018 മുതൽ -31/03/2019 വരെ |

**നിർവഹണ ഉദ്യോഗസ്ഥർ (01-04-2018മുതൽ 31-03-2019 വരെ )**

| ക്രമ.നം | ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|---|
| 1 | അസിസ്റ്റന്റ് സെക്രട്ടറി | ജോസ് അബ്രഹാം | 01/04/2018മുതൽ – 27/10/2018 വരെ |
| | | ജൂജു ജോർജ്ജ് | 28/10/2018 മുതൽ – 31/03/2019 വരെ |
| 2 | അസിസ്റ്റന്റ് എഞ്ചിനിയർ | സുമിഷ കെ കെ | 01/04/2018 മുതൽ - 22/06/2018 F/Nവരെ |
| | | ശിവ പ്രസാദ് | 22/06/2018 A/N മുതൽ – 30/06/2018 F/N വരെ |
| | | സനൽ | 30/06/2018 A/Nമുതൽ – 31/03/2019 വരെ |
| 3 | കൃഷി ഓഫീസർ | [illegible] | [illegible] |

| | | | |
|---|---|---|---|
| | | K N ജ്യോതി കുമാരി | 01/04/2018 മുതൽ – 23/08/2018 വരെ |
| | | അനിൽ സെബാസ്റ്റ്യൻ (In Charge) | 24/08/2018മുതൽ - 05/10/2018 വരെ |
| | | വിനോദിനി.എ | 06/10/2018മുതൽ - 02/12/2018 വരെ |
| | | ഹരിത.കെ.വി | 03/12/2018മുതൽ - 31/03/2019 വരെ |
| 4 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | പ്രസന്ന കുമാരി.കെ.വി | 01/04/2018 മുതൽ – 31/03/2019 വരെ |
| 5 | വി.ഇ.ഒ (ബേളൂർ സർക്കിൾ) | ശ്രീനിവാസൻ.ജി | 01/04/2018 മുതൽ – 31/03/2019 വരെ |
| | വി.ഇ.ഒ (തായന്നൂർ സർക്കിൾ) | ഉമേശ് കുമാർ | 01/04/2018 മുതൽ– 08/02/2019 വരെ |
| | | ഇഖ്ബാൽ.സി.എച്ച് | 09/02/2019 മുതൽ– 31/03/2019 വരെ |
| 6 | പ്രധാനാധ്യാപകൻ | ഇ കെ രവീന്ദ്രൻ നായർ | 01/04/2018 മുതൽ– 31/03/2019 വരെ |
| 7 | വെറ്ററിനറി സർജ്ജൻ | ഡോ.ധന്യ ജോസഫ് | 01/04/2018 മുതൽ– 19/04/2018 F/Nവരെ |
| | | ഡോ. വിഷ്ണു വി | 19/04/2018 A/N മുതൽ– 31/03/2019 വരെ |
| 8 | മെഡിക്കൽ ഓഫീസർ അലോപ്പതി | ഡോ.ജോൺ ജോൺ കെ | 01/04/2018 മുതൽ– 31/03/2019 വരെ |
| 9 | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | ഡോ.ദിലീപ് | 01/04/2018 മുതൽ– 31/03/2019 വരെ |
| 10 | മെഡിക്കൽ ഓഫീസർ ഹോമിയോ | Dr.സെയിറ ജോൺ | 01/04/2018 മുതൽ– 31/03/2019 വരെ |
| 11 | ഡയറി ഫാം ഇൻസ്ട്രക്ടർ | ജോസ് ജയകുമാർ | 01/04/2018മുതൽ- 25/06/2018 വരെ |
| | | ഉഷ കെ | 26/06/2018മുതൽ - 31/03/2019 വരെ |

**ഉള്ളടക്കം**


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം I ഓഡിറ്റ് റിപ്പോർട്ട് | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷീക ധനകാര്യ പത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം ) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം | 1-7 |
| | | |

| | | |
|---|---|---|
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക ധനകാര്യപത്രിക പരിശോധന സാക്ഷ്യപത്രം പ്രകാരം പരിഹരിക്കുവാൻ അവശേഷിക്കുന്ന അപാകതകൾ | 1-11 |
| 12 | മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കേണ്ടതാണ്. | 1-12 |
| 13 | ഡി ആന്റ് ഒ ലൈസൻസ് ചട്ടങ്ങളിലെ ഭേദഗതി പ്രകാരം ഫീസ് ഈടാക്കേണ്ടതാണ്. | 1-13 |
| 14 | വസ്തു നികുതി - കുടിശ്ശിക. | 1-14 |
| 15 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 1-15 |
| 16 | സ്ട്രീറ്റ് ലൈറ്റ് ലൈൻ വലിക്കൽ, മീറ്റർ സ്ഥാപിക്കൽ - പദ്ധതി | 1-16 |
| 17 | ളുങ്ങൽ പട്ടികവർഗ്ഗ കോളനി റോഡ് അപകടാവസ്ഥയിലായ വൈദ്യുതി ളൂൺ മാറ്റി സ്ഥാപിക്കൽ | 1-17 |
| 18 | ഒടയംചാൽ ഗ്രാമപഞ്ചായത്ത് ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് സ്ഥലത്ത് കൂടി പോകുന്ന ഹൈടെൻഷൻ വൈദ്യുതി ലൈൻ  മാറ്റി സ്ഥാപിക്കൽ | 1-18 |
| 19 | ഗ്രാമ പഞ്ചായത്ത് അനുബന്ധ സ്ഥാപനങ്ങളുടെ വൈദ്യുതീകരണം, അനുബന്ധ പ്രവർത്തികൾ പദ്ധതി-പൂർത്തീകരിച്ചിട്ടില്ല. | 1-19 |
| 20 | ഗ്രാമപഞ്ചായത്ത് ഓഫീസ് കോംപൗണ്ട്, ഘടകസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ സി.സി.ടി.വി സ്ഥാപിക്കൽ | 1-20 |
| 21 | ഗ്രാമപഞ്ചായത്ത് ഓഫീസ് , ഘടകസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഇന്റർകോം സ്ഥാപിക്കൽ | 1-21 |
| 22 | ഗ്രാമപഞ്ചായത്തിലെ വിവിധ ഭാഗങ്ങളിൽ LED തെരുവ് വിളക്ക് സ്ഥാപിക്കൽ പദ്ധതി | 1-22 |
| 23 | സ്ഥലംമാറ്റ യാത്രാബത്ത അനുവദിച്ചത്- അപാകത | 1-23 |
| 24 | ആശ്രയ പദ്ധതി വിഹിതം നൽകൽ - പദ്ധതി | 1-24 |
| 25 | കാസറഗോഡ് ജില്ലാ ഭിന്നശേഷി സൗഹൃദസംയോജിത പദ്ധതി വിഹിതം നൽകൽ | 1-25 |
| 26 | കേരള സംസ്ഥാന സാമൂഹിക സുരക്ഷാ മിഷൻ - വിഹിതം പദ്ധതി | 1-26 |
| 27 | ഒടയഞ്ചാൽ ബസ് സ്റ്റാന്റ് കം ഷോപ്പിങ്ങ് കോംപ്ലക്സ്- അഡ്വാൻസ് നൽകി ഒരു വർഷം പിന്നിടുന്നു- പ്രവൃത്തി ആരംഭിക്കാനായിട്ടില്ല. | 1-27 |
| 28 | മരാമത്ത് പ്രവൃത്തികളുടെ നിർവഹണത്തിൽ വിവിധങ്ങളായ അപാകതകൾ | 1-28 |
| 29 | മരാമത്ത് പ്രവൃത്തികൾക്ക് അഡ്വാൻസ് തുക നൽകിയത്- പ്രവൃത്തികളുടെ നിർവഹണത്തിൽ കാലതാമസം | 1-29 |
| 30 | റോഡ് ടാറിംഗ് റീ ടാറിംഗ് പ്രവൃത്തികൾ- ബിറ്റുമിന്റെയും എമൽഷന്റെയും ഒറിജിനൽ ബിൽ ഇല്ലാതെ പേമെന്റ് നടത്തി | 1-30 |
| 31 | Fume red നിറത്തിലുള്ള സെറാമിക് ടൈലുകൾ സ്ഥാപിക്കുന്നതിന് അധികം നിരക്ക് അനുവദിച്ചു- നഷ്ടം | 1-31 |
| 32 | റോഡ് ടാറിംഗ് പ്രവൃത്തി- അധിക ഇനമായി ഉൾപ്പെടുത്തിയ പ്രവൃത്തിക്ക് അനുവദിച്ച നിരക്ക് അധികം- നഷ്ടം | 1-32 |
| 33 | തൊഴിലുറപ്പ് പദ്ധതി- സാധനസാമഗ്രികൾ വാങ്ങിയത്- കരാറുകാരിൽ നിന്നും ആദായ നികുതി ഈടാക്കിയിട്ടില്ല | 1-33 |
| 34 | ഹരിത ഭവനം പദ്ധതി -ഫീൽഡ് തലപരിശോധന റിപ്പോർട്ടുകൾ തയ്യാറാക്കിയിട്ടില്ല- മറ്റ് അപാകതകൾ. | 1-34 |
| 35 | വാഴ കൃഷി വികസനം -വഴക്കന്ന് വിതരണ രേഖകൾ അപൂർണ്ണം | 1-35 |
| 36 | തൊഴിൽ സേനയ്ക്ക് കാർഷിക യന്ത്രങ്ങൾ - കരാറുടമ്പടി ഹാജരാക്കിയില്ല. | 1-36 |
| 37 | നെൽകൃഷി/പച്ചക്കറി കൃഷി അപേക്ഷകളോടൊപ്പം പരിശോധന റിപ്പോർട്ട് സൂക്ഷിക്കുന്നില്ല. | 1-37 |
| 38 | എലി നശീകരണ യജ്ഞം | 1-38 |

| | | |
|---|---|---|
| 39 | നിർവ്വഹണ ഉദ്യോഗസ്ഥർ ക്യാഷ് ബുക്ക് സൂക്ഷിക്കുന്നതിൽ അപാകതകൾ. | 1-39 |
| 40 | ഗണിത ലാബ് -ചെലവ് രേഖകൾ ഹാജരാക്കിയില്ല | 1-40 |
| 41 | എസ്.എസ്.എ വിഹിതം നൽകൽ | 1-41 |
| 42 | പ്രത്യേക ഉദ്ദേശ ബാങ്ക് അക്കൗണ്ടുകൾ ക്ലോസ്ചെയ്ത് തുക തനത് ഫണ്ടിൽ നിക്ഷേപിച്ചു. | 1-42 |
| | ഭാഗം II<br>വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| | ഇല്ല. | --- |
| | ഭാഗം III<br>ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 43 | Fume red നിറത്തിലുള്ള സെറാമിക് ടൈലുകൾ സ്ഥാപിക്കുന്നതിന് അധികം നിരക്ക് അനുവദിച്ചു- നഷ്ടം | 3-1 |
| 44 | റോഡ് ടാറിംഗ് പ്രവൃത്തി- അധിക ഇനമായി ഉൾപ്പെടുത്തിയ പ്രവൃത്തിക്ക് അനുവദിച്ച നിരക്ക് അധികം- നഷ്ടം | 3-2 |
| | ഭാഗം IV ഓഡിറ്റ് പ്രത്യവലോകനം | |
| 45 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം | 4-1 |
| 46 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 47 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 48 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത് | 4-4 |
| 49 | വായ്പ / വായ്പാതിരിച്ചടവ്. | 4-5 |
| 50 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 51 | ഓഡിറ്റ് റിക്കവറി | 4-7 |
| 52 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 53 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 54 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 55 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |

**അനുബന്ധപത്രികകൾ**

1) ഓഡിറ്റ് സർട്ടിഫിക്കറ്റ്

2) ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്,

3) റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്,

4) ബാലൻസ് ഷീറ്റ്.

# ഭാഗം -1

# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ് പാസ്സാക്കിയതിന്റെ വിവരം

2018-19 വർഷത്തെ ബജറ്റ് , പുതുക്കിയ ബജറ്റ് എന്നിവ അംഗീകരിച്ചതിന്റെ വിവരം -

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| ഭരണ സമിതി തീരുമാനം , തിയതി | 27/03/2018-1(1) | 14/02/2019-1(1) |
| മുന്നിരിപ്പ് | 44570266 | 50380261 |
| വരവ് | 283139574 | 360815192 |
| ആകെ | 327709840 | 411195453 |
| ചെലവ് | 326312956 | 327200437 |
| നീക്കിയിരിപ്പ് | 1396884 | 83995016 |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2019 | 17.05.2019 | ഇല്ല | ഇല്ല |

## 1-3 സാമ്പത്തിക വിശകലനം

(വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ)

| വർഷം | 2018-19 |
|---|---|
| മുന്നിരിപ്പ് | 17769523 |
| വരവ് | 173566233 |
| ആകെ | 191335756 |
| ചെലവ് | 152753093 |
| നീക്കിയിരിപ്പ് | 38582663 |

## 1-4 ഫണ്ട് വിനിയോഗം

ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം) (2018-19)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ചെലവ് % |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 28737000 | 28737000 | 28676361 | 60639 | 99.8 |
| വികസനഫണ്ട് എസ്.സി.പി. | 0 | 487000 | 487000 | 483178 | 3822 | 99.2 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 14393000 | 14393000 | 8914500 | 5478500 | 61.9 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 27586000 | 27586000 | 24453984 | 3132016 | 88.6 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 5752000 | 5752000 | 5443956 | 308044 | 94.6 |
| ധനകാര്യ | 0 | 15858492 | 15858492 | 12153900 | 3704592 | 76.6 |

| | | | | | | |
|---|---|---|---|---|---|---|
| കമ്മീഷൻ ഗ്രാന്റ് | | | | | | |
| ആകെ | | 92813492 | 92813492 | 80125879 | 12687613 | 86.32 |

(* വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യക്കമ്മീഷൻ ഗ്രാന്റ്, എന്നീയിനങ്ങളിലെ നീക്കിയിരിപ്പ് തുകകൾ സഞ്ചിത നിധിയിൽ ലയിപ്പിക്കപ്പെട്ടതിനാൽ ഈയിനങ്ങളിൽ നീക്കിയിരിപ്പില്ല. മേൽ പട്ടികയിൽ നീക്കിയിരിപ്പായി കാണിച്ചിരിക്കുന്ന തുക സഞ്ചിത നിധിയിൽ ലയിപ്പിക്കപ്പെട്ടതാണ്. )

**ഫണ്ട് വിനിയോഗം രസീപ്റ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം**

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 28676361 | 28676361 | 28676361 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 483178 | 483178 | 483178 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 8914500 | 8914500 | 8914500 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 24453984 | 24453984 | 24453984 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 5443956 | 5443956 | 5443956 | 0 |
| -ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 12153900 | 12153900 | 12153900 | 0 |
| **ബി ഫണ്ട്** | | | | | |
| തൊഴിൽ രഹിത വേതനം | 0 | 32640 | 32640 | 32640 | 0 |
| വിവാഹധനസഹായം | 0 | 120000 | 120000 | 120000 | 0 |
| തൊഴിലുറപ്പ് - 100 ദിന ഇൻസെന്റീവ് | 0 | 325000 | 325000 | 325000 | 0 |
| TSB സംയുക്ത പദ്ധതി | (-)535740 | 8863792 | 8328052 | 6288603 | 2039449 |
| ട്രഷറി TSB ജനറൽ പർപ്പസ് | 5535597 | 48855740 | 54391337 | 37026135 | 17365202 |
| കേന്ദ്രാവിഷ്കൃത പദ്ധതി (MGNREGA) | 147382 | 1086456 | 1233838 | 1023447 | 210391 |
| തനത് ഫണ്ട് (വിവിധ അക്കൗണ്ടുകൾ) | 11772934 | 16859804 | 28632738 | 10128055 | 18504683 |
| എസ്.ബി.ഐ (ലൈഫ് പദ്ധതി) | | 17276318 | 17276318 | 17234803 | 41515 |
| മറ്റുള്ളവ (വിവിധ അക്കൗണ്ടുകൾ) | 849350 | 20604 | 869954 | 448531 | 421423 |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം .

| അംഗീകാരം ലഭിച്ചത്(എണ്ണം) | നടപ്പാക്കിയത് | ഭാഗീകമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 381 | 238 | - | 143 | 62.46 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 147382 | 1086456 | 1233838 | 1023447 | 210391 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 70328118 | 70328118 | 70328118 | 0 |
| 100 ദിനം ഇൻസെന്റീവ് | | 325000 | 325000 | 325000 | |
| ആകെ | 147382 | 71739574 | 71886956 | 71676565 | 210391 |

മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2018-19 വർഷം 1551 പദ്ധതികളുൾപ്പെടുന്ന ആക്ഷൻ പ്ലാൻ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. തൻ വർഷം 713 പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. പദ്ധതി ചെലവിൽ മികച്ച പ്രകടനം കാഴ്ചവെക്കുവാൻ ഗ്രാമ പഞ്ചായത്ത് തൊഴിലുറപ്പ് പദ്ധതി വിഭാഗത്തിന് കഴിഞ്ഞിട്ടുണ്ട്. തൻ വർഷം വിവിധ പദ്ധതികളിലായി ആകെ 219448 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. നൂറുദിനം തൊഴിൽ ദിനം ലഭിച്ച 1162 കുടുബങ്ങളുണ്ട്. 2017-18 വർഷം 100 ദിനം തൊഴിൽ എടുത്തവർക്കുള്ള ഇൻസെന്റീവ് ഇനത്തിൽ തൻവർഷം 3.25 ലക്ഷം രൂപ വിതരണം ചെയ്തിട്ടുണ്ട്.

## 1-7 ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം

തൻവർഷം ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമ പദ്ധതികകൾക്കായി വിനിയോഗിക്കപ്പെട്ട തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 32640 | 34 |
| കർഷകതൊഴിലാളി പെൻഷൻ | 5870500 | 497 |
| വിധവാപെൻഷൻ | 18624000 | 1581 |
| വാർദ്ധക്യകാലപെൻഷൻ | 30654100 | 2493 |
| വികലാംഗപെൻഷൻ | 6627800 | 540 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 913200 | 73 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 1,20,000 | 4 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23-12-2019 തീയതിയിൽ 3.00 PM ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാനിധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 7,677 /- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

__പൊതുനിയന്ത്രണം__

1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 180ാം വകുപ്പ് പ്രകാരം ഒരു ഗ്രാമ പഞ്ചായത്തിലെ മുഴുവൻ ജീവനക്കാരും (റഗുലർ ജീവനക്കാർ) സർക്കാർ ജീവനക്കാർ എന്നനിലയിൽ സർക്കാർ പുറപ്പെടുവിക്കുന്ന നിയമനിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുന്നതോടൊപ്പം തന്നെ തെരഞ്ഞെടുക്കപ്പെട്ട പ്രാദേശിക സർക്കാരിന്റെ നിയന്ത്രണത്തിലുള്ള ജീവനക്കാർ എന്ന നിലയിൽ ഗ്രാമ പഞ്ചായത്ത് ഏൽപ്പിക്കുന്ന നിയമാനുസൃത ഉത്തരവുകൾ നിർവഹിക്കേണ്ടതുമാണ്.ഇത് സംബന്ധിച്ച് ത.സ്വ.ഭ .വ സെക്രട്ടറിയുടെ

3.11.2006 ലെ 45778/പി എ 3/2006 സർക്കാർ കത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഡയറക്ടർ 18/1/2007 ലെ H1/13880/2006 പുറപ്പെടുവിച്ച പ്രത്യേക കത്ത് പ്രകാരം ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണം ശക്തിപ്പെടുത്തേണ്ടുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇവ കൃത്യമായി പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 08.01.2018 ലെ ഉത്തരവ് നം എ2/1/2018/sc2പ്രകാരം ജീവനക്കാരുടെ ജോലി വിഭജനം നടത്തിയിട്ടുണ്ട്. ഓഫീസ് ഉത്തരവിൽ പിന്നീട് പുതിയ ചുമതലകൾ വരുന്നതിന്റെയടിസ്ഥാനത്തിൽ നിരവധി ഉപ ഉത്തരവുകൾ പ്രകാരം കൂട്ടിചേർക്കലുകളുണ്ടായിട്ടുണ്ട്. വരവ് ചെലവുകളെ നിരീക്ഷിക്കുന്നതിനും വിലയിരുത്തുന്നതിനും ക്രമീകരിക്കുന്നതിനുമായി സ്ഥാപനത്തിൽ ബഡ്ജററ് പാസ്സാക്കിയിട്ടുണ്ട്. അപാകതകൾ ഉണ്ടെങ്കിലും പഞ്ചായത്തിന്റെ ധനപരമായ രേഖകളും വരവ് ചെലവ് പത്രികകളും പഞ്ചായത്തിന്റെ ധനപരമായ പ്രവർത്തനങ്ങളെ വിശദീകരിക്കുവാൻ പര്യാപ്തമാണ്.പ്രധാന തസ്തികകളിൽ ജീവനക്കാർ തുടർച്ചയായി സ്ഥലം മാറിപ്പോകുന്ന സ്ഥിതി വിശേഷം പദ്ധതി നടത്തിപ്പിന്റെ തുടർച്ചയെ ബാധിച്ചിട്ടുണ്ട്.

**<u>അക്കൗണ്ടിങ്ങ് സമ്പ്രദായം</u>**

അക്കൗണ്ടിങ്ങ് സമ്പ്രദായം അനുശാസിക്കുന്ന തരത്തിലുള്ള രേഖകളും രജിസ്റ്ററുകളും സ്ഥാപനത്തിൽ സൂക്ഷിക്കുന്നുണ്ട് . നവീകരിച്ച അക്കൌണ്ടിങ്ങ് മാന്വൽ പ്രകാരമുള്ള മാറ്റങ്ങൾ സ്ഥാപനം ഉൾക്കൊള്ളുകയും ആയത് അനുസരിച്ചുള്ള കാലികമായ മാറ്റങ്ങൾ സ്ഥാപനത്തിൽ നടപ്പിൽവരുത്തുകയും ചെയ്തുവരുന്നുണ്ട്. സ്ഥാപനത്തിൽ കൃത്യമായും സമയബന്ധിതമായും സ്ഥാപനത്തിന്റെ അക്കൌണ്ടിങ്ങ് ഇടപാടുകൾ രേഖപ്പെടുത്തി വരികയും, അതുവഴി സ്ഥാപനത്തിന്റെ ഏതു സമയത്തുമുള്ള സാമ്പത്തിക നില പ്രതിഫലിക്കപ്പെടുകയും ചെയ്യുന്നുണ്ട്. ജനറൽ ലെഡ്ജറും സബ്സിഡിയറി ലെഡ്ജറും ഉൾക്കൊള്ളുന്ന ഡബിൾ എൻട്രി സിസ്ററമാണ് സ്ഥാപനത്തിൽ നിലവിലുള്ളത്. മാസാന്ത്യങ്ങളിൽ റീകൺസിലിയേഷൻ നടത്തിവരാറുണ്ട്. റസീറ്റ് ബുക്കുകൾക്കും ഫോറങ്ങൾക്കും സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്.

**<u>പണത്തിനും കൈകാര്യം ചെയ്യുന്നതിലെ നിയന്ത്രണം</u>**

വിവിധ വരവുകൾ യഥായമയം തന്നെ ബാങ്കുകളിൽ വരവു വെക്കുന്നുണ്ട്. പഞ്ചായത്തിൽ ലഭിക്കുന്ന ചെക്കുകളും ഡി.ഡികളും ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തുകയും കാലതാമസം കൂടാതെ ബാങ്കുകളിൽ നിക്ഷേപിക്കുകയും ചെയ്യുന്നുണ്ട്.സുരക്ഷിതമായ തരത്തിൽ ഫ്രണ്ട്ഓഫീസ് സംവിധാനത്തിലൂടെയാണ് പഞ്ചായത്തിൽ പണം സ്വികരിച്ചു വരുന്നത്. ക്ലാർക്കുമാർ സ്വികരിക്കുന്ന പിരിവു തുക അതാതു ദിവസമോ അല്ലെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസമോ പഞ്ചായത്ത് ഫണ്ടിൽ അടവാക്കി വരുന്നുണ്ട്.പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്ന പണത്തിന് നിലവിൽ ഇൻഷുറൻസ് കവറേജ് ഏർപ്പെടുത്തിയിട്ടില്ല.

**<u>നികുതി -നികുതിയേതര വരവുകളിൽ മേലുള്ള നിയന്ത്രണം</u>**

നികുതികൾ ഡിമാന്റ് ചെയ്യാനുള്ള നടപടികൾ സ്വികരിച്ചിട്ടുണ്ട്. കുടിശ്ശിക നികുതികൾ തൊട്ടടുത്ത വർഷത്തേക്ക് ക്യാരി ഓവർ ചെയ്യുന്നുണ്ട്.നികുതി കുടിശ്ശിക വരുത്തുന്ന നികുതി ദായകരുടെ പേര് വിവരങ്ങൾ നിലവിൽ പത്രമാധ്യമങ്ങളിൽ പ്രസിദ്ധീകരിക്കുന്നില്ല.

**<u>രജിസ്റ്ററുകളുടെ സൂക്ഷിപ്പ്</u>**

ഗ്രാമപഞ്ചായത്തിൽ ഇൻകുബൻസി രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയത് പൂർണ്ണമല്ല. അതുപോലെ ജീവനക്കാരുടെ പേർസണൽ രജിസ്റ്റർ എം.ഒ.പിയിലെ മാർഗ്ഗ നിർദ്ദേശമനുസരിച്ച് പരിപാലിച്ച് വരുന്നില്ല.

**<u>ആസ്തികളിൻമേലുള്ള നിയന്ത്രണം</u>**

സ്ഥിരം ആസ്തികളുടെ മൂല്യത്തിന്റെ ആധികാരികത പരിശോധിക്കാനായി അസ്സറ്റ് രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി അവയുടെ മൂല്യനിർണ്ണയം നടത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനംഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 14/08/2019 | മെയ്, ജൂൺ 2019 | 14/08/2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 15/11/206 | 2011-12 മുതൽ 2015-16 വരെ | 23/01/2017 |

## 1-11 വാർഷിക ധനകാര്യപത്രിക സാക്ഷ്യപത്രം പ്രകാരം പരിഹരിക്കുവാൻ അവശേഷിക്കുന്ന അപാകതകൾ

1) ബാങ്ക് റീകൺസിലിയേഷൻ - ക്രമീകരിക്കേണ്ടതാണ്.

എ) പ്രതിമാസ റീകൺസിലിയേഷൻ നടത്തിയിട്ടില്ല.

ബി) IOB (Indian Overseas Bank) – Ownfund ലെ വർഷാന്ത്യ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് ക്രമീകരിക്കേണ്ടതാണ്.

(i) Cheque deposited but not collected ഇനത്തിൽ ചലാൻ നം.766260/14.03.19 എന്നതിൽ 32,640/- രൂപ എന്ന് ചേർത്തിരിക്കുന്നു. എന്നാൽ ചലാൻ നം.766260 എന്നത് 15.03.19 ന് ഇഷ്യൂ ചെയ്തതാണ്. ഇതിലെ തുക 12,000/- രൂപ 19.03.19 ന് അക്കൗണ്ടിൽ നിന്നും പിൻവലിച്ചിട്ടുള്ളതുമാണ്. എന്നാൽ ചലാൻ നം.766261/15.03.19 ലെ തുക 32,640/- രൂപയാണ്. ഇത് Un-employment Allowance ഇനത്തിൽ തിരിച്ചടക്കുന്നതിനായി പിൻവലിച്ച തുകയാണ്. ഈ തുക ചലാൻ നം. KL 013156190201819 M/19.03.19 പ്രകാരം തിരിച്ചടച്ചതാണ്.

(ii) Syndicate Bank – e-payment അക്കൗണ്ടിലെ വരവ് തുകകളായ 1,732/- രൂപ, 1,732/- രൂപ (31.03.19 ലെ വൗച്ചർ നം. 118050900151, 31800327 എന്ന് റീകൺസിലിയേഷൻ പത്രികയിൽ ചേർത്തിട്ടുള്ളവ IOB യിലെ അക്കൗണ്ടിൽ ചേർത്തിരിക്കുന്നു.

(സി) (i) Syndicate bank e-payment അക്കൗണടിലെ interest, IOB അക്കൗണ്ടിൽ തെറ്റായി ക്രഡിറ്റ് ചെയ്തിരിക്കുന്നു.

(സി) (ii) 30.03.19 ലെ വൗച്ചർ നം.11905110002, 119051100003 എന്നീ വൗച്ചർ നമ്പറുകൾ പ്രകാരം 719/- രൂപ വീതം രണ്ടു പ്രാവശ്യം ക്രഡിറ്റ് ചെയ്തിരിക്കുന്നു. എന്നാൽ യഥാർത്ഥത്തിൽ ഒരു പ്രാവശ്യം മാത്രമേ വരവുള്ളൂ.

(ഡി) TSB (Ownfund) അക്കൗണ്ടിലെ ചലാൻ നം.7872048/16.08.18 പ്രകാരമുള്ള 3,951/-രൂപState Cheques-ൽ ഉൾപ്പെടുത്തി തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

2) ഏതാനും ബാങ്ക് അക്കൗണ്ടുകൾ [ SBI (50083), DCB-EMS (38), SCB (3985), SCB (2654) ] ക്ലോസ് ചെയ്തുവെങ്കിലും, ആയവയുടെ പാസ്ബുക്കുകൾ പരിശോധനയ്ക്ക് നൽകുകയുണ്ടായില്ല.

3) വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം എന്ന ഹെഡിൽ 1,50,000 രൂപ ചെലവുണ്ടെങ്കിലും AFS പ്രകാരം 1,20,000/- രൂപയാണ്.

4) തൊഴിൽ നികുതി രജിസ്റ്റർ പ്രകാരമുള്ള വരവും AFS പ്രകാരമുള്ള വരവും പൊരുത്തപ്പെടുന്നില്ല.

| | |
|---|---|
| ട്രേഡേഴ്സ് രജിസ്റ്റർ പ്രകാരം 3,48,740 | AFS പ്രകാരം 3,25,470 |
| എംപ്ലോയീസ് രജിസ്റ്റർ പ്രകാരം 10,89,800 | I-2 ഷെഡ്യൂൾ പ്രകാരം 1189130<br>RP-1ഷെഡ്യൂൾ പ്രകാരം 11,42,880 |

5) Secured Loan (Schedule B-5) എന്ന ഹെഡിലെ തുകയിൽ (1,72,76,318/-) Pr-paid ex[enses (Schedule B-16) ലെ തുകയും (1,72,34,517/-) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

6) ബാലൻസ് ഷീറ്റിലെ ബി.4 ഷെഡ്യൂളിലെ വിവിധ ഹെഡുകളിൽ ചേർത്തിരിക്കുന്ന തുകകൾ യഥാർത്ഥ ബാധ്യത തന്നെയാണോ എന്ന കാര്യം പരിശോധിച്ച് ക്രമീകരിക്കേണ്ടതാണ്.

7) കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ ക്രമീകരിച്ചിട്ടില്ല.

8) വസ്തു നികുതിയുടെ മുന്നിരിപ്പ്, പിരിവ്, നീക്കിയിരിപ്പ് എന്നിവയുടെ കണക്കുകൾ സംഖ്യയിലും സഞ്ചയയിലും പൊരുത്തപ്പെടുന്നില്ല. കൂടാതെ 2018-19 ൽ നടത്തിയ ബുക്ക് അഡ്ജസ്റ്റ്മെന്റുകളുടെ ആധികാരികത തെളിയിക്കുന്ന രേഖകളോ ബന്ധപ്പെട്ട അനുമതികളോ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

9) ആസ്തി രജിസ്റ്ററുകൾ കാലികമായിട്ടില്ല.

10) സ്റ്റോക്ക് & സ്റ്റോർസിന്റെ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

11) ബി-18 ഷെഡ്യൂളിലെ 460 509 901 എന്ന ഹെഡിൽ NREGA യ്ക്ക് നൽകിയ അഡ്വാൻസ് ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയതിന്റെ കൃത്യത പരിശോധിക്കാനാവശ്യമായ രേഖകൾ ഹാജരാക്കിയില്ല.

12) ബി-9 ഷെഡ്യൂളിലെ 350 400 501 (Refunds payable – Grants and Funds), 350 800 101 (Liability in respect of state cheques) എന്നീ ഹെഡുകളിലെ തുകകളുടെ കൃത്യത പരിശോധിച്ച് ക്രമീകരിക്കേണ്ടതാണ്.

13) 2017-18 വർഷത്തെ അക്കൗണ്ട്സ് സർട്ടിഫിക്കേഷനിൽ സൂചിപ്പിച്ച എല്ലാ അപാകതകളും ക്രമീകരിച്ചിട്ടില്ല.

14) ബി-18 ലെ 460 500 101, 460 500 399 എന്നീ ഹെഡുകളിൽ മുൻവർഷത്തെ തുക തന്നെ Carry over ചെയ്തിരിക്കുകയാണ്.

# 1-12 മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കേണ്ടതാണ്.

ഓരോയിനം കെട്ടിടത്തിനും അതിന്റെ ഉപവിഭാഗങ്ങൾക്കും ഒരു ചതുരശ്രമീറ്റർ തറ വിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ എസ്.ആർ.ഓ.നമ്പർ 36/2011 പ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ളതാണ്. ഈ നിരക്കുകൾ 2011ഏപ്രിൽ 1 മുതൽ പ്രാബല്യത്തിൽ വന്നതാണ്. കോട്ടോംബേളൂർ ഗ്രാമപഞ്ചായത്തിന്റെ 06-12-2011ലെ തീരുമാനം നമ്പർ 91/11 പ്രകാരം മൊബൈൽ ടവറുകളുടെ വസ്തുനികുതി, ചതുരശ്രമീറ്ററിന് 500/-രൂപയായി നിർണ്ണയിക്കുകയും, 2013-2014 സാമ്പത്തികവർഷം മുതൽ പുതുക്കിയ നിരക്കിൽ നികുതി ഈടാക്കുന്നതിന് തീരുമാനിക്കുകയുമുണ്ടായി. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ച് വരുന്ന 5-ഓളം മൊബൈൽ ടവറുകളിൽ നിന്നും 2018-19 വരെയുള്ള വർഷങ്ങളിൽ വസ്തുനികുതി പിരിച്ചെടുത്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഓപ്പറേറ്റർ/ ഉടമ/നിർമ്മാതാവ്/ ലൈസൻസി | കെട്ടിട നമ്പർ | വിസ്തീർണ്ണം ( $m^2$) | വസ്തുനികുതി കുടിശ്ശികയുള്ള വർഷങ്ങൾ |
|---|---|---|---|---|
| 1 | ഡിഷ്നെറ്റ് വയർലെസ്സിലി<br>ആർ.ആർ.ആർക്കോഡ്, വൈറ്റില പി.ഒ | V/350-c | 41.94m2 | 2013-14<br>2014-15<br>2015-16<br>2016-17<br>2017-18 |

| | | | | |
|---|---|---|---|---|
| | | | | 2018-19 |
| 2 | റിലയൻസ് ഇൻഫ്രാടെൽ ലിമിറ്റഡ്, എ ആന്റ് പി ആർക്കെഡ് എസ്.എ റോയ് കൊയ്യിൽ | XII/433-A | 25m2 | 2018-19 |
| 3 | ജനറൽ മാനേജർ ടെലിക്കോം BSNL | XIII/217-B | 20m2 | 2017-18<br>2018-19 |
| 4 | ഭാരതി ഇൻഫ്രാ ടെക് ലിമിറ്റഡ്<br>NH ബൈപാസ് റോഡ് | XIII/549-A | 20m2 | 2013-14<br>2014-15<br>2015-16<br>2016-17<br>2017-18<br>2018-19 |
| 5 | എസർ ടെല്ലോറം ഇൻസ്ട്രക്ച്ചർ | IV/606-A | 35m2 | 2013-14<br>2014-15<br>2015-16<br>2016-17<br>2017-18<br>2018-19 |

മേൽ കാണിച്ച മൊബൈൽ ടവറുകളുടെ വസ്തുനികുതി പിരിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ആയതിന്റെ വിശദവിവരങ്ങൾ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രഥമ മറുപടിയോടൊപ്പം ഹാജരാക്കേണ്ടതുമാണ്. (28-12-2019 ന് നൽകിയ ഓഡിറ്റ് എൻക്വയറി നം.02)

# 1-13 ഡി ആന്റ് ഒ ലൈസൻസ് ചട്ടങ്ങളിലെ ഭേദഗതി പ്രകാരം ഫീസ് ഈടാക്കേണ്ടതാണ്.

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ. (പി). നം.80/2017/ത.സ്വ.ഭ.വ, എസ്.ആർ.ഒ. നം.674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം, കേരള പഞ്ചായത്ത് രാജ് ആക്ടിലെ 232, 233, 234 വകുപ്പുകളും 254 വകുപ്പ് കൂട്ടി വായിച്ചും, 1996 ലെ ഡി&ഒ ചട്ടങ്ങൾക്ക് ഭേദഗതി പുറപ്പെടുവിച്ചിട്ടുള്ളതിനാൽ Kerala Panchayath Raj(Issue of License to factories, Traders, Enterpreneurship activities and other services) Rules,1996 എന്ന് ചട്ടത്തെ പുനർനാമകരണം ചെയ്തിട്ടുണ്ട്. ആയതു പ്രകാരം നിലവിൽ ചട്ടം 10 ലെ പട്ടിക 2 ലെ വിവിധ വ്യാപാര സ്ഥാപനങ്ങളിൽ നിന്നും വിറ്റു വരവിന്റെ അടിസ്ഥാനത്തിൽ ഈടാക്കി പോരുന്ന ഫീസിനു പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ വിവിധ തട്ടുകളാക്കി തരം തിരിച്ച് ഫീസ് ഈടാക്കേണ്ടതാണ്. ഇത്തരത്തിൽ സെക്രട്ടറി തയ്യാറാക്കി നൽകിയ പുതിയ ഫീസ് നിരക്ക് പരിഗണിച്ച് ചർച്ച ചെയ്ത് ഭരണസമിതി അംഗീകാരം നൽകേണ്ടതാണ്. ഇത്തരത്തിൽ അംഗീകാരം ലഭിച്ച നിരക്കുകൾ അനുസരിച്ചായിരിക്കണം 2018-19 വർഷത്തെ ലൈസൻസ് അപേക്ഷകളിൽ സെക്രട്ടറി ഫീസ് ഈടാക്കേണ്ടത്. എന്നാൽ ഇത്തരത്തിൽ സെക്രട്ടറി തയ്യാറാക്കി നൽകിയ പുതിയ ഫീസ് നിരക്ക് 27-03-2018 തീയ്യതിയിലെ 14/1-ാംനമ്പർ തീരുമാന

പ്രകാരം ഭരണസമിതി അംഗീകാരം നൽകുകയുണ്ടായി. എന്നാൽ ഡി ആന്റ് ഒ ലൈസൻസ് ചട്ടങ്ങളിലെ ഭേദഗതി പ്രകാരം ഫീസ് മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും ഈടാക്കിയിട്ടില്ല. ആയതിനാൽ തുടർന്നുള്ള സാമ്പത്തിക വർഷങ്ങളിൽ ഡി ആന്റ് ഒ ലൈസൻസ് ചട്ടങ്ങളിലെ ഭേദഗതി പ്രകാരമുള്ള ലൈസൻസ് ഫീസ് ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-14 വസ്തു നികുതി - കുടിശ്ശിക.

31.03.2019 ലെ ബാലൻസ് ഷീറ്റ് പ്രകാരം വസ്തു നികുതി തൻ വർഷ പിരിവിൽ 7,10,443/- രൂപ ബാക്കിയുണ്ട്. കൂടാതെ കുടിശ്ശികയിൽ 10,00,550/- രൂപയും പിരിച്ചടുക്കാൻ ബാക്കിയുണ്ട്. 2018-19 വർഷത്തെ വസ്തുനികുതി വരുമാനം 41,37,700/- രൂപയാണെങ്കിലും 32,75,809/-രൂപ മാത്രമാണ് പിരിവ്. (പിരിവ് ശതമാനം-79.16%). വസ്തു നികുതി പരിഷ്കരണം പഞ്ചായത്തിൽ പൂർത്തിയായിട്ടുണ്ട്. സഹായക സോഫ്റ്റ് വെയറുകളായ സാംഖ്യ, സഞ്ചയ എന്നിവ ഇന്റഗ്രേറ്റ് ചെയ്ത് സുസജ്ജമായി പ്രവർത്തിക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ വസ്തു നികുതിയിനത്തിലെ കുടിശ്ശിക അടിയന്തിരമായി പിരിച്ചെടുക്കാനുള്ള ഊർജിത നടപടികൾ സ്വീകരിക്കേണ്ടതും ആയതിന്റെ വിശദവിവരങ്ങൾ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രഥമ മറുപടിയോടൊപ്പം ഹാജരാക്കേണ്ടതുമാണ്.

## 1-15 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ് പ്രകാരം ജീവനക്കാരും /തൊഴിലാളികളും തൊഴിൽ സ്ഥാപനവും തങ്ങളുടെ തൊഴിൽ നികുതി ഒടുക്കേണ്ടതുണ്ട്. തൊഴിൽ സ്ഥാപനങ്ങൾ അർദ്ധവാർഷിക ടേൺഓവറിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിച്ച് നികുതി ഒടുക്കണം. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം 2018-19 വർഷത്തിൽ താഴെക്കൊടുത്തിരിക്കുന്ന ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ടേൺഓവറിന്റെ അടിസ്ഥാനത്തിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് വിശദവിവരം ചുവടെകൊടുക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | സ്ഥാപന തൊഴിൽ നികുതി അടവാക്കേണ്ട കാലയളവ് |
|---|---|---|
| 1 | വിട്ടിൽ ആഗ്രോ ഇൻഡസ്ട്രീസ് തട്ടുമ്മൽ | 2018-19ഒന്നും,രണ്ടും അർദ്ധവർഷം |
| 2 | പാപ്പള്ളി വുഡ് ഇൻഡസ്ട്രീസ് മുട്ടിച്ചരൽ | 2018-19ഒന്നും,രണ്ടും അർദ്ധവർഷം |
| 3 | എ.കെ. ഗ്രൂപ്പ് ഫ്യൂവൽസ് ഒടയംചാൽ | 2018-19ഒന്നും,രണ്ടും അർദ്ധവർഷം |
| 4 | മേരിമാതാ വുഡ് ഇൻഡസ്ട്രീസ് ഇരിയ | 2018-19ഒന്നും,രണ്ടും അർദ്ധവർഷം |
| 5 | ഫിസ് അപ്പ് ബോട്ട് ലിംഗ് കമ്പനി തട്ടുമ്മൽ | 2018-19ഒന്നും,രണ്ടും അർദ്ധവർഷം |
| 6 | അൽ മഹൽ എന്റർപ്രൈസസ് കല്ലാംതോൽ | 2018-19ഒന്നും,രണ്ടും അർദ്ധവർഷം |
| 7 | വിട്ടൽ ഫർണിടെക് കല്ലാംതോൽ | 2018-19ഒന്നും,രണ്ടും അർദ്ധവർഷം |
| 8 | പറക്കളായി ക്ഷീരോൽപ്പാദക സഹകരണ സംഘം | 2018-19ഒന്നും,രണ്ടും അർദ്ധവർഷം |
| 9 | കാലിച്ചാനടുക്കം ക്ഷീരോൽപ്പാദക സഹകരണ സംഘം | 2018-19ഒന്നും,രണ്ടും അർദ്ധവർഷം |
| 10 | ഉദയപുരം ക്ഷീരോൽപ്പാദക സഹകരണ സംഘം | 2018-19ഒന്നും,രണ്ടും അർദ്ധവർഷം |
| 11 | ബേളൂർ ക്ഷീരോൽപ്പാദക സഹകരണ | 2018-19ഒന്നും,രണ്ടും അർദ്ധവർഷം |

| | | |
|---|---|---|
| | സംഘം | |
| 12 | പൊടവട്ടക്കം ക്ഷീരോൽപ്പാദക സഹകരണ സംഘം | 2018-19ഒന്നും,രണ്ടും അർദ്ധവർഷം |
| 13 | ബാനം ക്ഷീരോൽപ്പാദക സഹകരണ സംഘം | 2018-19ഒന്നും,രണ്ടും അർദ്ധവർഷം |
| 14 | നാമൻസ് മോട്ടോഴ്സ് ഒടയംചാൽ | 2018-19ഒന്നും,രണ്ടും അർദ്ധവർഷം |
| 15 | നമസ് കോ ഫുഡ് & ബിവറേജസ് പറക്കളായി | 2018-19ഒന്നും,രണ്ടും അർദ്ധവർഷം |

മേൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല, സ്ഥാപന തൊഴിൽ നികുതി ഈടാക്കി ആയതിന്റെ വിശദവിവരങ്ങൾ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രഥമ മറുപടിയോടൊപ്പം ഹാജരാക്കേണ്ടതുമാണ്. (01-01-2020 ന് നൽകിയ ഓഡിറ്റ് എൻക്വയറി നം.17)

# 1-16 സ്ട്രീറ്റ് ലൈറ്റ് ലൈൻ വലിക്കൽ, മീറ്റർ സ്ഥാപിക്കൽ - പദ്ധതി

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രൊജക്ട് നം.252/19

അടങ്കൽ -12,00,000/- രൂപ – സി.എഫ്.സി ഗ്രാന്റ്

ചെലവ് - 11,98,475/- രൂപ

അടങ്കൽ - 17,00,000/- രൂപ – പ്ലാൻ ജനറൽ

ചെലവ് - 17,00,000/- രൂപ

**1.ബിൽ നം.32/2018-19/5.1.2019 – 8,00,000/- രൂപ**

**ബിൽ നം.39/2018-19/16.3.2019 – 9,00,000/- രൂപ**

ഗ്രാമപഞ്ചായത്തിലെ മൂപ്പിൽ-II, കാലിച്ചാനടുക്കം -I, II എന്നീ സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈറ്റ് മെയിൻ ലൈൻ സ്ഥാപിക്കുന്നതിന് 17,00,000/- രൂപ കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ ചോയ്യംകോട് സെക്ഷനിൽ നിക്ഷേപിക്കണം. സെക്രട്ടറിയുടെ നടപടിക്രമം നം.എസ്.സി-1-1001-/18/തിയ്യതി-4.1.2018 പ്രകാരം ആകെ 8,00,000/-രൂപയും, നം.എസ്.സി-1-1001-/18/തിയ്യതി-16.3.2019 പ്രകാരം ആകെ 9,00,000/-രൂപയും ചോയ്യംകോട് സെക്ഷനിൽ നിക്ഷേപം നടത്തി. അക്കൗണ്ട് നം.67060517113-എസ്.ബി.ഐ. കത്ത് നം.nil/Dt.nilപ്രകാരം ആകെ 26,10,160 രൂപയുടെ ഡിമാന്റ് നോട്ടീസ് കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ ചോയ്യംകോട് സെക്ഷൻ സമർപ്പിച്ചിട്ടുണ്ട്. ഈ പ്രവർത്തി പൂർത്തീകരിച്ചത് സംബന്ധമായ രേഖകൾ, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

**2.ബിൽ നം.04/2018-19/19.5.2018 – 11,98,475/- രൂപ**

ഗ്രാമപഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈറ്റ് മെയിൻ ലൈൻ സ്ഥാപിക്കുന്നതിന് 11,98,475/- രൂപ കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ രാജപുരം സെക്ഷനിൽ നിക്ഷേപിക്കണം. എക്സി.എഞ്ചിനീയർ, കേരള സംസ്ഥാന വൈദ്യുതി ബോർഡ് രാജപുരം സെക്ഷന്റെ ഡിമാന്റ് നോട്ടീസ് നം.DB-No.27/letter/105/17-18-AE/ES/RPM/Dt.31.3.2018, പ്രകാരം ആകെ 11,98,475/-രൂപ രാജപുരം സെക്ഷന്റെ ബാങ്ക് അക്കൗണ്ടിലേക്ക്

നിക്ഷേപം നടത്തി. അക്കൗണ്ട് നം.47023170000019-സിൻഡിക്കറ്റ് ബാങ്ക്. ഈ പ്രവർത്തി പൂർത്തീകരിച്ചത് സംബന്ധമായ രേഖകൾ, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

ഈ പ്രവർത്തി പൂർത്തീകരിച്ചത് സംബന്ധമായ രേഖകൾ, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കാനായി ഓഡിറ്റ് എൻക്വയറി നം.07/31.12.2019 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ചെലവ് തുക 28,98,475/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു. ഈ പ്രവർത്തി പൂർത്തീകരിച്ചത് സംബന്ധമായ രേഖകൾ, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

# 1-17 തൂങ്ങൽ പട്ടികവർഗ്ഗ കോളനി റോഡ് അപകടാവസ്ഥയിലായ വൈദ്യുതി തൂൺ മാറ്റി സ്ഥാപിക്കൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രൊജക്ട് നം.490/19

അടങ്കൽ -1,00,000/-രൂപ – തനത് ഫണ്ട്

ചെലവ് - 39,897/- രൂപ

വൗച്ചർ നം.21800931/24.1.2019 – 39,897/-രൂപ

കോടോം-ബേളൂർ ഗ്രാമപഞ്ചായത്തിലെ തൂങ്ങൽ പട്ടികവർഗ്ഗ കോളനി റോഡിൽ അപകടാവസ്ഥയിലായ വൈദ്യുതി തൂൺ മാറ്റി സ്ഥാപിക്കാനുള്ളതാണ് ഈ പദ്ധതി. കേരള സംസ്ഥാന വൈദ്യുതി ബോർഡ് രാജപുരം സെക്ഷന്റെ ഡിമാന്റ് നോട്ടീസ് നം.nil/dt.23.1.2019 പ്രകാരം ആകെ 39,897/-രൂപ ഈ പ്രവർത്തി നടത്തുന്നതിന് ഒടുക്കണം എന്നാവശ്യപ്പെട്ടിട്ടുണ്ട്. വൗച്ചർ നം.21800931/24.1.2019 പ്രകാരം 39,897/-രൂപ രാജപുരം സെക്ഷന്റെ ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. ബാങ്ക് അക്കൗണ്ട് നം.47023170000019-സിൻഡിക്കറ്റ് ബാങ്ക്. ഈ പ്രവർത്തി പൂർത്തീകരിച്ചതിന്റെ രേഖകൾ വിനിയോഗ സാക്ഷ്യപത്രം എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

ഈ പ്രവർത്തി പൂർത്തീകരിച്ചതിന്റെ രേഖകൾ വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കാനായി ഓഡിറ്റ് എൻക്വയറി നം.09/31.12.2019 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ചെലവ് തുക39,897/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു. ഈ പ്രവർത്തി പൂർത്തീകരിച്ചതിന്റെ രേഖകൾ , വിനിയോഗ സാക്ഷ്യപത്രം എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

# 1-18 ഒടയംചാൽ ഗ്രാമപഞ്ചായത്ത് ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് സ്ഥലത്ത് കൂടി പോകുന്ന ഹൈടെൻഷൻ വൈദ്യുതി ലൈൻ മാറ്റി സ്ഥാപിക്കൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രൊജക്ട് നം.515/19

അടങ്കൽ - 3,61,928/- രൂപ - തനത് ഫണ്ട്

ചെലവ് - 3,61,928/- രൂപ

വൗച്ചർ നം.21800932/24.1.2019 – 3,61,928/- രൂപ

ഗ്രാമപഞ്ചായത്തിലെ ഒടയംചാൽ ഗ്രാമപഞ്ചായത്ത് ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് സ്ഥലത്ത് കൂടി പോകുന്ന ഹൈടെൻഷൻ വൈദ്യുതി ലൈൻ മാറ്റി സ്ഥാപിക്കാനുള്ളതാണ് ഈ പദ്ധതി. കേരള സംസ്ഥാന വൈദ്യുതി ബോർഡ് രാജപുരം സെക്ഷന്റെ ഡിമാന്റ് നോട്ടീസ് നം.nil/dt.22.1.2019 പ്രകാരം ആകെ 3,61,928/-രൂപ ഈ പ്രവർത്തി നടത്തുന്നതിന് ഒടുക്കണം എന്നാവശ്യപ്പെട്ടിട്ടുണ്ട്. വൗച്ചർ നം.21800932/24.1.2019 പ്രകാരം 3,61,928/- രൂപ രാജപുരം സെക്ഷന്റെ ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. ബാങ്ക് അക്കൗണ്ട് നം.47023170000019-

സിൻഡിക്കറ്റ് ബാങ്ക്. ഈ പ്രവർത്തി പൂർത്തീകരിച്ചതിന്റെ രേഖകൾ വിനിയോഗ സാക്ഷ്യപത്രം എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

ഈ പ്രവർത്തി പൂർത്തീകരിച്ചതിന്റെ രേഖകൾ വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കാനായി ഓഡിറ്റ് എൻക്വയറി നം.10/31.12.2019 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ചെലവ് തുക3,61,928/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു. ഈ പ്രവർത്തി പൂർത്തീകരിച്ചതിന്റെ രേഖകൾ , വിനിയോഗ സാക്ഷ്യപത്രം എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

# 1-19 ഗ്രാമ പഞ്ചായത്ത് അനുബന്ധ സ്ഥാപനങ്ങളുടെ വൈദ്യുതീകരണം, അനുബന്ധ പ്രവർത്തികൾ പദ്ധതി-പൂർത്തീകരിച്ചിട്ടില്ല.

പ്രൊജക്ട് നം.259/19

അടങ്കൽ - 4,00,000/- രൂപ – പ്ലാൻ ജനറൽ

ചെലവ് - 1,32,113/- രൂപ

സെക്രട്ടറി നിർവ്വഹണം നടത്തിയ കേരള സംസ്ഥാന വൈദ്യുതി വകുപ്പ് മുഖേന ചെയ്യേണ്ട താഴെപ്പറയുന്ന ഡെപ്പോസിറ്റ് പ്രവർത്തികൾ പൂർത്തീകരിച്ചതുമായി ബന്ധപ്പെട്ട രേഖകൾ, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

<u>1.ബിൽ നം.20/2018-19/1.9.2018 – 22,666/- രൂപ</u>

കാലിച്ചാനടുക്കം ഗ്രാമസഭാ ഹാൾ, കുടുംബശ്രീ വിപണന കേന്ദ്രം, ക്ലവക്കല്ല് അംഗൻവാടി, മയ്യങ്ങാനം ഫാമിലി വെൽഫേർ സെന്റർ, ക്ലായിക്കോട് ഫാം ഹൗസ് എന്നീ സ്ഥാപനങ്ങൾക്ക് വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിന് താഴെപ്പറയും പ്രകാരം കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ വിവിധ സെക്ഷനുകളിൽ തുക നിക്ഷേപിച്ചിട്ടുണ്ട്.

| ക്രമ നം. | വൈദ്യുതി സെക്ഷൻ | ഡിമാന്റ് നോട്ടീസ് നമ്പർ | തുക | ബാങ്ക് അക്കൗണ്ട് നം. |
|---|---|---|---|---|
| 1 | ചോയ്യങ്കോട് | No.DB16/2017-18/CYD/dt.10.7.2018 | 13,246/- | 67060517113 SBI |
| 2 | മാവുങ്കാൽ | ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല | 5,054/- | 42553170000043 Synd.bank |
| 3 | രാജപുരം | No.DB-27/letter/2/18-19AE/ES/RPM/ Dt.3.4.2018 | 4,366/- | 47023170000019 Synd.bank |
| ആകെ | | | 22,666/- | |

<u>2.ബിൽ നം.38/2018-19/16.3.2019 – 27,422/- രൂപ</u>

മുളവന്നൂർ അംഗൻവാടിക്ക് വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിന് താഴെപ്പറയും പ്രകാരം കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ മാവുങ്കാൽ സെക്ഷനിൽ തുക നിക്ഷേപിച്ചിട്ടുണ്ട്.

| ക്രമ നം. | വൈദ്യുതി സെക്ഷൻ | ഡിമാന്റ് നോട്ടീസ് നമ്പർ | തുക | ബാങ്ക് അക്കൗണ്ട് നം. |
|---|---|---|---|---|
| 1 | മാവുങ്കാൽ | No.DB-01/2018-19/MVL/65/Dt.24.9.2018 | 27,422/- | 42553170000043 Synd.bank |

<u>3.ബിൽ നം.29/2018-19/29.11.2018 – 23,457/- രൂപ</u>

അയറോട്ട് അംഗൻവാടിക്ക് വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിന് സമീപറോഡിലെ വൈദ്യുതി തൂൺ മാറ്റി സ്ഥാപിക്കുന്നതിന് താഴെപ്പറയും പ്രകാരം കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ രാജപുരം സെക്ഷനിൽ തുക നിക്ഷേപിച്ചിട്ടുണ്ട്.

| ക്രമ നം. | വൈദ്യുതി സെക്ഷൻ | ഡിമാന്റ് നോട്ടീസ് നമ്പർ | തുക | ബാങ്ക് അക്കൗണ്ട് നം. |
|---|---|---|---|---|
| 1 | രാജപുരം | No.AE/ES/RPM/Dt.10.10.2018 | 23,457/- | 47023170000019 Synd.bank |

**<u>4.ബിൽ നം.31/2018-19/9.1.2019 – 7,108/- രൂപ</u>**

പനയാട് ഫാമിലി വെൽഫേർ സെന്റർ, പുളിയിലക്കൊച്ചി കമ്മ്യൂണിറ്റി ഹാൾ എന്നിവയ്ക്ക് വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിന് താഴെപ്പറയും പ്രകാരം കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ സെക്ഷനിൽ തുക നിക്ഷേപിച്ചിട്ടുണ്ട്.

| ക്രമ നം. | വൈദ്യുതി സെക്ഷൻ | ഡിമാന്റ് നോട്ടീസ് നമ്പർ | തുക | ബാങ്ക് അക്കൗണ്ട് നം. |
|---|---|---|---|---|
| 1 | മാവുങ്കാൽ | No.DB/18-19/MVL/Dt.nil | 3,054/- | 42553170000043 Synd.bank |
| 2 | രാജപുരം | No.nil/ Dt.1.1.2019 | 4,054/- | 47023170000019 Synd.bank |
| ആകെ | | | 7,108/- | |

**<u>5.ബിൽ നം.5/2018-19/19.5.2018 – 51,460/- രൂപ</u>**

കാലിച്ചാനടുക്കം ഗ്രാമസഭാ ഹാൾ, കുടുംബശ്രീ വിപണന കേന്ദ്രം, കൂവക്കല്ല് അംഗൻവാടി, മയ്യങ്ങാനം ഫാമിലി വെൽഫേർ സെന്റർ എന്നീ സ്ഥാപനങ്ങൾക്ക് വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിന് താഴെപ്പറയും പ്രകാരം കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ വിവിധ സെക്ഷനുകളിൽ തുക നിക്ഷേപിച്ചിട്ടുണ്ട്.

| ക്രമ നം. | വൈദ്യുതി സെക്ഷൻ | ഡിമാന്റ് നോട്ടീസ് നമ്പർ | തുക | ബാങ്ക് അക്കൗണ്ട് നം. |
|---|---|---|---|---|
| 1 | ചോയ്യങ്കോട് | No.DB16/2017-18/CYD/dt.12.2.2018 | 30,550/- | 67060517113 SBI |
| 2 | ചോയ്യങ്കോട് | No.DB16/2017-18/CYD/dt.14.3.2018 | 20,910/- | 67060517113 SBI |
| ആകെ | | | 51,460/- | |

ഈ പ്രവർത്തികൾ പൂർത്തീകരിച്ചതിന്റെ രേഖകൾ, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കാനായി ഓഡിറ്റ് എൻക്വയറി നം.04/31.12.2019 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ചെലവ് തുക 1,32,113/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

# 1-20 ഗ്രാമപഞ്ചായത്ത് ഓഫീസ് കോംപൗണ്ട്, ഘടകസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ സി.സി.ടി.വി സ്ഥാപിക്കൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രൊജക്ട് നം. - 256/19

അടങ്കൽ - 3,41,564/- രൂപ - തനത് ഫണ്ട്

ചെലവ് - 3,35,275/- രൂപ

വൗച്ചർ നം.21800225/22.6.2018 – 3,35,275/- രൂപ

ഗ്രാമപഞ്ചായത്ത് ഓഫീസ് കോംപൗണ്ട്, ഘടകസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ സി.സി.ടി.വി സ്ഥാപിക്കാനുള്ളതാണ് ഈ പദ്ധതി. കെൽട്രോൺ കോഴിക്കോടിനെ നേരിട്ടാണ് ഈ പദ്ധതി നടപ്പിലാക്കാൻ തെരെഞ്ഞെടുത്തത്. ഇൻവോയ്സ് നം.KSEDC/CLT/18-19/SER/PRO/001/Dt.9.5.2018 പ്രകാരം ഈ പ്രവർത്തിയുടെ 3,35,275/- രൂപയുടെ ബില്ല് കെൽട്രോൺ സമർപ്പിച്ചിട്ടുണ്ട്. വൗച്ചർ നം.21800225/22.6.2018 പ്രകാരം 3,35,275/- രൂപ കെൽട്രോണിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. അക്കൗണ്ട് നം.10622324516-എസ്.ബി.ഐ,കോഴിക്കോട്. ഈ പ്രവർത്തിക്കായി കെൽട്രോൺ സമർപ്പിച്ച എസ്റ്റിമേറ്റ്, ഇതിന് പ്രൊക്യൂർമെന്റ് കമ്മിറ്റി, ഭരണസമിതി എന്നിവ അംഗീകാരം നൽകിയത്, പ്രവർത്തി നടത്താൻ നൽകിയ കത്ത്, പ്രവർത്തി പൂർത്തീകരിച്ചതിന്റെ സാക്ഷ്യപത്രം, മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഇൻവോയ്സ് പ്രകാരം ആകെ 16 സി.സി.ടി,വി ക്യാമറകളും അനുബന്ധ ഉപകരണങ്ങളുമാണ് സ്ഥാപിച്ചിട്ടുള്ളത്. ഫയലിൽ 25.9.2018 ന് സെക്രട്ടറി മാനേജർ, കെൽട്രോൺ, കോഴിക്കോടിന് നം.എസ്.സി-01/101/2018 ആയി ഒരു കത്ത് അയച്ചിട്ടുണ്ട്. 16 ക്യാമറയിൽ 1 ക്യാമറ പ്രവർത്തിക്കുന്നില്ല എന്നാണ് കത്തിലെ ഉള്ളടക്കം. 3 മാസത്തിനുള്ളിൽ 1 ക്യാമറ പ്രവർത്തിക്കാതായിട്ടുണ്ട്. ഇത് റിപ്പയർ നടത്തിയിട്ടില്ല. എവിടെയൊക്കെയാണ് സി.സി.ടി.വി സ്ഥാപിച്ചത് എന്ന് വ്യക്തമാക്കുന്ന രേഖകൾ ഫയലിൽ ലഭ്യമല്ല. നിലവിൽ എത്ര ക്യാമറകൾ പ്രവർത്തിക്കുന്നുണ്ട് എന്ന് വിശദീകരിക്കിച്ചിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം.12/31.12.2019 പ്രകാരം മേൽ സൂചിപ്പിച്ച കാര്യങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ചെലവ് തുക 3,35,275/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

# 1-21 ഗ്രാമപഞ്ചായത്ത് ഓഫീസ് , ഘടകസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഇന്ററർകോം സ്ഥാപിക്കൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രൊജക്ട് നം. - 257/19

അടങ്കൽ - 3,39,073/- രൂപ - തനത് ഫണ്ട്

ചെലവ് - 3,36,613/- രൂപ

വൗച്ചർ നം.21800226/22.6.2018 – 3,36,613/- രൂപ

ഗ്രാമപഞ്ചായത്ത് ഓഫീസ്, ഘടകസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഇന്റർകോം സ്ഥാപിക്കാനുള്ളതാണ് ഈ പദ്ധതി. കെൽട്രോൺ കോഴിക്കോടിനെ നേരിട്ടാണ് ഈ പദ്ധതി നടപ്പിലാക്കാൻ തെരെഞ്ഞെടുത്തത്. ഇൻവോയ്സ് നം.KSEDC/CLT/18-19/SER/PRO/002/Dt.9.5.2018 പ്രകാരം ഈ പ്രവർത്തിയുടെ 3,36,613/- രൂപയുടെ ബില്ല് കെൽട്രോൺ സമർപ്പിച്ചിട്ടുണ്ട്. വൗച്ചർ നം.21800226/22.6.2018 പ്രകാരം 3,36,613/- രൂപ കെൽട്രോണിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. അക്കൗണ്ട് നം.10622324516-എസ്.ബി.ഐ,കോഴിക്കോട്. ഈ പ്രവർത്തിക്കായി കെൽട്രോൺ 3,39,073/- രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്, ഇതിന് പ്രൊക്യൂർമെന്റ് കമ്മിറ്റി, ഭരണസമിതി എന്നിവ അംഗീകാരം നൽകിയത്, പ്രവർത്തി പൂർത്തീകരിച്ചതിന്റെ സാക്ഷ്യപത്രം എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഇൻവോയ്സ് പ്രകാരം എവിടെയൊക്കെയാണ് ഇന്റർകോം, അനുബന്ധ ഉപകരണങ്ങൾ എന്നിവ സ്ഥാപിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കിയിട്ടില്ല. മോണിറ്ററിംഗ് സമിതി റിപ്പോർട്ടിൽ നിന്നും ഇക്കാര്യം വ്യക്തമല്ല. ഫയലിൽ 25.9.2018 ന് സെക്രട്ടറി മാനേജർ, കെൽട്രോൺ, കോഴിക്കോടിന് നം.എസ്.സി-01/101/2018 ആയി ഒരു കത്ത് അയച്ചിട്ടുണ്ട്. ഇന്റർകോം സ്ഥാപിച്ചതിന് ശേഷം നിലവിലുള്ള ടെലഫോൺ പോലും പ്രവർത്തിക്കുന്നില്ല എന്നാണ് കത്തിലെ ഉള്ളടക്കം. അതായത് ഇന്റർകോം സംവിധാനം പ്രവർത്തനക്ഷമമല്ല എന്നാണ് കത്തിൽ നിന്നും മനസ്സിലാക്കുന്നത്. ഘടകസ്ഥാപനങ്ങളിൽ എവിടെയൊക്കെയാണ് ഇന്റർകോം സംവിധാനം സ്ഥാപിച്ചത് എന്ന് വ്യക്തമാക്കുന്ന രേഖകൾ ഫയലിൽ ലഭ്യമല്ല. നിലവിൽ ഇന്റർകോം സംവിധാനം പ്രവർത്തിക്കുന്നില്ല.

ഓഡിറ്റ് എൻക്വയറി നം.13/31.12.2019 പ്രകാരം മേൽ സൂചിപ്പിച്ച കാര്യങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ചെലവ് തുക 3,36,613/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

# 1-22 ഗ്രാമപഞ്ചായത്തിലെ വിവിധ ഭാഗങ്ങളിൽ LED തെരുവ് വിളക്ക് സ്ഥാപിക്കൽ പദ്ധതി

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രൊജക്റ്റ് നമ്പർ -476/19

അടങ്കൽ - 12,00,000/- രൂപ - തനത് ഫണ്ട്

ചെലവ് - 10,39,506/- രൂപ

വൗച്ചർ നം.21800678/20.10.2018 – 10,39,506/- രൂപ

ഗ്രാമപഞ്ചായത്തിലെ വിവിധ ഭാഗങ്ങളിൽ LED തെരുവ് വിളക്ക് സ്ഥാപിക്കാനുള്ള ഈ പദ്ധതി 2016-17 വർഷത്തിൽ രൂപീകരിച്ചതാണ്. 2017-18, 2018-19 വർഷങ്ങളിൽ സ്പിൽ ഓവർ ആയി പദ്ധതി തുടരുകയും 2018-19 വർഷത്തിൽ പൂർത്തീകരിക്കുകയും ചെയ്തു. അലുമിന ഇലക്ട്രോണിക്സ് മലപ്പുറം എന്ന സ്ഥാപനമാണ് ഈ പ്രവർത്തി നടത്തിയത്. ആകെ 594 LED തെരുവ് വിളക്കുകളാണ് സ്ഥാപിച്ചിട്ടുള്ളത്. (294 ഓട്ടോമാറ്റിക്കും 300 നോൺ ഓട്ടോമാറ്റിക്കും) ഭരണസമിതി തീരുമാനം നം.4/61(2)/2017, 01.01.2018 ലെ വിവിധ വാർഡ് മെമ്പർമാർ നൽകിയ പൂർത്തീകരണ റിപ്പോർട്ട്, 15.01.2018 ൽ അലുമിന ഇലക്ട്രോണിക്സ് മലപ്പുറം സമർപ്പിച്ച കരാർ, 7.3.2018 ലെ ഭരണസമിതി തീരുമാനം നം.16(1)/2018 എന്നിവ പ്രകാരമാണ് പ്രവർത്തി നടത്തിയതും തുക നൽകിയതും. എന്നാൽ ഈ പ്രവർത്തിക്ക് കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ അനുമതി വാങ്ങിയിരുന്നില്ല. ഇതിന് കേരള സംസ്ഥാന വൈദ്യുതി ബോർഡ് കാരണം കാണിക്കൽ നോട്ടീസ് അയക്കുകയും മറുപടി നൽകുകയും ചെയ്തതിനെ തുടർന്ന് എക്സി.എഞ്ചിനീയർ, കേരള സംസ്ഥാന വൈദ്യുതി ബോർഡ്, ഇലക്ട്രിക്കൽ ഡിവിഷൻ, കാഞ്ഞങ്ങാട് കത്ത് നം.ജി.ബി-01/സ്ട്രീറ്റ് ലൈറ്റ്/ കോടോം-ബേളൂർ/2018-19/1642/തിയ്യതി-16.102018 പ്രകാരം കുറ്റം മാപ്പാക്കുകയും 594 LED തെരുവ് വിളക്കുകൾക്ക് സൂപ്പർവിഷൻ ചാർജ്ജായി 150/-രൂപ വച്ച് ആകെ 89,100/-രൂപ ഒടുക്കാനും, സ്ഥാപിച്ചത് മുതലുള്ള വൈദ്യുതി കുടിശ്ശിക അതാത് സെക്ഷനുകളിൽ ഒടുക്കാനും ഉത്തരവായി. അലുമിന ഇലക്ട്രോണിക്സ് മലപ്പുറത്തിന് തുക നൽകുന്നതിന് തടസ്സമില്ലെന്നും പ്രസ്തുത കത്തിൽ പറഞ്ഞതിനാൽ തുക സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് തുക കൈമാറി. വൗച്ചർ നം.21800678/20.10.2018 പ്രകാരം ആകെ 10,39,506/- രൂപ ബാങ്ക് അക്കൗണ്ട് നം.40627111000487-കേരളാ ഗ്രാമീൺ ബാങ്കിലേക്ക് ഓൺലൈൻ ട്രാൻസ്ഫർ നടത്തി.

ഈ പ്രവർത്തി നടത്തിയതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകതകൾ ഓഡിറ്റിൽ കണ്ടെത്തിയിട്ടുണ്ട്.

1)അലുമിന ഇലക്ട്രോണിക്സ് മലപ്പുറം വിതരണം ചെയ്ത് സ്ഥാപിച്ച LED തെരുവ് വിളക്കുകളുടെ സാമ്പിൾ ഏതെങ്കിലും സാങ്കേതിക സ്ഥാപനം പരിശോധന നടത്തി ഗുണമേൻമ ഉറപ്പാക്കിയിട്ടുണ്ടോ എന്നതിന് ആധാരമായി രേഖകൾ ഫയലിൽ ലഭ്യമല്ല.(ഉദാ:-എൽ.ബി.എസ് എഞ്ചിനീയറിംഗ് കോളേജ് )

2)10,39,506/- രൂപയാണ് അലുമിന ഇലക്ട്രോണിക്സ് മലപ്പുറത്തിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറിയത്, ഇതിന് ആധാരമായ ബില്ല്/ഇൻവോയ്സ് ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

3)594 LED തെരുവ് വിളക്കുകൾക്ക് സൂപ്പർവിഷൻ ചാർജ്ജായി 150/-രൂപ വച്ച് ആകെ 89,100/-രൂപ ഒടുക്കാൻ എക്സി.എഞ്ചിനീയർ, കേരള സംസ്ഥാന വൈദ്യുതി ബോർഡ്, ഇലക്ട്രിക്കൽ ഡിവിഷൻ, കാഞ്ഞങ്ങാട് കത്ത് നൽകിയത് പ്രകാരം തുക ഒടുക്കിയിട്ടുണ്ടോ, കറന്റ് ചാർജ്ജിനത്തിൽ വിവിധ സെക്ഷനുകളിൽ തുക ഒടുക്കിയിട്ടുണ്ടോ എന്നതിന് ആധാരമായി രേഖകൾ ഫയലിൽ ലഭ്യമല്ല.

4)പ്രവർത്തിക്ക് കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ അനുമതി വാങ്ങാത്തതിനാൽ പിന്നീട് മാപ്പാക്കുമ്പോൾ പിഴ ഈടാക്കിയിട്ടുണ്ടോ എന്നതിന് ആധാരമായി രേഖകൾ ഫയലിൽ ലഭ്യമല്ല.

5)ഏതൊക്കെ നമ്പറുകളിലുള്ള പോസ്റ്റുകളിലാണ് LED തെരുവ് വിളക്കുകൾ സ്ഥാപിച്ചത് എന്ന് അലുമിന ഇലക്ട്രോണിക്സ് മലപ്പുറത്തിന്റെ സാക്ഷ്യപത്രം, ആധാരമായി രേഖകൾ എന്നിവ ഫയലിൽ ലഭ്യമല്ല.

6)LED തെരുവ് വിളക്കുകൾ സ്ഥാപിച്ചത്, അംഗീകൃത സ്ഥാപനത്തിൽ നിന്നുള്ള ടെസ്റ്റ് റിപ്പോർട്ട് ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

7)LED തെരുവ് വിളക്കുകൾ സ്ഥാപിച്ചപ്പോൾ പഴയ തെരുവ് വിളക്ക് സാധനങ്ങൾ തിരികെ നൽകിയിട്ടില്ല.

8)ഒറിജിനൽ കരാർ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം.14/31.12.2019 പ്രകാരം മേൽ സൂചിപ്പിച്ച കാര്യങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ചെലവ് തുക 10,39,506/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

# 1-23 സ്ഥലംമാറ്റ യാത്രാബത്ത അനുവദിച്ചത്- അപാകത

വൗച്ചർ നം.21800163/05.6.2018 – 6,619/-രൂപ

ചെക്ക് നം.768987/01.6.2018

കോടോം ബേളൂർ ഗ്രാമപഞ്ചായത്തിലെ ഹെഡ് ക്ലാർക്ക് ആയ ശ്രീ.എസ്.അജിത് കുമാർ എന്നവർക്ക് സ്ഥലംമാറ്റ യാത്രാബത്ത ഇനത്തിൽ മേൽ വൗച്ചർ പ്രകാരം ആകെ 6,619/-രൂപ അനുവദിച്ചിട്ടുണ്ട്. 27.3.2018 ൽ തിരുവനന്തപുരത്ത് നിന്നും കോടോം ബേളൂർ ഗ്രാമപഞ്ചായത്തിലേക്ക് യാത്ര നടത്തിയതിനാണ് യാത്രാബത്ത ക്ലെയിം ചെയ്തിരിക്കുന്നത്. 27.4.2018 ലെ ഭരണസമിതി തീരുമാനം നം.17/05 പ്രകാരമാണ് തുക അനുവദിച്ചിരിക്കുന്നത്. യാത്രാബത്ത ബില്ല് പരിശോധന നടത്തിയപ്പോൾ ഇതിന് അനുബന്ധമായ താഴെപ്പറയുന്ന രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

1.ശ്രീ.എസ്.അജിത് കുമാർ - ഹെഡ് ക്ലാർക്ക് സമർപ്പിച്ച അപേക്ഷ.

2.ലോഡിംഗ് &അൺലോഡിംഗ് ചാർജ്ജസ് നൽകിയതിന് ആധാരമായ രേഖ.

ഈ രേഖകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കാനായി ഓഡിറ്റ് എൻക്വയറി നം.18/01.01.2020 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ചെലവ് തുക 6,619/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

# 1-24 ആശ്രയ പദ്ധതി വിഹിതം നൽകൽ - പദ്ധതി

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രൊജക്ട് നം.111/19

അടങ്കൽ -3,00,000/- രൂപ – പ്ലാൻ ജനറൽ

2,00,000/- രൂപ – ടി.എസ്.പി

ചെലവ് - 5,00,000/- രൂപ

ബിൽ നം.23/2018-19/10.10.2018 – 3,00,000/- രൂപ

ബിൽ നം.24/2018-19/10.10.2018 – 2,00,000/- രൂപ

ആശ്രയ പദ്ധതി നടത്തിപ്പിനായി ഗ്രാമപഞ്ചായത്ത് വിഹിതമായി ആകെ 5,00,000/-രൂപ അനുവദിച്ചിട്ടുണ്ട്. സെക്രട്ടറിയുടെ നടപടിക്രമം നം.സി-1-1001/18/തിയ്യതി-10.10.2018 പ്രകാരം ഈ തുക കുടുംബശ്രീ സി.ഡി.എസ് ബാങ്ക് അക്കൗണ്ടിലേക്ക് നിക്ഷേപം നടത്തിയിട്ടുണ്ട്. അക്കൗണ്ട് നം.1994120000000046-ഐ.ഡി.ബി.ഐ ബാങ്ക്. ഈ തുക ചെലവഴിച്ച രേഖകൾ, അനുബന്ധ ഫയൽ, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കാനായി ഓഡിറ്റ് എൻക്വയറി നം.06/31.12.2019 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ചെലവ് തുക 5,00,000/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു. തുക ചെലവഴിച്ച രേഖകൾ, അനുബന്ധ ഫയൽ, വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

# 1-25 കാസറഗോഡ് ജില്ലാ ഭിന്നശേഷി സൗഹൃദസംയോജിത പദ്ധതി വിഹിതം നൽകൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രൊജക്ട് നം.477/19

അടങ്കൽ -2,00,000/- രൂപ – പ്ലാൻ ജനറൽ

ചെലവ് - 2,00,000/- രൂപ

**ബിൽ നം.12/2018-19/5.7.2018 – 2,00,000/- രൂപ**

മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള ജില്ലാതല കർമ്മ പദ്ധതിയായ കാസറഗോഡ് ജില്ലാ ഭിന്നശേഷി സൗഹൃദസംയോജിത പദ്ധതിക്ക് വിഹിതമായി ഗ്രാമപഞ്ചായത്തുകൾ തുക വകയിരുത്തണമെന്ന് ബഹു.കാസറഗോഡ് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കത്ത് നം.കെ.എസ്.ഡി/പ്രോ/പി.ഐ.യു/01/2018, തിയ്യതി-07.05.2018 പ്രകാരവും, കൺവീനർ എൻ.പി.ആർ.പി.ഡി&ജില്ലാ സാമൂഹിക നീതി ഓഫീസർ കത്ത് നം.എൻ.പി.ആർ.പി.ഡി/എസ്.ജെ.ഒ/കെ.എസ്.ഡി/എഫ്.ആർ-01/2018, തിയ്യതി-01.02.2018 പ്രകാരവും ആവശ്യപ്പെട്ടിട്ടുണ്ട്. മേൽ ബില്ല് പ്രകാരം ആകെ 2,00,000/-രൂപ സെക്രട്ടറി ജില്ലാ പഞ്ചായത്ത് കാസറഗോഡിന്റെ പേരിൽ ബാങ്ക് അക്കൗണ്ടിലേക്ക് നിക്ഷേപം നടത്തിയിട്ടുണ്ട്. അക്കൗണ്ട് നം.40526100002111, കേരളാ ഗ്രാമീൺ ബാങ്ക്. ഈ തുക ചെലവഴിച്ചതിന്റെ രേഖകൾ വിനിയോഗ സാക്ഷ്യപത്രം എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

ഈ തുക ചെലവഴിച്ചതിന്റെ രേഖകൾ, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കാനായി ഓഡിറ്റ് എൻക്വയറി നം.08/31.12.2019 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ചെലവ് തുക 2,00,000/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു. ഈ തുക ചെലവഴിച്ചതിന്റെ രേഖകൾ, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

# 1-26 കേരള സംസ്ഥാന സാമൂഹിക സുരക്ഷാ മിഷൻ - വിഹിതം പദ്ധതി

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രൊജക്ട് നം.165/19

അടങ്കൽ - 2,00,000/- രൂപ – പ്ലാൻ ജനറൽ

ചെലവ് - 2,00,000/- രൂപ

ബിൽ നം.11/2018-19/5.7.2018 – 2,00,000/- രൂപ

സർക്കാർ ഉത്തരവ് നം.1209/2013/തസ്വഭവ/തിയ്യതി-6.5.2013

സൂചനാ സർക്കാർ ഉത്തരവ് പ്രകാരം കേരള സംസ്ഥാന സാമൂഹിക സുരക്ഷാ മിഷന് ഗ്രാമപഞ്ചായത്ത് വിഹിതമായി തുക നൽകുന്നതിന് ഉത്തരവായിട്ടുണ്ട്. എക്സിക്യൂട്ടീവ് ഡയറക്ടർ കേരള സംസ്ഥാന സാമൂഹിക സുരക്ഷാ മിഷൻ കത്ത് നം.എ-3/2101/2016/KSSM/Dt.29.12.2017 പ്രകാരം 2018-19 വർഷത്തെ വിഹിതമായി തുക നൽകുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ട്. ബിൽ നം.11/2018-19/5.7.2018 പ്രകാരം 2,00,000/- രൂപ സാമൂഹിക സുരക്ഷാ മിഷന്റെ ട്രഷറി അക്കൗണ്ട് നം.701011400000134 ലേക്ക് നിക്ഷേപം നടത്തിയിട്ടുണ്ട്. ഈ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാനായി ഓഡിറ്റ് എൻക്വയറി നം.05/31.12.2019 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ചെലവ് തുക 2,00,000/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു. വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

# 1-27 ഒടയഞ്ചാൽ ബസ് സ്റ്റാന്റ് കം ഷോപ്പിങ്ങ് കോംപ്ലക്സ്-

## അഡ്വാൻസ് നൽകി ഒരു വർഷം പിന്നിടുന്നു- പ്രവൃത്തി ആരംഭിക്കാനായിട്ടില്ല.

പ്രോജക്ട് നം 426- 10 കോടി രൂപ

ചെലവ്- 1.5 കോടി രൂപ

ബിൽ നം 110/29.12.2018- 28 ലക്ഷം രൂപ (വികസന ഫണ്ട്- സാധാരണ വിഹിതം)

ബിൽ നം 109/29.12.2018- 50 ലക്ഷം രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ചെക്ക് നം 8485519/10.01.2019 – 72 ലക്ഷം രൂപ (തനതു ഫണ്ട്)

ഒടയഞ്ചാലിൽ ഒരു ബസ് സ്റ്റാന്റും ഷോപ്പിങ്ങ് കോംപ്ലക്സും പണിയുന്നതിനായി 10 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും പ്രവൃത്തി 08.09.2018 ലെ കരാർ മുഖേന ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സംഘത്തെ ഏൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. സംഘത്തിന് മേൽ വിവരിച്ച പ്രകാരം ഒന്നരക്കോടി രൂപ അഡ്വാൻസ് നൽകിയിട്ടുണ്ട്. എന്നാൽ നാളിതു വരെ സംഘത്തിന് സൈറ്റിൽ പ്രവൃത്തി ആരംഭിക്കാൻ ആയിട്ടില്ല.

പ്രവൃത്തി സൈറ്റിലുള്ള മണ്ണ് കട്ട് ചെയ്ത് മാറ്റുന്നതു സംബന്ധിച്ച തടസ്സങ്ങൾ കാരണമാണ് പ്രവൃത്തി നീണ്ടു പോവുന്നത്. ഇതിന് ഉടൻ തന്നെ പരിഹാര നടപടികൾ സ്വീകരിച്ച് പ്രവൃത്തി ഇനിയും കാലതാമസം കൂടാതെ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-28 മരാമത്ത് പ്രവൃത്തികളുടെ നിർവഹണത്തിൽ വിവിധങ്ങളായ അപാകതകൾ

2018-19 വർഷം നിർവഹണം നടത്തിയ മരാമത്ത് പ്രവൃത്തികളിൽ വിവിധങ്ങളായ അപാകതകൾ സംഭവിച്ചിട്ടുള്ളതായി പരിശോധനയിൽ കാണുന്നു. പൊതുമരാമത്ത് പണികൾക്കായുള്ള ചട്ടങ്ങൾ, സാങ്കേതിക മാർഗനിർദേശങ്ങൾ, ഫയൽ സൂക്ഷിക്കുന്നതിനുള്ള നിർദേശങ്ങൾ തുടങ്ങിയവയുടെ ലംഘനങ്ങൾ മൂലം ഉണ്ടായിട്ടുള്ള അപാകതകളുടെ ചുരുക്ക വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തി, പ്രോജക്ട് നം, മറ്റു വിവരങ്ങൾ | അപാകതകൾ |
|---|---|---|
| 1 | പ്രോജക്ട് നം 309/19,<br>പഞ്ചായത്ത് ഓഫീസ് ജീപ്പ് ഷെഡ് നിർമാണം<br>ചെലവ്- 1,50,000<br>ചെക്ക് നം 7872046/08.08.2018- 1,50,000<br>പ്രോജക്ട് നം 309/19,<br>പഞ്ചായത്ത് ഓഫീസ് ജീപ്പ് ഷെഡ്നിർമാണം- അധികവിഹിതം<br>ചെലവ്- 49,509<br>ചെക്ക് നം 7872379/ 28.09.2018- 49,509 | ഈ പ്രവൃത്തിയിൽ പഞ്ചായത്ത് ഓഫീസിന്റെ മുൻവശം 182 sqm ഷീറ്റിടുകയും അതിനാവശ്യമായ ട്രസ് വർക്ക് ചെയ്യുകയുമാണ് ചെയ്തിട്ടുള്ളത്. പഞ്ചായത്തിന്റെ വാഹനം സുരക്ഷിതമായി സൂക്ഷിക്കാനുതകുന്ന രീതിയിൽ ഒരു പ്രത്യേക ഷെഡ് നിർമിച്ചിട്ടില്ല. ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ പ്ലാൻ, സ്കെച്ച്, സൈറ്റ് പ്ലാൻ തുടങ്ങിയ രേഖകൾ ഉൾക്കൊള്ളിച്ചിട്ടില്ല. |
| 2 | പ്രോജക്ട് നം 201/19, | ഈ പ്രവൃത്തി ടെണ്ടർ/റീടെണ്ടർ എന്നിവയിൽ ആരും എടുക്കാത്തതിനാൽ |

<table>
<tr>
<td></td>
<td>പാറക്കല്ല് കുന്നംവയൽ റോഡ് വികസനം, ടാറിങ്ങ്<br><br>ധനകാര്യ കമ്മീഷൻ ഗ്രാന്റ്- 2,00,000<br><br>കേന്ദ്രാവിഷ്കൃത ഫണ്ട്- 5,00,000<br><br>ആകെ പ്രവൃത്തി മൂല്യം- 3,61,431 രൂപ<br><br>ചെലവ്- 2,00,000<br><br>ബിൽ നം 138/14.03.2019<br><br>1,61,431 രൂപ (2019-20)<br><br>കരാറുകാരൻ- ഉദയപുരം ലേബർ കോൺട്രാക്ട് സഹകരണ സംഘം<br><br>പി.എ.സി- 3,61,431</td>
<td>01.12.2018 ലെ നോട്ടീസ് മുഖാന്തിരം ക്വട്ടേഷൻ വിളിക്കുകയും 06.12.2018 ന് ക്വട്ടേഷൻ തുറക്കുകയും ചെയ്തിട്ടുണ്ട്. ഈ പ്രവൃത്തിക്കായി ക്വാട്ട് ചെയ്തവരും ക്വാട്ട് ചെയ്ത നിരക്കുകളും ചുവടെ ചേർക്കുന്നു.<br><br>1. എം.കെ.ജോസ്- 4.62% കുറവ് നിരക്കിൽ<br><br>2. ഉദയപുരം ലേബർ കോൺട്രാക്ട് സഹകണ സംഘം- എസ്റ്റി.നിരക്ക്<br><br>തുടർന്ന് പഞ്ചായത്ത് കമ്മിറ്റിയുടെ 10.12.2018 ലെ യോഗത്തിലെ 6/3 നമ്പർ തീരുമാന പ്രകാരം ഈ പ്രവൃത്തി ജി.ഒ(എം.എസ്)നം.135/97, തിയതി 13.11.97 പ്രകാരം പ്രൈസ് പ്രിഫറൻസിൽ ഉദയപുരം ലേബർ കോൺട്രാക്ട് സഹകരണ സംഘത്തിനെ ഏൽപ്പിക്കാൻ തീരുമാനിക്കുകയും സംഘം പ്രവൃത്തി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.<br><br>സഹകരണ വകുപ്പിന്റെ 13.11.1997 ലെ ജി.ഒ (എം.എസ്)നം 135/97 നമ്പർ ഉത്തരവിൽ ടെണ്ടറിൽ കുറഞ്ഞ നിരക്ക് സ്വകാര്യ കരാറുകാരൻ ആണ് ക്വാട്ട് ചെയ്തത് എങ്കിൽ ടെണ്ടറിൽ പങ്കെടുത്ത ലേബർ കോൺട്രാക്ട് സഹകരണ സംഘത്തിന് കരാറുകാരൻ ക്വാട്ട് ചെയ്തതിനെക്കാൾ 10% അധിക നിരക്കിൽ പ്രവൃത്തി ഏൽപ്പിക്കാവുന്നതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. തുടർന്ന് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 11.08.2017 ലെ സ.ഉ(സാധാ)നം.2780/2017/ ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾക്ക് പ്രൈസ് പ്രിഫറൻസ് പ്രാബല്യത്തിൽ വരുത്തുകയും ചില അധിക നിർദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ഈ വ്യവസ്ഥകൾ പ്രകാരം എ.ക്ലാസ് സഹകരണ സംഘങ്ങൾ തൊട്ടു മുന്നിലെ സാമ്പത്തിക വർഷം 500 ലക്ഷം രൂപയുടെ പ്രവൃത്തികൾ ഏറ്റെടുത്ത് പൂർത്തീകരിച്ചിരിക്കണം.<br><br>2018-19 ൽ നടപ്പിലാക്കിയ ഈ പ്രവൃത്തിയിൽ ഉദയപുരം ലേബർ കോൺട്രാക്ട് സഹകണ സംഘംത്തിന് പ്രൈസ് പ്രിഫറൻസ് അനുവദിക്കണമെങ്കിൽ 2017-18 ൽ സംഘം 5 കോടി രൂപയുടെ പ്രവൃത്തി ഏറ്റെടുത്ത് പൂർത്തിയാക്കേണ്ടിയിരുന്നു. എന്നാൽ സഹകരണ സംഘങ്ങളുടെ അസിസ്റ്റന്റ് രജിസ്ട്രാർ നൽകിയിട്ടുള്ള സാക്ഷ്യപത്രം പ്രകാരം 2017-18 വർഷത്തിൽ 7,27,38,762 രൂപയുടെ പ്രവൃത്തികൾ ഏറ്റെടുത്ത സംഘം 3,35,11.353 രൂപയുടെ പ്രവൃത്തികൾ മാത്രമേ പൂർണമായോ ഭാഗികമായോ പൂർത്തിയാക്കിയിട്ടുള്ളൂ എന്ന് കാണുന്നു. ആയതിനാൽ 5 കോടി രൂപയുടെ പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ലാത്ത സംഘത്തിന് പ്രൈസ് പ്രിഫറൻസ് നൽകിയത് സർക്കാർ ഉത്തരവ് പൂർണമായും പാലിക്കാതെയാണ്. പ്രവൃത്തി 4.62% കുറവ് ക്വാട്ട് ചെയ്ത കരാറുകാരനെ ഏൽപ്പിക്കണമായിരുന്നു. ഇപ്രകാരം ചെയ്യാത്തതിനാൽ പഞ്ചായത്തിന് അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടായിട്ടുണ്ട്. 4.62% കുറവ് ക്വാട്ട് ചെയ്ത കരാറുകാരനെ പ്രവൃത്തി ഏൽപ്പിച്ചിരുന്നെങ്കിൽ 3,44,732 രൂപ മാത്രമേ പഞ്ചായത്തിന് വഹിക്കേണ്ടി വരുമായിരുന്നുള്ളൂ. സർക്കാർ നിർദേശങ്ങൾ മറി കടന്ന് പ്രൈസ് പ്രിഫറൻസ് നൽകിയതിനാൽ 16,699 രൂപയുടെ അധിക ബാദ്ധ്യത പഞ്ചായത്തിന് വഹിക്കേണ്ടി വന്നിട്ടുണ്ട്.<br><br>ഈ അപാകതയ്ക്ക് മതിയായ വിശദീകരണം ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യ മറുപടിക്കൊപ്പം ലഭ്യമാക്കേണ്ടതാണ്.</td>
</tr>
<tr>
<td>3</td>
<td>പ്രോജക്ട് നം 314/19,<br><br>മൊടഗ്രാം അഞ്ചാംവയൽ പേരൂർ റോഡ്<br><br>ഫണ്ട്- 3 ലക്ഷം (ധനകാര്യ കമ്മീഷൻ</td>
<td>ഈ പ്രവൃത്തിക്കായി കൺവീനർ ടാറും എമൽഷനും വാങ്ങിയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>
<table>
<tr><th>ബിൽ നം, തിയതി</th><th>സാമഗ്രി</th><th>അളവ്</th></tr>
<tr><td>RMDKSDGST1416/26.03.2018,<br>Rs. 22,944 SIDCO, Ksd</td><td>VG-30 bitumen</td><td>4 barrel</td></tr>
<tr><td>RMDKSDGST1440/28.03.2018,</td><td>Emulsion SS1</td><td>2 barrel</td></tr>
</table>
</td>
</tr>
</table>

| | | |
|---|---|---|
| | ഗ്രാന്റ്)<br><br>ആകെ പ്രവൃത്തി മൂല്യം- 2,43,679 രൂപ<br><br>ചെലവ്- 2,43,679 രൂപ<br><br>ബിൽ നം 84/25.10.2019<br><br>കൺവീനർ- രവി.എ | Rs. 24,509 SIDCO, Ksd \| \| <br>- \| Emulsion RS1 \| വാങ്ങിയിട്ടില്ല<br><br>അദ്ദേഹം ബിറ്റുമിൻ ഇനങ്ങൾ വാങ്ങിയത് 2018 മാർച്ച് 26, 28 തിയതികളിലാണെന്ന് മേൽ പട്ടികയിൽ നിന്ന് മനസ്സിലാക്കാം. എന്നാൽ പ്രവൃത്തിയുടെ അളവു പുസ്തകം നം.456/17-18 ലെ പേജ് 12 പ്രകാരം ഈ പ്രവൃത്തിയുടെ അവസാന ഇനത്തിന്റെ അളവുകൾ രേഖപ്പെടുത്തിയത് 19.03.2018 ന് ആണെന്ന് കാണുന്നു. 19.03.2018 ന് അവസാനിച്ച പ്രവൃത്തിക്ക് ആവശ്യമായ ടാർ വാങ്ങിയത് 2018 മാർച്ച് 26, 28 തിയതികളിലാണെന്നത് വിശദീകരണം ആവശ്യമായ കാര്യമാണ്.<br><br>കൂടാതെ ഈ പ്രവൃത്തിയിൽ ഇനം 3 ആയി 302 sqm ടാക്ക് കോട്ട് ചെയ്തിട്ടുണ്ട്. എന്നാൽ ഇതിന് ആവശ്യമായ RS1 ഗ്രേഡിലുള്ള എമൽഷൻ വാങ്ങിയതിന്റെ ഇൻവോയ്സ് ഫയലിൽ ഇല്ല. ഇക്കാര്യത്തിന് വിശദീകരണം നൽകേണ്ടതാണ്. |
| 4 | പ്രോജക്ട് നം 339/19,<br><br>തായന്നൂർ ചെരളം വളപ്പാടി റോഡ് പാച്ച് വർക്ക്<br><br>ഫണ്ട്- 7,48,000 (റോഡ് മെയിന്റനൻസ് ഫണ്ട്)<br><br>ആകെ പ്രവൃത്തി മൂല്യം- 7,33,594 രൂപ<br><br>ചെലവ്- 7,33,594 രൂപ<br><br>ബിൽ നം 32/17.05.18<br><br>കരാറുകാരൻ- ഉദയപുരം ലേബർ കോൺട്രാക്ട് സഹകരണ സംഘം | ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ഫയലിൽ ഉൾക്കൊള്ളിച്ചിട്ടില്ല. എന്നാൽ 9 ഇനങ്ങളും ഒരു അധിക ഇനവും ഉൾപ്പെടെ തയ്യാറാക്കിയ 7,48,000 രൂപയുടെ ഒരു റിവൈസ്ഡ് എസ്റ്റിമേറ്റ് ഫയലിൽ ഉണ്ട്. ഈ റിവൈസ്ഡ് എസ്റ്റിമേറ്റിൽ സാങ്കേതികാനുമതി ലഭിച്ചത് രേഖപ്പെടുത്തിയിട്ടില്ല. എസ്റ്റിമേറ്റ് റിവൈസ് ചെയ്യാൻ ആധാരമാക്കിയ പഞ്ചായത്ത് കമ്മിറ്റി തീരുമാനവും ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.<br><br>പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം പാച്ച് വർക്ക് ചെയ്യേണ്ടിയിരുന്നത് 0/700 മുതൽ 1/550 വരെയുള്ള ചെയിനേജിൽ ആയിരുന്നു. എന്നാൽ ഈ പ്രവൃത്തിയുടെ അളവു പുസ്തകത്തിൽ (നം 518/17-18) പേജ് 1, 5 എന്നിവ പ്രകാരം 1/470 മുതൽ 1/620, പേജ് 3, 6 എന്നിവ പ്രകാരം 1/800 മുതൽ 1/900, എന്നിങ്ങനെ എസ്റ്റിമേറ്റിൽ ഉദ്ദേശിക്കാത്ത ചെയിനേജുകളിലും പ്രവൃത്തി നടത്തിയതായി രേഖപ്പെടുത്തിക്കാണുന്നു. ഇതിന് വിശദീകരണം ആവശ്യമാണ്. |
| 5 | പ്രോജക്ട് നം 389/19,<br><br>എരുമക്കുളം കമ്മ്യൂണിറ്റി ഹാൾ പെയിന്റിങ്ങ്, റിപ്പയർ, അനുബന്ധ പ്രവൃത്തികൾ<br><br>ഫണ്ട്- 2,00,000 (വികസന ഫണ്ട്- പൊതു വിഭാഗം)<br><br>ആകെ പ്രവൃത്തി മൂല്യം- 1,39,561 രൂപ<br><br>ചെലവ്- 82,357 രൂപ<br><br>ബിൽ നം 45/17.08.2018, | എ)ഈ പ്രവൃത്തിക്കായി പ്രൈസ് സോഫ്റ്റ് വെയറിൽ 2 എസ്റ്റിമേറ്റുകൾ തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടുള്ളതായി കാണുന്നു.<br><br>1. എസ്റ്റിമേറ്റ് നം 2018/12155, ടി.എസ് നം 12308/2018-19, തിയതി- 16.05.2018, തുക- 2,00,000 (3 ഇനങ്ങളും ഒരു ലംപ്സം പ്രൊവിഷനും)<br><br>2. എസ്റ്റിമേറ്റ് നം 2018/5843, ടി.എസ് നം 102232/2017-18, തിയതി- 02.02.2018, തുക- 2,00,000 (2 ഇനങ്ങൾ)<br><br>ഒരേ പ്രവൃത്തിക്കായി 2 എസ്റ്റിമേറ്റുകൾ തയ്യാറാക്കി അംഗീകാരം നേടിയത് ശരിയല്ല. വിശദീകരണം ആവശ്യമാണ്.<br><br>ബി) ഈ പ്രവൃത്തി ടെണ്ടർ ചെയ്യാതെ ഉദയപുരം ലേബർ കോൺട്രാക്ട് സഹകരണ സംഘത്തിനെ അക്രഡിറ്റഡ് ഏജൻസി എന്ന നിലയിൽ ഏൽപ്പിക്കുകയായിരുന്നു. ഈ സംഘത്തിനെ അക്രഡിറ്റഡ് ഏജൻസിയായി സർക്കാർ അംഗീകരിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. |

| | | |
|---|---|---|
| | 57,204 രൂപ (2019-20 ൽ നൽകി)<br><br>കരാറുകാരൻ- ഉദയപുരം ലേബർ കോൺട്രാക്ട് സഹകരണ സംഘം | സി) ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ വൈദ്യുതീകരണത്തിന വേണ്ടി 60,000 രൂപ ലംപ്സം പ്രൊവിഷൻ ഉൾപ്പെടുത്തിയിരുന്നു. ഇത് ഒഴികെ ബാക്കി 3 ഇനങ്ങളിലായി 82,357 രൂപയുടെ പ്രവൃത്തി ചെയ്ത സൊസൈറ്റിക്ക് പാർട്ട് ബില്ലായി തുക നൽകുകയും പിന്നീട് നീതി ഇലക്ട്രിക്കൽസ് & പ്ലമ്പിങ്ങ് (പൂടംകല്ല്) എന്ന സ്ഥാപനത്തിന്റെ 29.03.2018 ലെ 2333 നമ്പർ ഇൻവോയ്സ് അടിസ്ഥാനമാക്കി 57,204 രൂപ സൊസൈറ്റിക്ക് നൽകുകയും ചെയ്തിട്ടുണ്ട്.<br><br>ഇലക്ട്രിക്കൽ & പ്ലമ്പിങ്ങ് ആവശ്യങ്ങൾക്ക് ആവശ്യമായ സാധനസാമഗ്രികൾക്ക് സന ഇലക്ട്രിക്കൽസ്, സുരക്ഷ ഇലക്ട്രിക്കൽസ് എന്നീ സ്ഥാപനങ്ങളുടെ ക്വട്ടേഷനുകളും നീതി ഇലക്ട്രിക്കൽസ് & പ്ലമ്പിങ്ങ് (പൂടംകല്ല്) എന്ന സ്ഥാപനത്തിന്റെ 29.03.2018 ലെ 2333 നമ്പർ ഇൻവോയ്സും മാത്രമാണ് ഇതു സംബന്ധിച്ച് ഫയലിൽ ലഭ്യമായിട്ടുള്ള രേഖകൾ. നീതി ഇലക്ട്രിക്കൽസ് & പ്ലമ്പിങ്ങ് (പൂടംകല്ല്) എന്ന സ്ഥാപനത്തിന്റെ 29.03.2018 ലെ 2333 നമ്പർ ഇൻവോയ്സ് പ്രകാരമുള്ള തുക 56,375 രൂപയാണ്.<br><br>സർക്കാർ/തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഇലക്ട്രിക്കൽ വർക്കുകൾ പൊതുമരാമത്ത് ഇലക്ട്രിക്കൽ വിഭാഗത്തിന്റെ മേൽ നോട്ടത്തിലാണ് നടത്തേണ്ടത്. ലൈസൻസ് ഉള്ള ഇലക്ട്രിക്കൽ കോൺട്രാക്ടർമാർ മുഖേന നടത്തേണ്ട പ്രവൃത്തി ഉദയപുരം ലേബർ കോൺട്രാക്ട് സഹകരണ സംഘത്തിനെ ഏൽപ്പിച്ചതിനും പ്രവൃത്തികൾക്ക് പൊതുമരാമത്ത് ഇലക്ട്രിക്കൽ വിഭാഗത്തിന്റെ മേൽ നോട്ടം ഏർപ്പെടുത്താത്തതിനും വിശദീകരണം നൽകേണ്ടതാണ്.<br><br>കൂടാതെ സൊസൈറ്റി വാങ്ങിയ ഇലക്ട്രിക്കൽ/പ്ലമ്പിങ്ങ് സാമഗ്രികൾ എന്തു ചെയ്തുവെന്ന് വിശദീകരിക്കേണ്ടതാണ്. ഇലക്ട്രിക്കൽ പ്രവൃത്തികൾ ചെയ്തുവെങ്കിൽ ആര്, ആരുടെ മേൽനോട്ടത്തിലാണ് ചെയ്തത് എന്നും അളവുകൾ രേഖപ്പെടുത്തൽ, പ്രവൃത്തി പരിശോധിക്കൽ തുടങ്ങിയ കാര്യങ്ങൾ എപ്രകാരം വ്യവസ്ഥ ചെയ്തു എന്നും വിശദമാക്കേണ്ടതാണ്. |
| 6 | പ്രോജക്ട് നം 59/19,<br><br>ക്ലായിക്കൊട്ടെ കൊട്ടാരം റോഡ് ടാറിങ്ങ്<br><br>ഫണ്ട്- 8 ലക്ഷം (3 ലക്ഷം-റോഡ് മെയിന്റനൻസ് ഫണ്ട്, 5 ലക്ഷം- കേന്ദ്രാവിഷ്കൃത ഫണ്ട് )<br><br>എസ്റ്റിമേറ്റ്- 3 ലക്ഷം രൂ.<br><br>ആകെ പ്രവൃത്തി മൂല്യം- 2,94,529 രൂപ<br><br>ചെലവ്- 2,90,109 രൂപ<br><br>ബിൽ നം 140/14.03.19 | ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം (എസ്റ്റിമേറ്റ് നം.2018/70861), 1/400 മുതൽ 1/665 വരെയുള്ള ചെയിനേജിലാണ് പ്രവൃത്തി ചെയ്യാൻ ഉദ്ദേശിച്ചിട്ടുള്ളത്. എന്നാൽ ഈ ചെയിനേജിൽ 167 മീറ്റർ നീളമാണ് എസ്റ്റിമേറ്റിൽ നീളമായി കാണിച്ചിട്ടുള്ളത്.<br><br>എസ്റ്റിമേറ്റിനൊപ്പം വച്ചിട്ടുള്ള സൈറ്റ് പ്ലാൻ പ്രകാരം 1/200 മുതലുള്ള 165 മീറ്റർ നീളത്തിൽ പ്രവൃത്തി ചെയ്യുന്നതായാണ് കാണിച്ചിട്ടുള്ളത്.<br><br>പ്രവൃത്തിയുടെ അളവ് പുസ്തകം (നം. 13/18-19) പ്രകാരം വിവിധ ഇനങ്ങളിലുള്ള പ്രവൃത്തികൾ ചെയ്തിട്ടുള്ളത് 0/400 to 0/470, 0/475 to 0/580 എന്നീ ചെയിനേജുകളിലാണ്. ഇതു സംബന്ധിച്ച് പഞ്ചായത്തിന്റെ തീരുമാനങ്ങൾ ഇല്ല. |

| | | |
|---|---|---|
| | കരാറുകാരൻ- എം.കെ. ജോസ് (1.5% കുറവ്) | |
| 7 | പ്രോജക്ട് നം 56/19,<br>അട്ടക്കണ്ടം കോളിയാർ റോഡ് റീടാറിംഗ്<br>ഫണ്ട്- 6 ലക്ഷം (റോഡ് മെയിന്റനൻസ് ഫണ്ട്)<br>എസ്റ്റിമേറ്റ്- 3 ലക്ഷം രൂ.<br>ആകെ പ്രവൃത്തി മൂല്യം- 5,98,173 രൂപ<br>ചെലവ്- 4,48,573 രൂപ<br>ബിൽ നം 139/21.03.19<br>1,49,600- ബിൽ നം 105/29.12.2019<br>കരാറുകാരൻ- ഉദയപുരം ലേബർ കോൺട്രാക്ട് സഹകരണ സംഘം | ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം (എസ്റ്റിമേറ്റ് നം.2018/76180), 0/200 മുതൽ 0/600, 0/600 മുതൽ 0/1000 (സ്ലിപ്പ് ടാറിങ്ങ്) വരെയുള്ള ചെയിനേജിലാണ് പ്രവൃത്തി ചെയ്യാൻ ഉദ്ദേശിച്ചിട്ടുള്ളത്. എസ്റ്റിമേറ്റിനൊപ്പം വച്ചിട്ടുള്ള സൈറ്റ് പ്ലാൻ പ്രകാരം കോളിയാർ ജങ്ക്ഷനിൽ നിന്നും 0/200 മുതൽ 0/600, 0/600 മുതൽ 0/1000 (സ്ലിപ്പ് ടാറിങ്ങ്) വരെയുള്ള ചെയിനേജിൽ തന്നെയാണ് പ്രവൃത്തി ചെയ്യാൻ ഉദ്ദേശിച്ചിട്ടുള്ളത്.<br>പ്രവൃത്തിയുടെ അളവു പുസ്തകം (നം. 24/18-19) പ്രകാരം വിവിധ ഇനങ്ങളിലുള്ള പ്രവൃത്തികൾ രേഖപ്പെടുത്തുമ്പോൾ ഒരിനം ഒഴികെ മറ്റ ഇനങ്ങളുടെ അളവുകളിൽ ചെയിനേജുകൾ രേഖപ്പെടുത്തിയിട്ടില്ല. പേജ് 9 ൽ ഇനം 3 ന്റെ അളവ് രേഖപ്പെടുത്തിയിട്ടുള്ളത് 0/000 മുതലുള്ള 730 മീറ്റർ നീളത്തിലാണ്. ഇത് എസ്റ്റിമേറ്റിന് വിരുദ്ധമാണ്. |
| 8 | പ്രോജക്ട് നം 159/19,<br>ഉദയപുരം പിണ്ടിക്കടവ് റോഡ് വികസനം<br>ഫണ്ട്- 15 ലക്ഷം (5 ലക്ഷം- ധനകാര്യ കമ്മീഷൻ ഗ്രാന്റ്, 10 ലക്ഷം- കേന്ദ്രാവിഷ്കൃത ഫണ്ട്)<br>എസ്റ്റിമേറ്റ്- 5 ലക്ഷം രൂ.<br>ആകെ പ്രവൃത്തി മൂല്യം- 4,99,475 രൂപ<br>ചെലവ്- 3,69,609 രൂപ<br>ബിൽ നം 122/21.03.19<br>1,24,871 രൂപ- ബിൽ നം 98/29.12.018 | ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം (എസ്റ്റിമേറ്റ് നം.2018/69544), 0/930 മുതൽ 1/101, 1/282 മുതൽ 1/390 വരെയുള്ള ചെയിനേജിലാണ് പ്രവൃത്തി ചെയ്യാൻ ഉദ്ദേശിച്ചിട്ടുള്ളത്. എസ്റ്റിമേറ്റിനൊപ്പം സൈറ്റ് പ്ലാൻ ഉൾക്കൊള്ളിച്ചിട്ടില്ല.<br>പ്രവൃത്തിയുടെ അളവു പുസ്തകം (നം. 26/18-19) പ്രകാരം വിവിധ ഇനങ്ങളിലുള്ള പ്രവൃത്തികൾ രേഖപ്പെടുത്തിയിരിക്കുന്നത് 0/930 മുതൽ 1/209 വരെയുള്ള ചെയിനേജിൽ ആണ്. ഇത് എസ്റ്റിമേറ്റിന് വിരുദ്ധമാണ്. |

| | | |
|---|---|---|
| | കരാറുകാരൻ- ഉദയപുരം ലേബർ കോൺട്രാക്ട് സഹകരണ സംഘം | |
| 9 | പ്രോജക്ട് നം 350/19,<br><br>വേങ്ങശ്ശേരി മുണ്ട്യാനം റോഡ് ടാറിങ്ങ്<br><br>ഫണ്ട്- 5 ലക്ഷം (റോഡ് മെയിന്റനൻസ് ഫണ്ട്)<br><br>എസ്റ്റിമേറ്റ്- 5 ലക്ഷം രൂപ<br><br>ആകെ പ്രവൃത്തി മൂല്യം- 4,90401 രൂപ<br><br>ചെലവ്- 3,60,497 രൂപ<br><br>ബിൽ നം 148/23.03.19<br><br>1,25,000 രൂപ- ബിൽ നം 67/29.08.018<br><br>കരാറുകാരൻ- ഉദയപുരം ലേബർ കോൺട്രാക്ട് സഹകരണ സംഘം | ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം (എസ്റ്റിമേറ്റ് നം.2017/117324), 0/000 മുതൽ 0/065, 0/100 മുതൽ 0/330 വരെയുള്ള ചെയിനേജിലാണ് പ്രവൃത്തി ചെയ്യാൻ ഉദ്ദേശിച്ചിട്ടുള്ളത്. എസ്റ്റിമേറ്റിനൊപ്പം സൈറ്റ് പ്ലാൻ ഉൾക്കൊള്ളിച്ചിട്ടില്ല.<br><br>പ്രവൃത്തിയുടെ അളവു പുസ്തകം (നം. 12/18-19) പ്രകാരം വിവിധ ഇനങ്ങളിലുള്ള പ്രവൃത്തികൾ രേഖപ്പെടുത്തിയിരിക്കുന്നത് 0/000 മുതൽ 0/065, 0/250 മുതൽ 0/480 വരെയുള്ള ചെയിനേജിൽ ആണ്. ഇത് എസ്റ്റിമേറ്റിന് വിരുദ്ധമാണ്. |

## 1-29 മരാമത്ത് പ്രവൃത്തികൾക്ക് അഡ്വാൻസ് തുക നൽകിയത്- പ്രവൃത്തികളുടെ നിർവഹണത്തിൽ കാലതാമസം

2018-19 വർഷം നടപ്പിലാക്കിയ ചില മരാമത്ത് പ്രവൃത്തികൾക്കായി ടെണ്ടർ ലഭിച്ച ഉദയപുരം ലേബർ കോൺട്രാക്ട് സഹകരണ സംഘത്തിന് അഡ്വാൻസ് തുകകൾ നൽകിയിട്ടുണ്ട്. എന്നാൽ ഇവയിൽ ചില പ്രവൃത്തികൾ നാളിതു വരെ ആരംഭിച്ചിട്ടില്ല. ചില പ്രവൃത്തികൾ ഓഡിറ്റ് തിയതിയിലും നിർവഹണ ഘട്ടങ്ങളിലാണ്. പ്രവൃത്തികൾ ആരംഭിക്കുന്നതിലും പൂർത്തിയാക്കുന്നതിലും വലിയ കാലതാമസം വന്നിട്ടുള്ളതായി നിരീക്ഷിക്കുന്നു. ഈ പ്രവൃത്തികളുടെ കാര്യത്തിൽ കരാർ വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് അടിയന്തിരമായി വിവരങ്ങൾ അറിയിക്കേണ്ടതാണ്. പ്രവൃത്തികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നം, പേര് | അഡ്വാൻസ് ബിൽ നം. തിയതി, തുക, ഫണ്ട് | കരാറുകാരൻ/ കൺവീനർ, കരാർ തിയതി | പ്രവൃത്തിയുടെ നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1 | പ്രോജക്ട് നം 98/19- കലയന്തടം കായക്കുന്ന് റോഡ് ടാറിംഗ് | 94/29.12.2018- 1,49,660<br><br>മെയിന്റനൻസ് ഫണ്ട് റോഡ് | ഉദയപുരം ലേബർ കോൺട്രാക്ട് സഹകരണ സംഘം,<br><br>22.12.2018 | പ്രവൃത്തി ആരംഭിച്ചിട്ടില്ല. |
| 2 | പ്രോജക്ട് നം 168/19- | 99/29.12.2018- | ഉദയപുരം ലേബർ | പ്രവൃത്തി |

| | | | | |
|---|---|---|---|---|
| | കുഞ്ഞികൊച്ചി ശ്മശാനം | 1,24,711<br>വികസന ഫണ്ട്-പൊതു വിഭാഗം | കോൺട്രാക്ട് സഹകരണ സംഘം,<br>22.12.2018 | ആരംഭിച്ചിട്ടില്ല. |
| 3 | പ്രോജക്ട് നം 223/19- പി.എച്ച്.സി അടിസ്ഥാന സൗകര്യ വികസനം | 107/29.12.2018- 1,24,710<br>മെയിന്റനൻസ് ഫണ്ട് നോൺ റോഡ് | ഉദയപുരം ലേബർ കോൺട്രാക്ട് സഹകരണ സംഘം,<br>16.11.2018 | പ്രവൃത്തി നിർവഹണ ഘട്ടത്തിൽ |
| 4 | പ്രോജക്ട് നം 359/19- പുളിക്കാൽ മാണിയൂർ റോഡ് ടാറിങ്ങ് | 68/29.8.2018- 1,25,000<br>മെയിന്റനൻസ് ഫണ്ട് റോഡ് | ഉദയപുരം ലേബർ കോൺട്രാക്ട് സഹകരണ സംഘം,<br>07.02.2019 | പ്രവൃത്തി ആരംഭിച്ചിട്ടില്ല. |
| 5 | പ്രോജക്ട് നം 362/19- പാലക്കാൽ ആലടുക്കം റോഡ് ടാറിങ്ങ് | 56/29.8.2018- 1,25,000<br>മെയിന്റനൻസ് ഫണ്ട് റോഡ് | ഉദയപുരം ലേബർ കോൺട്രാക്ട് സഹകരണ സംഘം,<br>15.02.2018 | പ്രവൃത്തി ആരംഭിച്ചിട്ടില്ല. |
| 6 | പ്രോജക്ട് നം 386/19- ളുങ്ങൽ മിച്ചഭൂമി കോളനി ഫുട്പാത്ത്കോൺക്രീറ്റ് | 64/29.8.2018- 1,40,000<br>മെയിന്റനൻസ് ഫണ്ട് റോഡ് | ഉദയപുരം ലേബർ കോൺട്രാക്ട് സഹകരണ സംഘം,<br>31.03.2018 | പ്രവൃത്തി നിർവഹണ ഘട്ടത്തിൽ |
| 7 | പ്രോജക്ട് നം 492/19- കുറ്റിയടുക്കം കമ്മ്യൂണിറ്റി ഹാൾ റിപ്പയർ | 92/28.12.2018- 74,625<br>മെയിന്റനൻസ് ഫണ്ട് നോൺ റോഡ് | ഉദയപുരം ലേബർ കോൺട്രാക്ട് സഹകരണ സംഘം,<br>16.11.2018 | പ്രവൃത്തി ആരംഭിച്ചിട്ടില്ല. |
| 8 | പ്രോജക്ട് നം 493/19- ളുങ്ങൽ അങ്കണവാടി ഷീറ്റിടൽ | 106/29.12.2018- 37,500<br>മെയിന്റനൻസ് ഫണ്ട് നോൺ റോഡ് | ഉദയപുരം ലേബർ കോൺട്രാക്ട് സഹകരണ സംഘം,<br>16.01.2018 | പ്രവൃത്തി നിർവഹണ ഘട്ടത്തിൽ |
| 9 | പ്രോജക്ട് നം 175/19- പാറക്കല്ല് അങ്കണവാടി കെട്ടിടം | 1,00,000<br>തനതു ഫണ്ട് | ഉദയപുരം ലേബർ കോൺട്രാക്ട് സഹകരണ സംഘം,<br>20.12.2018 | പ്രവൃത്തി ആരംഭിച്ചിട്ടില്ല. |
| 10 | പ്രോജക്ട് നം 221/19- പാറക്കടവ് കമ്മ്യൂണിറ്റി ഹാൾ വിപുലീകരണം | 87,062<br>തനതു ഫണ്ട് | ഉദയപുരം ലേബർ കോൺട്രാക്ട് സഹകരണ സംഘം,<br>16.11.2018 | പ്രവൃത്തി നിർവഹണ ഘട്ടത്തിൽ |
| 11 | പ്രോജക്ട് നം 499/19- എം.എൻ.ആർ.ജി.എ ഓഫീസ് റിപ്പയർ | 74,625<br>തനതു ഫണ്ട് | ഉദയപുരം ലേബർ കോൺട്രാക്ട് സഹകരണ സംഘം, | പ്രവൃത്തി ആരംഭിച്ചിട്ടില്ല. |

| | | | | |
|---|---|---|---|---|
| | | | 16.11.2018 | |
| 12 | പ്രോജക്റ്റ് നം 500/19- പഞ്ചായത്ത് മീറ്റിംഗ് ഹാൾ റിപ്പയർ | 99,000<br>തനതു ഫണ്ട് | ഉദയപുരം ലേബർ കോൺട്രാക്റ്റ് സഹകരണ സംഘം,<br>19.06.2018 | പ്രവൃത്തി നിർവഹണ ഘട്ടത്തിൽ |

# 1-30 റോഡ് ടാറിംഗ് റീ ടാറിംഗ് പ്രവൃത്തികൾ- ബിറ്റുമിന്റെയും എമൽഷന്റെയും ഒറിജിനൽ ബിൽ ഇല്ലാതെ പേമെന്റ് നടത്തി

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പൊതു മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ പ്രൈസ് സോഫ്റ്റ് വെയറിൽ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ ഉത്തരവ് (പി)നം.96/2016/ഫിൻ, തിയതി 15.07.2016 പ്രകാരം ബിറ്റുമിനസ് ഇനങ്ങളുടെ നിരക്ക് സംബന്ധിച്ച് സ്പഷ്ടത വരുത്തിയിട്ടുണ്ട്. ഈ ഉത്തരവിൽ ബിറ്റുമിനസ് ഇനങ്ങളുടെ പേമെന്റ് ഒറിജിനൽ ഇൻവോയ്സുകളുടെ ബലത്തിൽ മാത്രമേ നടത്താവൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ, 2018-19 വർഷം നടപ്പിലാക്കിയ മിക്ക പ്രവൃത്തികളിലും, ബിറ്റുമിനസ് ഇനങ്ങളുടെ ഒറിജിനൽ ഇൻവോയ്സുകൾ കൈപ്പറ്റാതെ പേമെന്റ് നടത്തിയതായി കാണുന്നു. സർക്കാർ ഉത്തരവിലെ നിർദേശം പാലിക്കാത്തത് ശരിയല്ല.

ഈ വിഷയം 2017-18 ലെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-7 ൽ ഇക്കാര്യം ചൂണ്ടിക്കാട്ടിയിരുന്നെങ്കിലും അപാകതകൾ ഈ വർഷവും ആവർത്തിച്ചു കാണുന്നു.

# 1-31 Fume red നിറത്തിലുള്ള സെറാമിക് ടൈലുകൾ സ്ഥാപിക്കുന്നതിന് അധികം നിരക്ക് അനുവദിച്ചു- നഷ്ടം

2018-19 വർഷം നടപ്പിലാക്കിയ ചില പ്രവൃത്തികളിൽ Fume red നിറത്തിലുള്ള സെറാമിക് ടൈലുകൾ സ്ഥാപിക്കുന്നതിന് അധികം നിരക്ക് അനുവദിച്ചതിനാൽ പഞ്ചായത്ത് ഫണ്ടിന് നഷ്ടം സംഭവിച്ചിട്ടുള്ളതായി കാണുന്നു. സി.പി.ഡബ്ല്യു.ഡി കോഡ് 11.38 പ്രകാരമുള്ള ഇനമായിരുന്ന എസ്റ്റിമേറ്റ് പ്രകാരം നിർവഹിക്കേണ്ടിയിരുന്നതെങ്കിലും കോഡ് 11.37 പ്രകാരമുള്ള പ്രവൃത്തിയാണ് സൈറ്റുകളിൽ ചെയ്തു കാണുന്നത്. പ്രോജക്റ്റ് നം 473/19- പഞ്ചായത്ത് ഓഫീസ് കെട്ടിടം പെയിന്റിങ്ങ്, പ്രോജക്റ്റ് നം 375/19-ജി.യു.പി.എസ് പറക്കളായി അറ്റകുറ്റപ്പണി എന്നീ പ്രവൃത്തികളിൽ പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം ഖണ്ഡിക 3-1 ൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം ഉത്തരവാദികളായ ഉദ്യഗസ്ഥരിൽ നിന്നും ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-32 റോഡ് ടാറിംഗ് പ്രവൃത്തി- അധിക ഇനമായി ഉൾപ്പെടുത്തിയ പ്രവൃത്തിക്ക് അനുവദിച്ച നിരക്ക് അധികം- നഷ്ടം

പ്രോജക്റ്റ് നം 361/19- തെരങ്കല്ല് കയ്യുള്ളമൂല റോഡ് ടാറിംഗ് എന്ന പ്രവൃത്തിയുടെ പുതുക്കിയ എസ്റ്റിമേറ്റിൽ അധിക ഇനമായി ഉൾപ്പെടുത്തിയ 3.5.1- Excavation in cutiing in soil by manual means with lead upto 50 meter (spec. 302.3 ) 76cum @ 437.47/cum= 33,335 എന്നയിനത്തിന് അനുവദിച്ചിട്ടുള്ള നിരക്ക് അധികമായതിനാൽ പഞ്ചായത്ത് ഫണ്ടിന് 14,862 രൂപയുടെ നഷ്ടം നേരിട്ടിട്ടുണ്ട്. ആയത് സംബന്ധിച്ച വിശദ വിവരങ്ങൾ ഈ ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 3-2 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്.

# 1-33 തൊഴിലുറപ്പ് പദ്ധതി- സാധനസാമഗ്രികൾ വാങ്ങിയത്- കരാറുകാരിൽ നിന്നും ആദായ നികുതി ഈടാക്കിയിട്ടില്ല.

2018-19 വർഷം മഹാത്മ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിപ്രകാരം ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കിയ വിവിധ പ്രവൃത്തികൾക്കായി സാധനസാമഗ്രികൾ നല്കിയ വകയിൽ. 8198081/- രൂപ വിവിധ കരാറുകാർക്ക് നല്കിയിട്ടുണ്ട്. എന്നാൽ ആദായ നികുതി നിയമം സെക്ഷൻ 194 (c) പ്രകാരം ഈടാക്കേണ്ട ആദായ നികുതി (വ്യക്തികളിൽ നിന്നും 1%, സ്ഥാപനങ്ങളിൽ നിന്നും 2% ) സ്രോതസ്സിൽ നിന്നും ഈടാക്കാതെയാണ് കരാറുകാർക്ക് തുക അനുവദിച്ചത് . പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു. ആദായ നികുതി ഈടാക്കി ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കി രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

| ക്രമ.നം | പ്രവൃത്തിയുടെ പേര് | FTO No & തിയതി | മെറ്റീരിയൽ കോസ്റ്റ് | ഈടാക്കേണ്ട ആദായനികുതി | കരാറുകാരന്റെ പേര് |
|---|---|---|---|---|---|
| 1 | ചേമന്തോട് ആനക്കല്ല് റോഡ് സോളിങ്ങ് | 12684/ 8.5.18 | 224986 | 2250 | വി.വി.ബാലൻ |
| 2 | താന്നിക്കൽ തോട്ടിനാട് റോഡ് സോളിങ്ങ് | 12673/8.5.18 | 239194 | 2394 | മാത്യൂ.പി.ആന്റണി |
| 3 | കലയന്തടം കായക്കുന്നു റോഡ് സോളിങ്ങ് | 12679/8.5.18 | 222016 | 4440 | ഉദയപുരം ലേബർ കോൺട്രാക്ട്സൊസൈറ്റി |
| 4 | കായക്കുന്ന് മുണ്ട്യാനം റോഡ് വികസനം&സോളിങ്ങ് | 12692/8.5.18 | 222016 | 2220 | മാത്യൂ.പി.ആന്റണി |
| 5 | പാറപ്പള്ളി മലയക്കോൽ റോഡ് സോളിങ്ങ് | 12698/8.5.18 | 146763 | 1468 | മാത്യൂ.പി.ആന്റണി |
| 6 | ഉത്രിച്ചാംകാവ് മുളവിനടുക്കം റോഡ് സോളിങ്ങ് | 22079/8.5.18 | 222016 | 2220 | മാത്യൂ.പി.ആന്റണി |
| 7 | മണ്ടേങ്ങാനം അങ്കണവാടി നിർമ്മാണം | 237198/27.9.18 | 68450 | 1369 | ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റി |
| 8 | അയറോട്ട് അങ്കണവാടി നിർമ്മാണം | 237202/27.9.18 | 85450 | 855 | കെ.കൊട്ടൻ |
| 9 | കോടോം അമ്പലം റോഡ് സോളിങ്ങ് | 237244/27.9.18 | 225368 | 4507 | ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റി |
| 10 | വെണ്ണിക്കുന്ന് ആനക്കുഴി റോഡ് സോളിങ്ങ് | 237338/27.9.18 | 222016 | 2220 | മാത്യൂ.പി.ആന്റണി |
| 11 | വവ്വാൽക്കുന്ന് ചെറളം നേരോ ത്ത് റോഡ് സോളിങ്ങ് | 371251/30.11.18 | 216000 | 2160 | മാത്യൂ.പി.ആന്റണി |
| 12 | കമലപ്ലാവ് ചെറളം റോഡ് സോളിങ്ങ് | 371297/30.11.18 | 216000 | 2160 | എം.മാഹിൻ |
| 13 | അയറോട്ട് അങ്കണവാടി നിർമ്മാണം | 371490/30.11.18 | 237750 | 2378 | കെ.കൊട്ടൻ |
| 14 | ക്ലായിക്കോട് മുണ്ട്യാനം റോഡ് സോളിങ്ങ് | 371580/1.12.18 | 243985 | 4880 | ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റി |
| 15 | ആലടുക്കം അങ്കണവാടി നിർമ്മാണം | 371720/1.12.18 | 45600 | 456 | കെ.കൊട്ടൻ |
| 16 | | 491247/1.2.19 | 41221 | 824 | |

| | | | | | |
|---|---|---|---|---|---|
| | കുഞ്ഞിക്കൊച്ചി കുറ്റിയോട്ടു റോഡ് സോളിങ്ങ് | | | | ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റി |
| 17 | അയ്യങ്കല്ല് കല്ലവളപ്പ് റോഡ് സോളിങ്ങ് | 491254/1.2.19 | 64493 | 645 | കെ.കൊട്ടൻ |
| 18 | മൊടഗ്രാമം കോട്ടപ്പാറ റോഡ് സോളിങ്ങ് | 491256/1.2.19 | 216000 | 2160 | കെ.കൊട്ടൻ |
| 19 | ക്ലവക്കല്ല് മുളവിനടുക്കം റോഡ് സോളിങ്ങ് | 491266/1.2.19 | 200880 | 2009 | കെ.കൊട്ടൻ |
| 20 | വയമ്പ് പറക്കളായി റോഡ് സോളിങ്ങ് | 491273/1.2.19 | 244239 | 4885 | ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റി |
| 21 | തടിയൻവളപ്പ് കാഞ്ഞി രടുക്കം റോഡ് സോളിങ്ങ് | 491681/1.2.19 | 221770 | 4435 | ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റി |
| 22 | ആലടുക്കം അങ്കണവാടി നിർമ്മാണം | 545950/23.2.19 | 149985 | 1500 | കെ.കൊട്ടൻ |
| 23 | മണ്ടേങ്ങാനം അങ്കണവാടി നിർമ്മാണം | 545996/23.2.19 | 149925 | 2999 | ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റി |
| 24 | അയറോട്ട് അങ്കണവാടി നിർമ്മാണം | 569289/05.03.19 | 125057 | 1251 | കെ.കൊട്ടൻ |
| 25 | കാലിച്ചാനടുക്കം വണ്ണാൻ കോളനി റോഡ് സോളിങ്ങ് | 609695/22.3.19 | 208852 | 2089 | എം.മാഹിൻ |
| 26 | ക്ലായിക്കോട് മുണ്ട്യാനം റോഡ് സോളിങ്ങ് | 609752/22.3.19 | 219783 | 4396 | ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റി |
| 27 | ക്ലായിക്കോട് വള്ളിച്ചിറ്റ റോഡ് സോളിങ്ങ് | 609764/22.3.19 | 221765 | 4435 | ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റി |
| 28 | തണ്ണീർ പന്തൽ വെങ്ങാച്ചേരി റോഡ് സോളിങ്ങ് | 609802/22.3.19 | 222005 | 2220 | മാത്യു.പി.ആന്റണി |
| 29 | ക്ലായിക്കോട് കൊട്ടാരം റോഡ് സോളിങ്ങ് | 609858/22.3.19 | 117216 | 2344 | ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റി |
| 30 | എണ്ണപ്പാറ കാരിയം റോഡ് സോളിങ്ങ് | 609928/22.3.19 | 241769 | 4835 | ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റി |
| 31 | നെരോത്ത് കലയന്തടം റോഡ് സോളിങ്ങ് | 610062/23.3.19 | 222005 | 2220 | മാത്യു.പി.ആന്റണി |
| 32 | എണ്ണപ്പാറ പാത്തിക്കര റോഡ് സോളിങ്ങ് | 610081/23.3.19 | 31391 | 314 | മാത്യു.പി.ആന്റണി |
| 33 | മുരിക്കീർ എണ്ണപ്പാറ കോളനി റോഡ് വികസനം-സോളിങ്ങ് | 610086/23.3.19 | 111008 | 1110 | മാത്യു.പി.ആന്റണി |
| 34 | വയമ്പ് പറക്കളായി റോഡ് സോളിങ്ങ്-റീച്ച് -2 | 619115/27.3.19 | 199608 | 3992 | ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റി |

| | | | | | |
|---|---|---|---|---|---|
| 35 | വെണ്ണിക്കുന്ന് മുണ്ടപ്ലാവ് റോഡ് സോളിങ്ങ് | 619116/27.3.19 | 206075 | 2061 | മാത്യു.പി.ആന്റണി |
| 36 | പഞ്ചായത്ത് ഓഫീസ് കല്ലരാൽ റോഡ് സോളിങ്ങ് | 919117/27.3.19 | 139739 | 2795 | ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റി |
| 37 | അയറോട്ട് ഉമിക്കുപ്പ റോഡ് സോളിങ്ങ് | 619118/27.3.19 | 185317 | 3706 | ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റി |
| 38 | പുള്ളിക്കല്ല് മണിയൂർ റോഡ് സോളിങ്ങ് | 619120//27.3..19 | 181129 | 1811 | മാത്യു.പി.ആന്റണി |
| 39 | ചിറ്റിക്കോട്ട് -വേങ്ങാച്ചേരി റോഡ് സോളിങ്ങ് | 619121/27.3.19 | 221963 | 2220 | മാത്യു.പി.ആന്റണി |
| 40 | ആനക്കുഴി ചൂരപ്പടവ് റോഡ് സോളിങ്ങ് | 619122/27.3.19 | 221963 | 2220 | മാത്യു പി ആന്റണി |
| 41 | പനങ്കോട് പിണ്ടിക്കടവ് റോഡ് സോളിങ്ങ് | 619123/27.3.19 | 146022 | 2920 | ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റി |
| 42 | എട്ടുപൊതിപ്പാട് ആലത്തടി റോഡ് സോളിങ്ങ് | 631338/30.3.19 | 100415 | 1004 | എം.മാഹിൻ |
| 43 | മേക്കോടം കുറ്റിത്താനി റോഡ് സോളിങ്ങ് | 632238/30.3.19 | 206842 | 2068 | സി.ഉദയൻ |
| 44 | ആനപ്പെട്ടി കനിയന്തടം റോഡ് സോളിങ്ങ് | 632242/30.3.19 | 92468 | 925 | എം.മാഹിൻ |
| 45 | കലയന്തടം കായക്കുന്ന് റോഡ് സോളിങ്ങ്-റീച്ച് 2 | 632243/30.3.19 | 146018 | 1460 | എം.മാഹിൻ |
| 46 | മുക്കുട് ബിരിത്തി മൂല റോഡ് സോളിങ്ങ് | 632245/30.3.19 | 221441 | 4429 | എം.മാഹിൻ |
| 47 | നായിക്കയം അരിപ്പനീർത്തട്ട് റോഡ് സൈഡ് സംരക്ഷണം | 632247/30.3.19 | 82107 | 1642 | ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റി |
| | | | ₹81,98,081/- | ₹1,13,901/- | |

## 1-34 ഹരിത ഭവനം പദ്ധതി -ഫീൽഡ് തലപരിശോധന റിപ്പോർട്ടുകൾ തയ്യാറാക്കിയിട്ടില്ല- മറ്റ് അപാകതകൾ.

2018-19 വർഷം നടപ്പിലാക്കിയ , ഹരിത ഭവനം പദ്ധതിപ്രകാരം (പ്രൊ.നം 232/18-19, പ്രൊ.നം 84/18-19)ചുവടെ ചേർത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്.

| ക്രമ നം | ട്രഷറി ബിൽ നം & തുക | പ്രൊ.നം | ഗുണഭോക്താക്കളുടെ വിവരം |
|---|---|---|---|
| 1 | 12/31.10.2018 ₹ 20,000/- | 232/18-19 | കുര്യൻ.എം.പി |
| 2 | 31/14.01.2019, ₹60,000 | 84/18-19 | റീന സജി<br>ലൂക്ക<br>പദ്മിനി.എ |
| 3 | 1/25.5.2018 ₹1,60,000 | 232/18-19 | ഗംഗാധരൻ.പി.വി, ചെറിയാൻ.വി.സി |

| | | | |
|---|---|---|---|
| | | | രാമചന്ദ്രൻ നായർ<br>സരോജിനി പി.കെ<br>ബിജോഷ് വർഗ്ഗീസ്<br>പുഷ്പ.<br>എം.വി.സോഫിയാമ്മ<br>ഏലിക്കുട്ടി |
| 4 | 8/25.5.2018 ₹40,000/- | 232/18-19 | ലളിത.വി.<br>ബേബി.എം.വി |
| | | | |

മഴവെള്ള റീചാർജ്ജിങ്ങ് , കമ്പോസ്റ്റ് കുഴി നിർമ്മാണം , പച്ചക്കറി കൃഷി, കന്നുകാലികളെ വാങ്ങൽ, പക്ഷികളെ വളർത്തൽ തുടങ്ങിയ ഇനങ്ങൾ ഉൾപ്പെടുത്തി കർഷകർ ലഭ്യമാക്കിയ ക്ലെയിം സ്റ്റേറ്റ്മെന്റുകളുടെയടിസ്ഥാനത്തിലാണ് കർഷകർക്ക് സബ്സിഡി അനുവദിച്ചിരിക്കുന്നത്. എന്നാൽ സബ്സിഡി മാർഗ്ഗരേഖയിലെ ചുവടെ ചേർത്ത നിർദ്ദേശങ്ങൾ പാലിച്ചുകാണുന്നില്ല.

എ) കർഷകർ ലഭ്യമാക്കിയ ക്ലെയിം സ്റ്റേറ്റ്മെന്റുകൾ കൃഷി ഓഫീസർ പരിശോധിച്ച് അംഗീകരിച്ച് കാണുന്നില്ല. കൃഷി വകുപ്പ് അധികൃതർ ഫീൽഡ് തല പരിശോധന നടത്തിയതിന്റെ യാതൊരുവിധ രേഖകളും ഫയലിൽ ലഭ്യമല്ല.

ബി) വീട്ടു വളപ്പിലെ കൃഷിയോഗ്യമായ എല്ലാ സ്ഥലവും ജൈവകൃഷി നടത്തേണ്ടതാണ് എന്ന നിർദ്ദേശം സാധൂകരിക്കുന്ന പരിശോധന റിപ്പോർട്ടുകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.ഓരോ കർഷകരും ഏതൊക്കെ വിളകൾ ജൈവ കൃഷി രീതി അവലംബിച്ച് കൃഷി ചെയ്യുന്നുണ്ട് എന്നത് പരിശോധിച്ച് ഉറപ്പാക്കിക്കാണുന്നില്ല.

സി).തദ്ദേശ സ്ഥാപനതല മിഷൻ ടീം പരിശോധന നടത്തി കർഷകർക്ക് നിർദ്ദേശങ്ങൾ നല്കിയത് സംബന്ധിച്ച റിപ്പോർട്ടുകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

ഡി). ബെനിഫിഷ്യറി എൻറോൾമെന്റ് ഫോറം തയ്യാറാക്കിയിട്ടില്ല. പരിസ്ഥിതി സൗഹൃദമായി ചെയ്യാൻ കഴിയുന്ന കൃഷി, മൃഗസംരക്ഷണം, ക്ഷീര വികസനം, ജലവിഭവ സരക്ഷണം, മാലിന്യസംസ്കരണം, ഊർജ്ജ സംരക്ഷണം, ഭക്ഷ്യ സുരക്ഷ തുടങ്ങിയവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ ഒരു പട്ടിക ഗുണഭോക്താവിന് നല്കി അടുത്ത നാലുവർഷങ്ങളിലായി ഗുണഭോക്താവിന് നടപ്പിലാക്കുവാൻ കഴിയുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചിട്ടില്ല.

ഇ) തല്പരരായ ഗുണഭോക്താക്കൾക്ക് ശാസ്ത്രീയമായി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ബോധവത്കരണ ക്ലാസ്സുകൾ നല്കിയിട്ടില്ല.

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട മേൽ ന്യൂനതകൾ ഓഡിറ്റ് എൻക്വയറി നം. 11 തിയതി 31.12.2019 നിർവ്വഹണ ഉദ്യോഗസ്ഥനെ അറിയിച്ചുവെങ്കിലും മറുപടി ലഭ്യമാക്കുകയുണ്ടായില്ല. അപാകതകൾ പരിഹരിച്ച് മറുപടി ലഭ്യമാക്കുന്നതുവരെ മേൽ പട്ടികപ്രകാരം നടത്തിയ 2,80,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 1-35 വാഴ കൃഷി വികസനം -വഴക്കന്ന് വിതരണ രേഖകൾ അപൂർണ്ണം

( പ്രൊ.നം 64/18-19(ST)(ട്രഷറി ബിൽ നം.21/09.11.2018₹ 1,00,000/-)& പ്രൊ.നം 63/18-19-(ട്രഷറി ബിൽ നം.23/09.11.2018₹ 3,20,000/-),)

ഗ്രാമ പഞ്ചായത്തിൽ 2018-19 വർഷം നടപ്പാക്കിയ വാഴകൃഷി വികസന പദ്ധതി പ്രകാരം വാഴക്കന്ന് വിതരണം ചെയ്ത വകയിൽ വികസന ഫണ്ട് പൊതു വിഭാഗത്തിൽ നിന്നും 3,20,000/- രൂപയും

ടി.എസ്.പിയിൽ നിന്നും 1,00,000/- രൂപയും ചെലവ് ചെയ്തിട്ടുണ്ട്. രണ്ട് പ്രൊജക്ടുകളിലുമായി 16 രൂപ നിരക്കിൽ ആകെ 26,250 വാഴക്കന്നുകൾ നീലേശ്വരം ഇക്കോ ഷോപ്പിൽ നിന്നും വാങ്ങിയിട്ടുണ്ട്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട രേഖകളുടെ സൂക്ഷ്മപരിശോധനയിൽ ചുവടെ ചേർത്ത ന്യൂനതകൾ ശ്രദ്ധയിൽപ്പെടുകയുണ്ടായി

1) പൊതു വിഭാഗത്തിന് നല്കുവാനായി 20,000 വാഴക്കന്നുകളാണ് വാങ്ങിയിട്ടുള്ളത് . എന്നാൽ ലഭ്യമാക്കിയ വിതരണ സ്റ്റേറ്റ്മെന്റ് പ്രകാരം 19,220 എണ്ണമാണ് വിതരണം ചെയ്തു കാണുന്നത്.അവശേഷിച്ചവയുടെ (780) വിതരണ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

2) വിതരണ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ട ചുവടെ ചേർത്ത ഗുണഭോക്താക്കൾ വാഴക്കന്ന് കൈപ്പറ്റിക്കാണുന്നില്ല.

| വാർഡ്.നം | ഗുണഭോക്താവിന്റെ പേര് | എണ്ണം |
|---|---|---|
| 1 | രഘു.പി | 30 |
| | ഭരതൻ.പി | 30 |
| | യശോദ.പി | 30 |
| 9 | എം.സീതാരാമൻ. | 30 |
| | സുധാ ബാലകൃഷ്ണൻ | 30 |
| 13 | ഗോപാലൻ നായർ | 30 |
| | കമലാക്ഷി അമ്പാടി | 30 |
| | അബ്ദുൾ ഹമീദ് | 30 |
| | രാജൻ.പി | 30 |
| | ജിസി ജോസ് | 30 |
| | കലാ ബാലൻ | 30 |
| | എം.കാർത്യായനി | 30 |
| | മേരി ജോൺ | 30 |
| 14 | എം.സുനിൽ കുമാർ | 30 |
| 15 | നാരായണൻ.കെ | 30 |
| | പട്ടികവർഗ്ഗ വിഭാഗം | |
| 13 | നാരായണൻ.സി | 115 |
| | ചിരുകണ്ടൻ | 115 |
| | ആകെ | 680 |

മേൽ ഗുണഭോക്താക്കൾക്ക് വാഴക്കന്നുകൾ നല്കിയിട്ടുണ്ടെങ്കിൽ കൃഷി ചെയ്തത് സംബന്ധിച്ചും, ലഭിച്ച വിളവ് സംബന്ധിച്ചുമുള്ള സത്യവാങ്മൂലം മേൽ കർഷകരിൽ നിന്ന വാങ്ങേണ്ടതും , കൃഷി ഓഫീസർ നേരിട്ട് സ്ഥല പരിശോധന നടത്തി പ്രസ്തുത സത്യവാങ്മൂലത്തിന്റെ നിജസ്ഥിതി പരിശോധിച്ച് സാക്ഷ്യപ്പെടുത്തി ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്ത് അംഗത്തിന്റെ സാക്ഷ്യപത്രം സഹിതം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. പരിശോധനയിൽ മേൽ പരാമർശിച്ച ഏതെങ്കിലും കർഷകൻ കൃഷി ചെയ്തിട്ടില്ലയെന്ന് കാണുകയുണ്ടായാൽ വാഴക്കന്നിന് ചെലവായ തുക തിരികെ ഈടാക്കി സഞ്ചിത നിധിയിൽ ഈടാക്കേണ്ടതാണ്.

3) വിതരണ സ്റ്റേറ്റ്മെന്റ് പ്രകാരം പതിനേഴാം വാർഡിൽ ആകെ 60 കർഷകർക്കാണ് വാഴക്കന്ന് നല്കിയിട്ടുള്ളത് . അച്ചടിച്ച് തയ്യാറാക്കിയ പ്രസ്തുത സ്റ്റേറ്റ്മെന്റിൽ ക്രമ നമ്പർ 52 മുതൽ 60 വരെയുള്ള ചുവടെ ചേർത്ത ഗുണഭോക്താക്കളുടെ പേര് വിവരം എഴുതി ചേർത്തതായാണ് കാണുന്നത് . കൂടാതെ ഗുണഭോക്താക്കൾ രേഖപ്പെടുത്തിയ ഒപ്പുകളിലും സാമ്യം കാണുന്നു

| വാർഡ്.നം | ഗുണഭോക്താവിന്റെ പേര് | എണ്ണം |
|---|---|---|
| 17 | ഗീത.സി. പൊയ്യളം | 30 |
| | സതി.കെ പൊയ്യളം | 30 |
| | ജിഷ.ബി പൊയ്യളം | 30 |
| | | |

| | | |
|---|---|---|
| | ഓമന.എം.പൊയ്യളം | 30 |
| | നാരായണി .ബി.പൊയ്യളം | 30 |
| | പുഷ്പ പൊയ്യളം | 30 |
| | ലാലി വർഗ്ഗീസ് | 30 |
| | ഭാർഗ്ഗവി മൂഴിക്കാവിൽ | 30 |
| | കെ.കൃഷ്ണൻ നമ്പ്യാർ | 30 |
| | ആകെ | 270 |

വാഴക്കന്ന് വിതരണം ചെയ്യുന്നതല്ലാതെ ഗുണഭോക്താക്കൾ കൃഷി ചെയ്തിട്ടുണ്ടെന്നത് സാധൂകരിക്കുന്ന കൃഷി വകുപ്പ് അധികൃതരുടെ പരിശോധനറിപ്പോർട്ടുകൾ ബന്ധപ്പെട്ട അപേക്ഷകളോടൊപ്പം സൂക്ഷിച്ച് കാണുന്നില്ല. വാഴക്കന്ന് കൈപ്പറ്റിയ മേൽ പരാമർശിച്ച കർഷകരിൽ നിന്നും പദ്ധതിപ്രകാരം കൃഷി ചെയ്തത് സംബന്ധിച്ചും, ലഭിച്ച വിളവ് സംബന്ധിച്ചുമുള്ള സത്യവാങ്മൂലം വാങ്ങേണ്ടതും , കൃഷി ഓഫീസർ നേരിട്ട് സ്ഥല പരിശോധന നടത്തി പ്രസ്തുത സത്യവാങ്മൂലത്തിന്റെ നിജസ്ഥിതി പരിശോധിച്ച് സാക്ഷ്യപ്പെടുത്തി ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്ത് അംഗത്തിന്റെ സാക്ഷ്യപത്രം സഹിതം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. പരിശോധനയിൽ മേൽ പരാമർശിച്ച ഏതെങ്കിലും കർഷകൻ കൃഷി ചെയ്തിട്ടില്ലയെന്ന് കാണുകയുണ്ടായാൽ വാഴക്കന്നിന് ചെലവായ തുക തിരികെ ഈടാക്കി സഞ്ചിത നിധിയിൽ അടവാക്കേണ്ടതാണ്.

മേൽ ക്രമ നം 1,2,3 എന്നിവയിൽ പരാമർശിച്ച ന്യൂനതകൾ പരിഹരിച്ച് ബന്ധപ്പെട്ട രേഖകൾ സഹിതം മറുപടി ലഭ്യമാക്കുന്നതുവരെ മേൽ പരാമർശിച്ച പ്രകാരം വാഴക്കന്നിന് ചെലവഴിച്ച 27,680 രൂപയുടെ (780+680+270x16) ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

4) വാഴകൃഷി വികസന പദ്ധതി പ്രകാരം മിക്കവർഷങ്ങളിലും ആയിരക്കണക്കിന് വാഴക്കന്നുകൾ കർഷകർക്ക് വിതരണം ചെയ്യുന്നുണ്ട്. ഇതനുസരിച്ച് ഗ്രാമ പഞ്ചായത്തിൽ വ്യാപകമായി വാഴകൃഷി ചെയ്യുന്നുണ്ടെന്ന് അനുമാനിക്കാവുന്നതാണ്. എന്നാൽ മിക്കവർഷങ്ങളിലും പദ്ധതിയ്ക്കായി വാഴക്കന്നുകൾ ഗ്രാമ പഞ്ചായത്തിന് പുറത്തുള്ള സ്ഥാപനങ്ങളിൽ നിന്നും വാങ്ങുന്ന സ്ഥിതി വിശേഷമാണുള്ളത് . ഗ്രാമ പഞ്ചായത്തിൽ നിലവിൽ ഇക്കോ ഷോപ്പുകളും, കർഷക സംഘങ്ങളും പ്രവർത്തിച്ച് വരുന്ന സാഹചര്യത്തിൽ , വാഴകൃഷി വ്യാപനത്തിനുള്ള പദ്ധതിയ്ക്കായി വാഴക്കന്നുകൾ ഗ്രാമ പഞ്ചായത്തിലെ കർഷകരിൽ നിന്നും ശേഖരിച്ച് ഇക്കോ ഷോപ്പുകൾ മുഖേന വിപണനം ചെയ്യുന്നതിനുള്ള സാധ്യത പരിശോധിച്ച്, ആയതിന് സ്വീകരിച്ച നടപടികൾ വിശദമാക്കേണ്ടതാണ്.

## 1-36 തൊഴിൽ സേനയ്ക്ക് കാർഷിക യന്ത്രങ്ങൾ - കരാറുടമ്പടി ഹാജരാക്കിയില്ല.

2018-19 വർഷം സ്പിൽ ഓവർ പദ്ധതിയായി നടപ്പിലാക്കിയ തൊഴിൽ സേന-പദ്ധതിയുടെ (പ്രൊ.നം 237/18-19) ഭാഗമായി കാർഷിക യന്ത്രങ്ങൾ വാങ്ങിയ വകയിൽ വികസന ഫണ്ടിൽ നിന്നും 1,64,926 രൂപ കോടോം ബേളൂർ ഗ്രാമ പഞ്ചായത്ത് തൊഴിൽ സേനയ്ക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.(ട്രഷറി ബിൽ.നം 11/31.5.2018₹1,64,926/-. കോടോം ബേളൂർ ഗ്രാമ പഞ്ചായത്ത് തൊഴിൽ സേന സെക്രട്ടറിയുടെ പേരിൽ റെയിഡ്കോ നൽകിയ ഇൻവോയ്സ് പ്രകാരം (KHD/2241/17-18 തി.24.3.2018) ബ്രഷ്കട്ടർ 3എണ്ണം, ട്രിമ്മർ ഹെഡ് 3എണ്ണം , തെങ്ങ് കയറ്റയന്ത്രം 5എണ്ണം, പവർറീപ്പർ 1എണ്ണം ,എന്നീ ഉപകരണങ്ങളാണ് വാങ്ങിയിട്ടുള്ളത് .പദ്ധതി നടത്തിപ്പിൽ സബ്സിഡി മാർഗ്ഗരേഖയിലെ ചുവടെ ചേർത്ത നിർദ്ദേശങ്ങൾ പാലിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

1) പദ്ധതി നടപ്പിലാക്കുന്നതിന് മുമ്പായി , കൃഷിഭവൻ ഉൾപ്പടെ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ പൊതു സംവിധാനങ്ങളിൽ നിലവിലുള്ള ഉപകരണങ്ങൾ അപര്യാപ്തമാണെന്നുള്ള കൃഷി ഓഫീസറുടെ പരിശോധന റിപ്പോർട്ട് തയ്യാറാക്കേണ്ടതായിരുന്നു. എന്നാൽ പ്രസ്തുത റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

2) യന്ത്രങ്ങളുടെ ഉടമസ്ഥത കൃഷി ഓഫീസർക്കും, കൈവശാധികാരം സംരക്ഷണ ചുമതല എന്നിവ തൊഴിൽ സേനയ്ക്കുമാണ്. ഇതു സാധൂകരിക്കുന്ന കരാർ ഉടമ്പടി പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3) കൂടാതെ തൊഴിൽ സേനയുടെ രജിസ്ട്രേഷൻ സംബന്ധിച്ച രേഖകളും, മിനിട്സ് ബുക്ക് , യന്ത്രങ്ങൾ വാടകയ്ക്ക് നല്കിയതിന്റെ വരവ് കണക്ക് , സേനയുടെ വരവ് ചെലവ് കണക്ക് വിവരങ്ങൾ എന്നിവയും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല

മേൽ രേഖകളുടെ അഭാവത്തിൽ പദ്ധതിയ്ക്കായി നടത്തിയ 1,64,926/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 1-37 നെൽകൃഷി/പച്ചക്കറി കൃഷി അപേക്ഷകളോടൊപ്പം പരിശോധന റിപ്പോർട്ട് സൂക്ഷിക്കുന്നില്ല.

നെൽകൃഷി വികസന പദ്ധതി പ്രകാരം 2018-19 വർഷം 10.53 ലക്ഷം രൂപയും(പ്രൊ.നം.26/18-19, 231/2018-19), പച്ചക്കറി വികസന പദ്ധതിപ്രകാരം 5.62 ലക്ഷം രൂപയും (പ്രൊ.നം 81/18-19, 233/18-19, 509/18-19) വിനിയോഗിച്ചിട്ടുണ്ട് . മേൽ പദ്ധതികൾ നടപ്പിലാക്കിയ വേളയിൽ ജി.ഒ (എം.എസ്) 22/18 തസ്വഭവ തിയ്യതി 14-02-2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗ രേഖയിലെ ഖണ്ഡിക 6.1.6 & 6.1.7, ഇതോടൊന്നിച്ചുള്ള കുറിപ്പ് , എന്നിവയിൽ പരാമർശിച്ചിട്ടുള്ള ചുവടെ ചേർത്ത നിർദ്ദേശങ്ങൾ പാലിച്ചു കാണുന്നില്ല.

1) ഗുണഭോക്താക്കൾ കൃഷി ചെയ്തിട്ടുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കണം. എന്നാൽ ഇത് സാധൂകരിക്കുന്ന പരിശോധന റിപ്പോർട്ടുകൾ മേൽ പദ്ധതികളുമായി ബന്ധപ്പെട്ട ഗുണഭോക്താക്കളുടെ വ്യക്തിഗത അപേക്ഷകൾ/ക്ലെയിംസ്റ്റേറ്റുമെന്റുകളോടൊപ്പം രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. കൂലിച്ചെലവ് നൽകുന്ന സാഹചര്യത്തിൽ കൃഷിചെയ്ത സ്ഥലത്തിന്റെ വിസ്തൃതി , കൃഷിച്ചലവ്, അനുവദിക്കുന്ന സബ്സിഡി തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുന്ന നിർവ്വഹണ ഉദ്യോഗസ്ഥന്റെ പരിശോധന സാക്ഷ്യപത്രം അപേക്ഷകളോടൊപ്പം സൂക്ഷിക്കേണ്ടതാണ്. എന്നാൽ കർഷകർ വകുപ്പ് തല അപേക്ഷാ ഫോമിൽ നൽകുന്ന അപേക്ഷകളിൽ കൃഷിവകുപ്പ് അധികൃതർ ഫീൽഡ് തല പരിശോധ നടത്തി സബ്സിഡി അനുവദിച്ചത് സംബന്ധിച്ച് രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല

2) നടീൽ, കൊയ്ത്ത് /വിളവെടുപ്പ് എന്നിവയൊഴികെയുള്ള പ്രവർത്തനങ്ങളിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തണം എന്ന നിർദ്ദേശം പാലിച്ചു കാണുന്നില്ല.

3) നെൽ കൃഷി -വിള ഇൻഷ്വറൻസ് തുക കർഷകർ മുൻകൂറായി ഒടുക്കണം എന്ന നിർദ്ദേശം പാലിച്ചത് സംബന്ധിച്ച് രേഖകൾ അപേക്ഷകളോടൊപ്പം സൂക്ഷിച്ചിട്ടില്ല.

സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കാതിരുന്നതിന്റെ കാരണം വിശദമാക്കേണ്ടതും, ഭാവിയിൽ ഇക്കാര്യം കർശനമായി പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്

# 1-38 എലി നശീകരണ യജ്ഞം

സമ്പൂർണ്ണ എലി നശീകരണ യജ്ഞം പദ്ധതി പ്രകാരം (പ്രൊ.നം 501/18-19-ബ്ലോക്ക് വിഹിതം) എലി വിഷം വാങ്ങിയ വകയിൽ 15,000/ രൂപ റെയ്ഡ്കോ കാസറഗോഡിന് നല്കിയിട്ടുണ്ട് (ചെക്ക് നം 1935942 തിയതി 30.03.2019) . റെയ്ഡ്കോ ലഭ്യമാക്കിയ ഇൻവോയ്സ് പ്രകാരം 25 ഗ്രാമിന്റെ 1500 എണ്ണം റാറ്റോൾ കേക്ക് (എലി വിഷം ) ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ഇവ കർഷകർക്ക് വിതരണം ചെയ്തത് സംബന്ധിച്ച് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല . കർഷകർക്ക് വിതരണം ചെയ്തതിന്റെ രേഖകളുടെ അഭാവത്തിൽ

പദ്ധതിയ്ക്കായി നടത്തിയ 15,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ( ഓഡിറ്റ് എൻക്വയറി നം. 11 തിയതി 31.12.2019)

## 1-39 നിർവ്വഹണ ഉദ്യോഗസ്ഥർ ക്യാഷ് ബുക്ക് സൂക്ഷിക്കുന്നതിൽ അപാകതകൾ.

നിർവ്വഹണ ഉദ്യോഗസ്ഥൻ കൃഷി ഓഫീസർ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിക്കുന്ന ഫണ്ടിന്റെ വരവ് ചെലവ് വിവരങ്ങൾ രേഖപ്പെടുത്തുന്ന സബ്സിഡിയറി രജിസ്റ്റർ മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത്. 12.04.2006 ലെ ജി.ഒ (പി) നം.177/2006 ഉത്തരവിൽ നിഷ്കർഷിച്ച മാതൃകയിലുള്ള ഔദ്യോഗിക ക്യാഷ് ബുക്കിൽ (TR 7A) ഡിപ്പാർട്ട്മെന്റ് ഫണ്ടുകളോടൊപ്പം തന്നെ ഗ്രാമ പഞ്ചായത്ത് ഫണ്ടിന്റെ വരവ് ചെലവ് വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കണം എന്ന വ്യവസ്ഥ പാലിക്കുന്നില്ല. അതുപോലെ നിർവ്വഹണ ഉദ്യോഗസ്ഥൻ വെറ്റിനറി സർജ്ജൻ ഗ്രാമ പഞ്ചായത്ത് ഫണ്ടിനും , ഡിപ്പാർട്ട് മെന്റ് ഫണ്ടിനും പ്രത്യേകം ക്യാഷ് ബുക്ക് (TR 7A) ഉപയോഗിച്ച് വരുന്നതായും ശ്രദ്ധയിൽ പെടുകയുണ്ടായി. ക്യാഷ് ബുക്ക് സൂക്ഷിക്കുന്നത് സംബന്ധിച്ച് 12.04.2006 ലെ ജി.ഒ (പി) നം.177/2006 ഉത്തരവിൽ പ്രകാരമുള്ള മാർഗ്ഗ നിർദ്ദേശം കർശനമായി പാലിക്കുവാൻ ബന്ധപ്പെട്ട എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകേണ്ടതാണ്.

## 1-40 ഗണിത ലാബ് -ചെലവ് രേഖകൾ ഹാജരാക്കിയില്ല

പ്രൊ.നം 494/2018-19 പ്രകാരം ഗണിത ലാബ് പദ്ധതി പ്രവർത്തനങ്ങൾക്കായി ഗ്രാമ പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും അനുവദിച്ച 50,000/- രൂപ (ചെക്ക് നം.6554084/23/01/2019) വിവിധ സ്കൂളുകൾക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ ചുവടെ ചേർത്ത സ്കൂളുകളിൽ നിന്നുമുള്ള ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ.നം | സ്കൂളിന്റെ പേര് | നല്കിയ തുക |
|---|---|---|
| 1 | GHS ബാനം | 5,000/- |
| 2 | GUPS പനങ്ങാട് | 6,000/- |
| 3 | GLPS അട്ടക്കണ്ടം | 6,000/- |
| 4 | GWLPS നായിക്കയം | 6,000/- |
| 5 | Dr.AGHSS കോടോത്ത് | 5,000/- |
| | ആകെ | 28,000/ |

ചെലവ് രേഖകളുടെ അഭാവത്തിൽ മേൽ പ്രകാരം വിവിധസ്കൂളുകൾക്ക് കൈമാറിയ 28,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-41 എസ്.എസ്.എ വിഹിതം നൽകൽ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |
| പ്രോജക്ട് നം. | 8/2019 എസ് എസ് എ പഞ്ചായത്ത് വിഹിതം നൽകൽ |
| തുക | 15,00,000 രൂപ |
| ബിൽ നം. | 1/2018-19 തീയതി 20.10.2018(വികസന ഫണ്ട്-ജനറൽ) |

സ.ഉ(കൈ)നം.11/2018/തസ്വഭവ, തീയതി 29.01.2018 ഖ.7.6(3),(4) എന്നിവ പ്രകാരം എസ് എസ് എയും തദ്ദേശ സ്വയംഭരണ സ്ഥാപനവും ചേർന്നാണ് അതാത് സ്ഥാപനത്തിന്റെ എസ് എസ് എ പ്രൊജക്ട് തയ്യാറാക്കേണ്ടത്.ഇതനുസരിച്ച് പഞ്ചായത്ത് അധികാരികളും, പഞ്ചായത്തിലെ വിദ്യാഭ്യാസ പ്രവർത്തകരും എസ് എസ് എയും കൂടി ചർച്ച ചെയ്ത് പഞ്ചായത്തിൽ എസ് എസ് എ പ്രൊജക്ടിൻ കീഴിൽ നടപ്പാക്കേണ്ട പദ്ധതികൾ ആവിഷ്കരിച്ച് പഞ്ചായത്തിന്റെ ആവശ്യകതയ്ക്കനുസരിച്ചാണ് പ്രൊജക്ട് തയ്യാറാക്കേണ്ടത്. പഠന നിലവാരം ഉയർത്തുക, വിദ്യാർത്ഥികളുടെ സർഗാത്മകശേഷികൾ വികസിപ്പിക്കുക, പരിശീലനം സംഘടിപ്പിക്കുക തുടങ്ങിയ ഗവേഷണാത്മക പ്രോജക്ടുകൾ എസ്.എസ്.എ, ആർ.എം.എസ്.എ വിദ്യാഭ്യാസവകുപ്പ് എന്നിവയുടെ പരിപാടികളുടെ ആവർത്തനമല്ല എന്ന് ഉറപ്പുവരുത്തിയതിനുശേഷം മാത്രമാണ് തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്നത്. എന്നാൽ ഇത്തരം നടപടികൾ പാലിക്കാതെയാണ് പണം നല്കിയത്. ഹെഡ്മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ 8/2019, എസ് എസ് എ വിഹിതം നല്കൽ എന്ന പദ്ധതിക്കായി പിൻവലിച്ച് എസ്.എസ്.എ അധികൃതർക്ക് കൈമാറിയ 15,00,000/- രൂപ ഏതെല്ലാം സ്കൂളുകൾക്ക്, ഏതെല്ലാം ഇനത്തിൽ ചെലവഴിച്ചു എന്നത് സംബന്ധിച്ച് വിശദമായ വിനിയോഗ വിവരം ഹാജരാക്കിയിട്ടില്ല. ആയത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-42 പ്രത്യേക ഉദ്ദേശ ബാങ്ക് അക്കൗണ്ടുകൾ ക്ലോസ്ചെയ്ത് തുക തനത് ഫണ്ടിൽ നിക്ഷേപിച്ചു.

ഇന്ത്യൻ ഓവർസീസ് ബാങ്ക് ഒടയഞ്ചാൽ ശാഖയിൽ നിലവിലുണ്ടായിരുന്ന സമ്പൂർണ്ണ ശുചിത്വ പദ്ധതി അക്കൗണ്ട് (നം..3491), ഐ.ഡബ്ല്യു.ഡി.പി അക്കൗണ്ട് (നം..4119) എന്നിവയിൽ 31.3.2018 ൽ നീക്കിയിരിപ്പുണ്ടായിരുന്ന തുകകൾ (യഥാക്രമം ₹19,82,805, ₹1,08,385 ) unclaimed amount എന്നപേരിൽ ബാങ്ക് അധികൃതർ ഡെബിറ്റ് ചെയ്യുകയുണ്ടായി. പിന്നീട് ഈ തുകകൾ പലിശ സഹിതം 22.10.2018 ന് പ്രസ്തുത അക്കൗണ്ടുകളിൽ ബാങ്ക് അധികൃതർ തിരികെ നിക്ഷേപിക്കുകയും ചെയ്യുകയുണ്ടായി. പത്ത് വർഷത്തോളമായി ഇടപാടുകൾ നടക്കാത്തതിനാലാണ് തുക unclaimed amount എന്നപേരിൽ ഡെബിറ്റ് ചെയ്തതെന്ന് ബാങ്ക് അധികൃതർ നല്കിയ കത്തിൽ സൂചിപ്പിക്കുകയുണ്ടായി. തുടർന്ന് പ്രസ്തുത അക്കൗണ്ടുകൾ ക്ലോസ്സ് ചെയ്ത് അവയിലെ നീക്കിയിരിപ്പ് തുകകൾ (₹20,17,125 &,1,10,261) ഇതേ ബാങ്കിൽ തന്നെയുള്ള തനത് ഫണ്ട് അക്കൗണ്ടിൽ (A/c.No.3535) 22.10.2018 ന് നിക്ഷേപിക്കുകയുമുണ്ടായി. മേൽ പരാമർശിച്ച രണ്ട് തുകകളും പ്രത്യേക ആവശ്യത്തിനായി ലഭിച്ച തുകകളിൽ ചെലവഴിക്കുവാൻ അവശേഷിക്കുന്ന തുകകളാണ്. വിനിയോഗിക്കുവാൻ സാധിക്കാത്ത തുകകൾ, പദ്ധതിനടത്തിപ്പിനായി ഫണ്ട് ലഭ്യമാക്കിയ ഏജൻസിക്ക് തിരികെ നൽകുകയാണ് ശരിയായ നടപടിക്രമം.പ്രത്യേക അക്കൗണ്ടുകളിൽ നിലനിന്നിരുന്ന പ്രസ്തുത തുകകൾ തനത് ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചതിനാൽ അവ തനത് ഫണ്ടിൽ ലയിപ്പിക്കപ്പെടുവാനുള്ള സാധ്യതയുണ്ട്. ഈ തുകകൾ വിനിയോഗിച്ച് ഇതുമായി ബന്ധപ്പെട്ട മേഖലകളിൽ പദ്ധതികൾ നടപ്പിലാക്കുവാൻ സാധിക്കുമോ എന്ന കാര്യം പരിശോധിക്കേണ്ടതും, പദ്ധതി നടപ്പിലാക്കുവാൻ സാധിക്കുകയില്ലെങ്കിൽ പ്രസ്തുത തുകകളുടെ കൃത്യത പരിശോധിച്ച് തുക ലഭ്യമാക്കിയ ഏജൻസിക്ക് തന്നെ അവ തിരികെ നൽകുവാൻ അടിയന്തിര നടപടികൾ സ്വീകരിച്ച് ഇതു സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

### [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 വരവ്- വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ്

# നിരീക്ഷണങ്ങൾ ഇല്ല

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

### [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 Fume red നിറത്തിലുള്ള സെറാമിക് ടൈലുകൾ സ്ഥാപിക്കുന്നതിന് അധികം നിരക്ക് അനുവദിച്ചു- നഷ്ടം

2018-19 വർഷം നടപ്പിലാക്കിയ ചില പ്രവൃത്തികളിൽ Fume red നിറത്തിലുള്ള സെറാമിക് ടൈലുകൾ സ്ഥാപിക്കുന്നതിന് അധികം നിരക്ക് അനുവദിച്ചതിനാൽ പഞ്ചായത്ത് ഫണ്ടിന് നഷ്ടം സംഭവിച്ചിട്ടുള്ളതായി കാണുന്നു. പ്രവൃത്തികളുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. പ്രോജക്ട് നം 473/19- പഞ്ചായത്ത് ഓഫീസ് കെട്ടിടം പെയിന്റിങ്ങ് (തനതു ഫണ്ട് )

ചെലവ്- 2,05,464

ചെക്ക് നം 7872377/25.09.2018

കൺവീനർ- ലോറൻസ്

ഈ പ്രവൃത്തിയിൽ ഇനം 6 ആയി കോഡ് 11.38 പ്രകാരമുള്ള പ്രവൃത്തി (proviving and laying ceramic glazed floor tiles of size 300x300mm in shades except white, ivory, grey, fume red brown) 50.21 sqm ചെയ്യുകയും കൺവീനർക്ക് sqm ന് 966.47 രൂപ നിരക്കിൽ 48,526.46 രൂപയുടെ മൂല്യം അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

എന്നാൽ യഥാർത്ഥത്തിൽ സ്ഥാപിച്ചിട്ടുള്ളത് fume red നിറത്തിലുള്ള ടൈലുകൾ ആണെന്ന് സൈറ്റ് പരിശോധനയിൽ കാണുന്നു.

fume red നിറത്തിലുള്ള ടൈലുകൾ സ്ഥാപിക്കുന്നതിന് കോഡ് 11.37 പ്രകാരമുള്ള നിരക്കായിരുന്നു അനുവദിക്കേണ്ടിയിരുന്നത്. ഡി.എസ്.ആർ 2016, 7.5% OH, 38.24% കോസ്റ്റ് ഇൻഡക്സ് എന്നിവ കണക്കാക്കി കോഡ് 11.37 പ്രകാരമുള്ള പ്രവൃത്തിക്ക് sqm ന് 889.53 രൂപ മാത്രമാണ് അനുവദനീയം.

ആയതിനാൽ ഈയിനത്തിൽ അനുവദിച്ചിട്ടുള്ള അധിക മൂല്യം ചുവടെ കണക്കാക്കുന്നു.

അനുവദിച്ച തുക- 50.21 sqm @ 966.47/sqm= 48,526.46

അനുവദനീയമായ തുക- 50.21 sqm @ 889.53/sqm=44,663.30

അധികം- 3,863 രൂപ

അധികം തുക പ്രവൃത്തിക്ക് മേൽനോട്ടം വഹിച്ച അസിസ്റ്റന്റ് എഞ്ചിനീയർ, അളവുകൾ ചെക്ക് മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും ഈടാക്കേണ്ടതാണ്.

2. പ്രോജക്ട് നം 375/19-ജി.യു.പി.എസ് പറക്കളായി അറ്റകുറ്റപ്പണി

ഫണ്ട്- റോഡിതര മെയിന്റനൻസ് ഫണ്ട്- 2.5 ലക്ഷം

ചെലവ്- 2,39,605

ബിൽ നം 80/27.09.2018, തുക- 2,39,605

കൺവീനർ- ശ്രീ.മോഹനൻ.പി.പി (ഹെഡ് മാസ്റ്റർ)

ഈ പ്രവൃത്തിയിൽ ഇനം 9 ആയി കോഡ് 11.38 പ്രകാരമുള്ള പ്രവൃത്തി (proviving and laying ceramic glazed floor tiles of size 300x300mm in shades except white, ivory, grey, fume red brown) 145.10 sqm ചെയ്യുകയും കൺവീനർക്ക് sqm ന് 966.47 രൂപ നിരക്കിൽ 1,40,234.79 രൂപയുടെ മൂല്യം അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

എന്നാൽ യഥാർത്ഥത്തിൽ സ്ഥാപിച്ചിട്ടുള്ളത് fume red നിറത്തിലുള്ള ടൈലുകൾ ആണെന്ന് ഫയലിൽ ഉൾക്കൊള്ളിച്ചിട്ടുള്ള ഫോട്ടോയിൽ കാണുന്നു.

fume red നിറത്തിലുള്ള ടൈലുകൾ സ്ഥാപിക്കുന്നതിന് കോഡ് 11.37 പ്രകാരമുള്ള നിരക്കായിരുന്നു അനുവദിക്കേണ്ടിയിരുന്നത്. ഡി.എസ്.ആർ 2016, 7.5% OH, 38.24% കോസ്റ്റ് ഇൻഡക്സ് എന്നിവ കണക്കാക്കി കോഡ് 11.37 പ്രകാരമുള്ള പ്രവൃത്തിക്ക് sqm ന് 889.53 രൂപ മാത്രമാണ് അനുവദനീയം.

ആയതിനാൽ ഈയിനത്തിൽ അനുവദിച്ചിട്ടുള്ള അധിക മൂല്യം ചുവടെ കണക്കാക്കുന്നു.

അനുവദിച്ച തുക- 145.10 sqm @ 966.47/sqm= 1,40,234.79

അനുവദനീയമായ തുക- 145.10 sqm @ 889.53/sqm= 1,29,070.80

അധികം- 11,163.98 രൂപ

അധികം തുക പ്രവൃത്തിക്ക് മേൽനോട്ടം വഹിച്ച അസിസ്റ്റന്റ് എഞ്ചിനീയർ, അളവുകൾ ചെക്ക് മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും ഈടാക്കേണ്ടതാണ്.

# 3-2 റോഡ് ടാറിംഗ് പ്രവൃത്തി- അധിക ഇനമായി ഉൾപ്പെടുത്തിയ പ്രവൃത്തിക്ക് അനുവദിച്ച നിരക്ക് അധികം- നഷ്ടം

പ്രോജക്ട് നം 361/19- തെരങ്കല്ല് കയ്യുള്ളമൂല റോഡ് ടാറിംഗ്

റോഡ് മെയിന്റനൻസ് ഫണ്ട്- 4 ലക്ഷം

ആകെ പ്രവൃത്തി മൂല്യം- 3,93,897 രൂപ

ചെലവ്- 3,93,897 രൂപ

ബിൽ നം 83/25.10.2019

കരാറുകാരൻ- കൊട്ടൻ.കെ (ക്വട്ടേഷൻ- എസ്റ്റി.നിരക്ക്)

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരുക്കുന്നത് MoRD ഡാറ്റയും 2016 ലെ നിരക്കുകളും 40.2 % കോസ്റ്റ് ഇൻഡക്സും അടിസ്ഥാനമാക്കിയാണ്. (എസ്റ്റിമേറ്റ് നം 2017/85210). തുടർന്ന് ഈ എസ്റ്റിമേറ്റ് പുതുക്കുകയും 2 അധിക ഇനങ്ങൾ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇതിൽ അധിക ഇനം നം 1 ആയി ഉൾപ്പെടുത്തിയിരിക്കുന്നത് കോഡ് 3.5.1- Excavation in cutiing in soil by manual means with lead upto 50 meter (spec. 302.3 ) 76cum @ 437.47/cum= 33,335 എന്ന ഇനമാണ്. എം ബുക്ക് നം. 514/17-18 ലെ പേജ് 12 പ്രകാരം ഈയിനത്തിന് ചുവടെ ചേർത്ത മൂല്യ നിർണയം നടത്തിയിട്ടുണ്ട്.

76.20 cum @ 437.47/cum= 33,335

എന്നാൽ MoRD ഡാറ്റയിൽ കോഡ് 3.5.1 പ്രകാരമുള്ള പ്രവൃത്തിക്ക് 2016 ലെ നിരക്കുകളും 40.2% കോസ്റ്റ് ഇൻഡക്സും ഉൾപ്പെടെ അനുവദനീയമായ നിരക്ക് ചുവടെ കണക്കാക്കുന്നു.

3.5.1- Excavation in cutiing in soil by manual means with lead upto 50 meter (spec. 302.3 )

| MoRD sor code | Ref. To MoRD spec | Description | Unit | Quantity | Rate | Cost |
|---|---|---|---|---|---|---|
| | 302 | For 120 cum | | | | |
| | | Mate | Day | 1.8 | 407 | 732.60 |
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| | | Mazdoor (unskilled) | Day | 45 | 368 | 16,560 |
| | | | | | total | 17292.60 |
| | | | | | Cost of 1 cum | 144.10 |
| | | | | | CPOH 20% | 28.82 |
| | | | | | Total | 172.92 |
| | | | | | Cost index 40.2% | 69.51 |
| | | | | | Total | 242.43 |
| | | | | | | 242.43/cum |

അനുവദിച്ച നിരക്ക്- 437.47/cum

അനുവദിച്ച മൂല്യം- 76.20 cum x 437.47/cum= 33,335.21

അനുവദനീയമായ നിരക്ക്- 242.43/cum

അനുവദനീയമായ മൂല്യം- 76.20 cum x 242.43/cum= 18,473.16

അധികം അനുവദിച്ച മൂല്യം- 14,862 രൂപ

അധികം അനുവദിച്ച തുക പ്രവൃത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ, റിവൈസ്ഡ് എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്യിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ചതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന്റെ ഭാഗമായി കണക്കുകൾ പരിശോധിച്ച തീയ്യതി | സർട്ടിഫിക്കറ്റ് നമ്പർ/തീയ്യതി |
|---|---|---|
| 2018-19 | 26-06-2019 മുതൽ 27-06-2019 വരെ | കെ.എസ്.എ-കെ.എസ്.ഡി3/788/2019, തീയ്യതി.07-08-2019. |

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 340000 | 26 – നെൽകൃഷി വികസനം | 340000 | 0 |
| | 2018-19 | 323000 | 81 – പച്ചക്കറി വികസനം | 323000 | 0 |
| | 2018-19 | 15000 | 501- സമ്പൂർണ എലിനശീകരണ യത്നം | 15000 | 0 |
| | 2018-19 | 50000 | 509- വിഷു പച്ചക്കറി | 50000 | 0 |
| | 2018-19 | 940443 | 464- ലൈഫ് ഭവന പദ്ധതി ജനറൽ | 940443 | 0 |

| | | | | | |
|---|---|---|---|---|---|
| | | | - ബേളൂർ സർക്കിൾ | | |
| | 2018-19 | 100000 | 464- ലൈഫ് ഭവന പദ്ധതി എസ് ടി - ബേളൂർ സർക്കിൾ | 100000 | 0 |
| | 2018-19 | 250000 | 53- ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 250000 | 0 |
| | 2018-19 | 900000 | 448- ലൈഫ് ഭവന പദ്ധതി ജനറൽ - തായന്നൂർ സർക്കിൾ | 900000 | 0 |
| | 2018-19 | 733689 | 450- ലൈഫ് ഭവന പദ്ധതി എസ് ടി - ബേളൂർ സർക്കിൾ | 720000 | 13689 |
| | 2018-19 | 300000 | 168- കുഞ്ഞികൊച്ചി ശ്മശാനം | 0 | 300000 |
| | 2018-19 | 376020 | 75- പാലിന് സബ്സിഡി | 376020 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 255000 | 26 – നെൽകൃഷി വികസനം | 255000 | 0 |
| | 2018-19 | 500000 | 86- ജലജീവനം - കിണർ റീചാർജ്ജിംഗ് | 0 | 500000 |
| | 2018-19 | 200000 | 79- സ്വാന്തന പരിചരണം | 200000 | 0 |
| | 2018-19 | 1197140 | 464- ലൈഫ് ഭവന പദ്ധതി ജനറൽ - ബേളൂർ സർക്കിൾ | 1197140 | 0 |
| | 2018-19 | 100000 | 464- ലൈഫ് ഭവന പദ്ധതി എസ് ടി - ബേളൂർ സർക്കിൾ | 100000 | 0 |
| | 2018-19 | 50000 | 53- ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 50000 | 0 |
| | 2018-19 | 500000 | 448- ലൈഫ് ഭവന പദ്ധതി ജനറൽ - തായന്നൂർ സർക്കിൾ | 500000 | 0 |
| | 2018-19 | 100000 | 450- ലൈഫ് ഭവന പദ്ധതി എസ് ടി - ബേളൂർ സർക്കിൾ | 100000 | 0 |
| | 2018-19 | 1000000 | 75- പാലിന് സബ്സിഡി | 1000000 | 0 |

# 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ എജൻസി | പ്രൊജക്ടിന്റെ പേര് | വൗച്ചർ നം /ബിൽ .നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കുവാൻ അവശേഷി ക്കുന്ന തുക |
|---|---|---|---|---|---|
| കെ. എസ്.ഇ.ബി | സ്ട്രീറ്റ് ലൈറ്റ് ലൈൻ ദീർഘിപ്പിക്കൽ<br>പ്രൊ.നം 252/2018-19 | ബിൽ.നം 32/ തി. 5.1.2019 | 800000/- | - | 800000/- |
| | | ബിൽ.നം 39/ തി.16.3.2019 | 900000/- | - | 900000/- |
| | | ബിൽ.നം 04/ തി. 19.5.2018 | 1198475/- | - | 1198475/- |
| കെ. എസ്.ഇ.ബി | ഉുങ്ങൽ എസ്.ടി കോളനി പോസ്റ്റ് മാറ്റൽ<br>പ്രൊ.നം 490/2018-19 | വൗ.നം 21800931/ തി. 24.01.19 | 39897/- | | 39897/- |
| കെ. എസ്.ഇ.ബി | ഒടയഞ്ചാൽ ബസ് സ്റ്റാന്റ് കം ഷോപ്പിങ്ങ് | വൗ.നം | 361928 | | 361928 |

| | | | | | |
|---|---|---|---|---|---|
| | കോംപ്ലക്സ് നിർമ്മാണം -വൈദ്യുത ലൈൻ മാറ്റി സ്ഥാപിക്കൽ<br>പ്രൊ.നം 515/2018-19 | 21800932/ തി. 24.01.2019 | | | |
| കെ. എസ്.ഇ.ബി | വിവിധ സ്ഥാപനങ്ങൾക്ക് വൈദ്യുത കണക്ഷൻ<br>പ്രൊ.നം 259/2018-19 | ബിൽ.നം 20/ തി. 01.09.18 | 22666/- | - | 22666/- |
| | | ബിൽ.നം 38/ തി. 16.03.19 | 27422/- | - | 27422/- |
| | | ബിൽ.നം 29/ തി. 29.11.18 | 23457/- | - | 23457/- |
| | | ബിൽ.നം 31/ തി. 9.1.19 | 7108/- | - | 7108/- |
| | | ബിൽ.നം 5/ തി. 19.5.18 | 51460/- | - | 51460/- |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി കരാറുകാർക്ക് 1,62,61,893/- രൂപ നൽകിയിട്ടുണ്ട്. വർഷാവസാനത്തിൽ പ്രവൃത്തി പൂർത്തിയാക്കി ഫൈനൽബില്ല് നൽകാത്തതിന്റെ വിവരം താഴെ കാണിക്കുന്നു.

| ക്രമ നം | കൺവീനറുടെ പേര് | പ്രവൃത്തിയുടെ പേര് | ബിൽ/ വൗച്ചർ നം/ ചെക്ക് നം | തുക | അഡ്ജസ്റ്റ് ചെയ്തത് | ബാക്കി |
|---|---|---|---|---|---|---|
| 1 | ഉദയപുരം ലേബർ കോൺട്രാക്ട് സഹകരണ സംഘം, | പ്രോജക്ട് നം 98/19- കലയന്തടം കായക്കുന്ന് റോഡ് ടാറിംഗ് | 94/ 29.12.2018- | 1,49,660 | 0 | 1,49,660 |
| 2 | ഉദയപുരം ലേബർ കോൺട്രാക്ട് സഹകരണ സംഘം, | പ്രോജക്ട് നം 168/19- കുഞ്ഞികൊച്ചി ശ്മശാനം | 99/ 29.12.2018- | 1,24,711 | 0 | 1,24,711 |
| 3 | ഉദയപുരം ലേബർ കോൺട്രാക്ട് സഹകരണ സംഘം, | പ്രോജക്ട് നം 223/19- പി.എച്ച്.സി അടിസ്ഥാന സൗകര്യ വികസനം | 107/ 29.12.2018- | 1,24,710 | 0 | 1,24,710 |
| 4 | ഉദയപുരം ലേബർ കോൺട്രാക്ട് സഹകരണ സംഘം, | പ്രോജക്ട് നം 359/19- പുളിക്കാൽ മാണിയൂർ റോഡ് ടാറിങ്ങ് | 68/ 29.8.2018- | 1,25,000 | 0 | 1,25,000 |
| 5 | ഉദയപുരം ലേബർ കോൺട്രാക്ട് സഹകരണ സംഘം, | പ്രോജക്ട് നം 362/19- പാലക്കാൽ ആലടുക്കം റോഡ് ടാറിങ്ങ് | 56/ 29.8.2018- | 1,25,000 | 0 | 1,25,000 |

| | | | | | | |
|---|---|---|---|---|---|---|
| 6 | ഉദയപുരം ലേബർ കോൺട്രാക്ട് സഹകരണ സംഘം, | പ്രോജക്ട് നം 386/19- ളുങ്ങൽ മിച്ചഭൂമി കോളനി ഫുട്പാത്ത് കോൺക്രീറ്റ് | 64/ 29.8.2018- | 1,40,000 | 0 | 1,40,000 |
| | | | | | | |
| 7 | ഉദയപുരം ലേബർ കോൺട്രാക്ട് സഹകരണ സംഘം, | പ്രോജക്ട് നം 492/19- കുറ്റിയടുക്കം കമ്മ്യൂണിറ്റി ഹാൾ റിപ്പയർ | 92/ 28.12.2018- | 74,625 | 0 | 74,625 |
| 8 | ഉദയപുരം ലേബർ കോൺട്രാക്ട് സഹകരണ സംഘം, | പ്രോജക്ട് നം 493/19- ളുങ്ങൽ അങ്കണവാടി ഷീറ്റിടൽ | 106/ 29.12.2018- | 37,500 | 0 | 37,500 |
| 9 | ഉദയപുരം ലേബർ കോൺട്രാക്ട് സഹകരണ സംഘം, | പ്രോജക്ട് നം 175/19- പാറക്കല്ല് അങ്കണവാടി കെട്ടിടം | തനതു ഫണ്ട് | 1,00,000 | 0 | 1,00,000 |
| 10 | ഉദയപുരം ലേബർ കോൺട്രാക്ട് സഹകരണ സംഘം, | പ്രോജക്ട് നം 221/19- പാറക്കടവ് കമ്മ്യൂണിറ്റി ഹാൾ വിപുലീകരണം | തനതു ഫണ്ട് | 87062 | 0 | 87062 |
| 11 | ഉദയപുരം ലേബർ കോൺട്രാക്ട് സഹകരണ സംഘം, | പ്രോജക്ട് നം 499/19- എം.എൻ.ആർ. ജി.എ ഓഫീസ് റിപ്പയർ | തനതു ഫണ്ട് | 74,625 | 0 | 74,625 |
| 12 | ഉദയപുരം ലേബർ കോൺട്രാക്ട് സഹകരണസംഘം, | പ്രോജക്ട് നം 500/19- പഞ്ചായത്ത് മീറ്റിംഗ് ഹാൾ റിപ്പയർ | തനതു ഫണ്ട് | 99,000 | 0 | 99,000 |
| 13 | ഉദയപുരം ലേബർ കോൺട്രാക്ട് സഹകരണ സംഘം, | ഒടയഞ്ചാൽ ബസ്റ്റാന്റ് കം ഷോപ്പിങ്ങ് കോംപ്ലക്സ് നിർമ്മാണം | 110/ 29.12.2018 | 28,00,000 | 0 | 28,00,000 |
| | | | 109/ 29.12.2018- | 50,00,000 | 0 | 50,00,000 |
| | | | ചെക്ക് നം. 8485519/ 10.01.2019 | 72,00,000 | 0 | 72,00,000 |
| | | | ആകെ | 1,62,61,893 | | 1,62,61,893 |

# 4-5 വായ്പ/വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ ലഭിച്ചതിന്റെയും , തിരിച്ചടച്ചതിന്റെയും, വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാ സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | ജി.ഒ (MS) നം 68/2018 തസ്വഭവ. തി.18-5-2018 | 17276318 | 0 | | 0 | 17276318 |

| | &ജി.ഒ (MS) നം 111/2018 തസ്വഭവ. തി.13-8-2018 | | | | | |
|---|---|---|---|---|---|---|

## 4-6 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 10,688/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2012-13<br>2013-14 | 2(1) | 2400 | ഭാരത് പെട്രോളിയം ഒടയംചാൽ | 118030-106114 dtd.22/02/19 |
| 2014-15 | 2(1) | 2400 | ഭാരത് പെട്രോളിയം ഒടയംചാൽ | 118030-106115 dtd.22/2/19 |
| 2014-15 | 2(2) | 2500 | ഭാരത് പെട്രോളിയം ഒടയംചാൽ | 118030-106116 dtd.22/2/19 |
| 2014-15 | 2(2) | 1250 | പൂതങ്ങാനം സർവ്വീസ് സഹകരണ ബാങ്ക് | 118030-104733 dtd.29/11/18 |
| 2014-15 | 2(3) | 938 | കുഞ്ഞിക്കണ്ണൻ സെക്രട്ടറി(Rtd) | VR.No.21800758 dtd.22/11/18 |
| 2014-15 | 2(3) | 1200 | മാത്യു പി ആന്റണി | 118030-105642 dtd.05/02/19 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട പരാമർശങ്ങൾ

ഗ്രാമ പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1990-91 to 1992-93 | 7(എഫ്)2 | 2000-01 | VI-120 | രസീതി പിരിവ് പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടില്ല. | തടസ്സം തുടരുന്നു. |
| 2014-15 | 2.7 | 2016-17 | അധ്യായം 1<br>അനുബന്ധം3 | വസ്തു നികുതി | തുടരുന്നു. ഗ്രാമ പഞ്ചായത്ത് ഭരണ വകുപ്പിന് മറുപടി നൽകി |
| 2014-15 | 2-1 to 2-6 | 2016-17 | അധ്യായം 1<br>അനുബന്ധം4 | തൊഴിൽ നികുതി | തുടരുന്നു. ഗ്രാമ പഞ്ചായത്ത് ഭരണ വകുപ്പിന് മറുപടി നൽകി |
| 2015-16 | 2.2 | 2016-17 | അധ്യായം 1<br>അനുബന്ധം.5 | തൊഴിൽ നികുതി | തുടരുന്നു. ഗ്രാമ പഞ്ചായത്ത് ഭരണ വകുപ്പിന് മറുപടി നൽകി |

## 4-9 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

**(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക**

ഇല്ല

**(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക**

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 17,35,66,233/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 15,27,53,093/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 29,889/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 65,66,032/- |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ (രൂപ) | സർചാർജ് ചെയ്യാവുന്നവ (രൂപ) | |
| 3-1 | - | ₹7,513/- | ശ്രീമതി.സുമിഷ.കെ, അസിസ്റ്റന്റ് എഞ്ചിനിയർ |
| | | ₹7,514/- | ശ്രീ.കെ.എം.കുഞ്ഞുമോൻ അസി.എക്സിക്യൂട്ടിവ് എഞ്ചിനീയർ |
| 3-2 | - | ₹7,431 / | ശ്രീമതി.സുമിഷ.കെ, അസിസ്റ്റന്റ് എഞ്ചിനിയർ |
| | | ₹7,431 / | ശ്രീ.കെ.എം.കുഞ്ഞുമോൻ അസി.എക്സിക്യൂട്ടിവ് എഞ്ചിനീയർ |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 1-16 | 28,98,475/- | എം.കെ.രാധാകൃഷ്ണൻ, സെക്രട്ടറി |
| 1-17 | 39,897/- | -ടി- |
| 1-18 | 3,61,928/- | -ടി- |
| 1-19 | 1,32,113 | -ടി- |
| 1-20 | 3,35,275/- | -ടി- |
| 1-21 | 3,36,613/- | -ടി- |
| 1-22 | 10,39,506/- | -ടി- |
| 1-23 | 6,619/- | -ടി- |
| 1-24 | 5,00,000/- | -ടി- |
| 1-25 | 2,00,000/- | -ടി- |
| 1-26 | 2,00,000/- | -ടി- |
| 1-34 | 20,000/- | വിനോദിനി.എ, കൃഷി ഓഫീസർ |
| | 60,000/- | ഹരിത.കെ.വി, കൃഷി ഓഫീസർ |
| | 2,00,000/- | കെ.എൻ.ജ്യോതി കുമാരി കൃഷി ഓഫീസർ |
| 1-35 | 27,680/- | വിനോദിനി.എ, കൃഷി ഓഫീസർ |
| 1-36 | 1,64,926/- | കെ.എൻ.ജ്യോതി കുമാരി കൃഷി ഓഫീസർ |
| 1-38 | 15,000/- | ഹരിത.കെ.വി, കൃഷി ഓഫീസർ |
| 1-40 | 28,000/- | ഇ.കെ.രവീന്ദ്രൻ നായർ,ഹെഡ്മാസ്റ്റർ |
| ആകെ | 65,66,032/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖ.1-33, ₹ 1,13,901/- ആദായനികുതി

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.സുമിഷ.കെ, അസിസ്റ്റന്റ് എഞ്ചിനിയർ | അസിസ്റ്റന്റ് എഞ്ചിനിയർ, കുറ്റിക്കോൽ ഗ്രാമ പഞ്ചായത്ത്. | ശ്രീദേവ്, മൊയോലം, പെരിയ പി.ഒ, കാസറഗോഡ് ജില്ല |
| ശ്രീ.കെ.എം.കുഞ്ഞുമോൻ അസി.എക്സിക്യൂട്ടിവ് എഞ്ചിനീയർ | വിരമിച്ചു | അജന്ത, കറുകയിൽ, തത്തംപള്ളി-പി.ഒ, ആലപ്പുഴ ജില്ല, പിൻ- 680013 |

# 4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന |
|---|---|---|
| | | |

| | | ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1990-91 to 1992-93 | കെ.എസ്.എ കെ.എസ്.ഡി10/1132/18(5) തി.12.6.2019 | 5 |
| 1996-97 (Exp) | കെ.എസ്.എ കെ.എസ്.ഡി10/1132/18(7) തി.12.6.2019 | 3 |
| 1997-98 | കെ.എസ്.എ കെ.എസ്.ഡി10/1132/18(9) തി.12.6.2019 | 18 |
| 1998-99 | കെ.എസ്.എ കെ.എസ്.ഡി10/1132/18(10) തി.12.6.2019 | 7 |
| 1999-00 | കെ.എസ്.എ കെ.എസ്.ഡി10/1132/18(11) തി.12.6.2019 | 5 |
| 2000-01 | നം.LF/KSD. -3/127/09. തി: 19-12-09 | 10 |
| 2001-02 | നം.LF/KSD. 3/115/09. തി: 05-11-09 | 20 |
| 2002-03 | നം.LF/KSD.3: 323/10, തി: 18-12-10 | 4 |
| 2003-04 | നം.LF/KSD.3/323(എ)/10. തി: 18-12-10 | 4 |
| 2004-05 | നം.LF/KSD.3/311/10. തി: 18-12-10 | 7 |
| 2005-06 | നം.LF/KSD.6/ 139/11. തി: 07-12-11 | 21 |
| 2006-07 | നം.LF/KSD.6/140/11. തി:28-12-11 | 20 |
| 2007-08 | നം.LF/KSD.3/ 941/11. തി:14-02-12 | 15 |
| 2008-09to 2009-10 | നം.LF/KSD.2/283/13. തി:12.06.13 | 33 |
| 2010-11to-2011-12 | നം.LF/KSD.9/205/14. തി: 05-12-14 | 31 |
| 2012-13, to 2013-14 | നം.LF/KSD.7/263/15. തി: 13-08-15 | 26 |
| 2014-15 | നം.KSA/KSD.10/167/2016 തി. 15.02.2016 | 32 |
| 2015-16 | നം.KSA/KSD.10/1259/2016 തിയ്യതി. 20.12.2016 | 24 |
| 2016-17 | നം.KSA/KSD.10/1217/2017 തിയ്യതി. 18.09.2017 | 12 |
| 2017-18 | നം.KSA/KSD.10/1395/2018 തിയ്യതി. 18.12.2018 | 25 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

# <u>അനുബന്ധം-1</u> <u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

നം: കെ.എസ്.എ/കെ.എസ്.ഡി.10/115/2020.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ് - 671123.

ഇ-മെയിൽ : doksd.ksad@kerala.gov.in

ഫോൺ : 0499 4256690.

തീയ്യതി: 05-02-2020.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്-4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(6) 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64എന്നിവ അനുസരിച്ചും പഞ്ചായത്ത്/ നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ.) 1413/2018/ ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കോടോം ബേളൂർ ഗ്രാമ പഞ്ചായത്തിന്റെ 2018-2019 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിലെ ഖണ്ഡിക 1(11) ൽ ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-2019 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

# അനുബന്ധം -2 റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

| Kodom-Belur Grama Panchayat<br>RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 17710762.00 |
| Cash | Cash | RP-40(a) | 58761.00 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 1142880.00 |
| 140000000 | Fees & User Charges | RP-4 | 1185755.00 |
| 150000000 | Sale & Hire Charges | RP-5 | 240235.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 93739674.00 |
| 171000000 | Interest Earned | RP-9 | 487991.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 18392841.00 |
| 350000000 | Other Liabilities | RP-36 | 1013357.00 |
| | **Non Operating** | | |
| 180000000 | Other Income | RP-10 | 10061.00 |
| 330000000 | Secured Loans | RP-32 | 17276318.00 |
| 340000000 | Deposits Received | RP-34 | 3000.00 |
| 350000000 | Other Liabilities | RP-36 | 304757.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 37442583.00 |
| 440000000 | Pre-paid Expenses | RP-45 | 160000.00 |
| 460000000 | Loans, Advances and Deposits | RP-47 | 2166781.00 |
| | **Grand total** | | **191335756.00** |
| | **PAYMENTS** | | |
| | **Operating** | | |
| 210000000 | Establishment Expenses | RP-11 | 3318584.00 |
| 220000000 | Administrative Expenses | RP-12 | 1287386.00 |
| 230000000 | Operations & Maintenance | RP-13 | 1419133.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 8294963.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 36515398.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 12468869.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 1279637.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 553400.00 |
| 255000000 | Maintenance Projects | RP-20 | 20362269.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 17400.00 |
| 280000000 | Prior Period item | RP-26 | -7773.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 462409.00 |
| 350000000 | Other Liabilities | RP-36 | 5002951.00 |
| | **Non Operating** | | |
| 240000000 | Interest & Finance Charges | RP-14 | 20091.00 |
| 280000000 | Prior Period Item | RP-26 | -198656.00 |
| 340000000 | Deposits Received | RP-34 | 49835.00 |
| 350000000 | Other Liabilities | RP-36 | 2028059.00 |
| 410000000 | Fixed Assets | RP-38 | 14039276.00 |
| 412000000 | Capital work in Progress | RP-40 | 21955415.00 |

| | | | |
|---|---|---|---|
| 440000000 | Pre-paid Expenses | RP-45 | 17394517.00 |
| 460000000 | Loans, Advances and Deposits | RP-47 | 6489930.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 38461243.00 |
| Cash | Cash | RP-40(b) | 121420.00 |
| | **Grand Total** | | **191335756.00** |

# അനുബന്ധം -3 ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

| Kodom-Belur Grama Panchayat<br>INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 5748130.00 |
| 140000000 | Fee & User Charges | I-4(b) | 1377355.00 |
| 150000000 | Sale & Hire Charges | I-5(b) | 240235.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 213352784.00 |
| 171000000 | Interest Earned | I-8 | 487991.00 |
| 180000000 | Other Income | I-9 | 10999.00 |
| | **Total Income** | | **221217494.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10(b) | 9829228.00 |
| 220000000 | Administrative Expenses | I-11(b) | 1463394.00 |
| 230000000 | Operations & Maintenance | I-12(b) | 1424133.00 |
| 240000000 | Interest & Finance Charges | I-13 | 20091.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 8365213.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 112177895.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 12468869.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 1279637.00 |
| 254000000 | Expenditures of Transfered Institutions and State Sponsored | I-14(d) | 63270408.00 |

| | | | |
|---|---|---|---|
| | Schemes (not included under Decentralized Plan Programme) | | |
| 255000000 | Maintenance Projects | I-14(e) | 20362269.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 17400.00 |
| 272000000 | Depreciation | I-17(a) | 14283237.00 |
| | **Total Expenditure** | | **244961774.00** |
| | **Gross Surplus/ Deficit of income over Expenditure** | | **-23744280.00** |
| 280000000 | Prior Period Item | I-18 | 1023406.00 |
| | **Gross Surplus/Deficit of Income over Expenditure after prior period items.** | | **-24767686.00** |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

# അനുബന്ധം -4 ബാലൻസ് ഷീറ്റ്

| Kodom-Belur Grama Panchayat BALANCE SHEET | | | |
|---|---|---|---|
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | -6189115.70 |
| 312000000 | Reserves | B-3 | 123677212.00 |
| | **Total Reserve & Surplus** | | **117488096.30** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 22770756.00 |
| | **Total Grants, Contributions for Specific Purposes** | | **22770756.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 17276318.00 |
| | **Total Loans** | | **17276318.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 286383.00 |
| 350000000 | Other Liabilities | B-9 | 3950090.70 |
| | **Total Current Liabilities and Provisions** | | **4236473.70** |
| | TOTAL LIABILITIES | | **161771644.00** |
| | ASSETS | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 160329335.00 |
| 411000000 | Accumulated Depreciation | B-11 | -73348589.00 |
| 412000000 | Capital Work in Progress | B-11(a) | 15517151.00 |
| | **Total Fixed Assets** | | **102497897.00** |
| | **Investments** | | |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 1625651.00 |
| 440000000 | Pre-paid Expenses | B-16 | 17234517.00 |
| 450000000 | Cash and Bank Balance | B-17 | 38582663.00 |
| 460000000 | Loans, Advances and Deposits | B-18 | 1830916.00 |
| | | | |

| | | | |
|---|---|---|---|
| | **Total Current Assets, Loans and Advances** | | **59273747.00** |
| | **Other Assets** | | |
| 470000000 | Other Assets | B-19 | 0.0 |

| | |
|---|---|
| **Total Other Assets** | **0.0** |
| **Miscellaneous Expenditure (To the Extent not written off)** | |
| TOTAL ASSETS | **161771644.00** |